# കാഹളങ്ങളുടെ ഉത്സവം

നമുക്ക് നമ്മുടെ തലകളെ വണക്കാം. കർത്താവെ, അങ്ങയുടെ പ്രിയ ശിഷ്യന്മാർ, ഒരിക്കൽ “ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമെ,” എന്നു ചോദിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങൾ സ്വർഗ്ഗത്തിലെ മഹാനായ ദൈവത്തിന്റെ കാഴ്ചയിലേയ്ക്ക് വരുമ്പോൾ, ഞങ്ങൾ എത്രമാത്രം അപര്യാപ്തരെന്നു തിരിച്ചറിയുന്നു. ആകയാൽ അങ്ങയുടെ ദാസന്മാർക്കും അങ്ങയുടെ രാജ്യത്തിനും പ്രയോജനപ്രദമാകുവാനുള്ള കാര്യങ്ങൾക്കായി എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന്, ഇപ്പോൾ ഞങ്ങളുടെ ഹൃദയത്തിൽ, പഠിപ്പിക്കേണമെ കർത്താവെ. ഇവിടെയുള്ള ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ അങ്ങറിയുന്നു.

2 ഇന്നു രാവിലെ, ഇവിടെയുള്ള ഈ മേശമേൽ, തുവാലകളും മേൽവസ്ത്രങ്ങളും, ചെറിയ പൊതികളും, ശാരീരികമായ സഹായത്തിനോ, ഭവന സംബന്ധമായ കാര്യങ്ങൾക്കായോ, അതുമല്ല മറ്റെന്തെനെങ്കിലും വേണ്ടിയുള്ളതാകാം, ആവശ്യക്കാരാൽ വെയ്ക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ അങ്ങ് മാത്രം ദൈവം, ഏക ദൈവം, ഏകനും വാസ്തവമായ ദൈവമാകുന്നു. അങ്ങയുടെ പ്രിയ പുത്രനായ, യേശുവിന്റെ നാമത്തിൽ, അങ്ങ് ഇവരെ ഓരോരുത്തരേയും സൗഖ്യപ്പെടുത്തണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. ഇവിടെ തുവാലയോ, അന്യഥാ ഒരു പൊതിയോ ഇല്ലാതെ, സൗഖ്യം ആവശ്യമായിരിക്കുന്ന ചിലർ ഇവിടെയും ഉണ്ടായെന്നും വരാം.

3 രാജ്യത്തിൽ എല്ലായിടത്തു നിന്നും, ലോകത്തിൽ എല്ലായിടത്തു നിന്നും, അവരുടെ ആലയങ്ങളിലോ വീടുകളിലോ ഈ ടേപ്പുകൾ ചെന്നെത്തുമ്പോൾ അവിടെയും ചിലർ ഉണ്ടായെന്നിരിക്കാം. ഈ സർവ്വീസ് നടന്നു കൊണ്ടിരിക്കുമ്പോഴും...ടേപ്പ് കേട്ടുകൊണ്ടിരിക്കുന്ന അവസരത്തോ, അത് ഏതു അവസ്ഥയിലോ അതുല്ല സ്ഥിതിയിലോ ആയിരുന്നാലും, ഇന്നു രാവിലത്തെ ഞങ്ങളുടെ ഹൃദയത്തിലെ ഈ ആത്മാർത്ഥതയെ സ്വർഗ്ഗത്തിലെ ശ്രേഷ്ഠനായ ദൈവം ബഹുമാനിക്കണമെന്നും, ആവശ്യക്കാരനെ സൗഖ്യമാക്കി, അവർക്ക് ആവശ്യമുള്ളത് നൽകണമെന്ന് കർത്താവെ, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4 നടക്കാനിരിക്കുന്ന യോഗത്തിനായി ഇപ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമെ. ദൈവ രാജ്യത്തിന്റെ മഹത്വത്തിനായി,

ഇതിനു മുമ്പൊരിക്കലും സംസാരിച്ചിട്ടില്ലാത്ത വിധം, ഞങ്ങളിലൂടെ സംസാരിക്കേണമെ. അങ്ങയുടെ ഉത്തരത്തിനായി, യേശുവിന്റെ നാമത്തിൽ, ഞങ്ങൾ കാത്തിരിക്കുന്നു. ആമേൻ.

5 ഇതിനു നിങ്ങൾ എന്നെ സഹായിക്കുമോ? [ബ്രദർ ബ്രൺഹാം പുൾപ്പിറ്റിൽ നിന്നും സാധനങ്ങളെ എടുത്തു മാറ്റുന്നു—Ed.]

6 ഇന്നു പ്രഭാതത്തിൽ ഇവിടെ ആലയത്തിൽ വീണ്ടും ആയിരിക്കുന്നതിൽ നന്നായിരിക്കുന്നു. ചില മാസങ്ങൾക്കു മുമ്പ് രക്താർബുദത്താൽ മരിച്ചുകൊണ്ടിരുന്ന, ഒരു ചെറിയ പെൺകുട്ടിയെ ഇവിടെ കൊണ്ടുവന്ന, ഓഹിയോയിൽ നിന്നുമുള്ള ചില സുഹൃത്തുക്കളുമായി അല്പ മുമ്പ് ഞാൻ സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആ മതാപിതാക്കന്മാർ, വളരെ ദരിദ്രരായിരുന്നു. ഇന്നു രാവിലെ നേരം ഫയലിൽ ഉണ്ടായിരുന്ന സാക്ഷ്യങ്ങളെ വായിച്ചു നോക്കാൻ പോലും എനിക്ക് സമയം ലഭിച്ചില്ല. എന്നാൽ അവൾ പ്രാർത്ഥിക്കപ്പെട്ടതിന് മൂന്നു ദിവസം ശേഷമുള്ള ഒരു ഫോട്ടോ, അതിൽ അവിടെ കാണാനിടയായി, അത് അവൾ തന്നെ എന്നാണ് എന്റെ വിശ്വാസം. ജീവിച്ചിരിക്കാൻ വെറും മൂന്നു ദിവസം മാത്രമാണ് ഡോക്ടർ അവൾക്ക് നൽകിയിരുന്നത്, എന്നാൽ അതിന് മൂന്നു ദിവസങ്ങൾക്കുശേഷം അതിന്റെ ഒരു പ്രത്യക്ഷ ലക്ഷണം പോലും അവർക്ക് അവളിൽ കാണാനായില്ല. അതിനാൽ അവൾ വളരെ സന്തോഷത്തോടെ സ്കൂളിലാണ്. അവൾ ഇവിടെ മുറിയിലായിരുന്നപ്പോൾ, സഭയിലെ അംഗങ്ങൾ ഉണ്ടായിരുന്നു എന്ന് എനിക്ക് തീർച്ചയാണ്.

7 മാത്രമല്ല ശരീരത്തിനു പുറത്ത് കുടൽ പോലുള്ളതുമായി പിറന്ന ആ ചെറിയ കുഞ്ഞുമുണ്ടായിരുന്നു. ഏങ്ങനെയൊക്കെയായാലും ഡോക്ടർമാർക്ക്, ഈ ഉളവായ കുടലിനെ, കുഞ്ഞിലേയ്ക്ക് തിരികെ വീണ്ടും കയറ്റാനായില്ല, ഈ കുഞ്ഞു അവസ്ഥയിൽ കഴിയില്ലായിരുന്നു. അത് അപ്പോൾ ജനിച്ച ഒരു ശിശുവായതിനാൽ, ആ കുട്ടിയെ തൊടാൻപോലും അവർ ഭയന്നിരുന്നു. ഇപ്പോൾ, ആ ചെറിയ കുട്ടിയ്ക്ക് ഏകദേശം ഒരു വയസ്സു പ്രായവും, അങ്ങനെയോ മറ്റോ ആയിരിക്കും, എന്നാണ് ഞാൻ ഊഹിക്കുന്നത്, സാധാരണയുള്ളതു പോലെ കുടൽ, സാധാരണ എങ്ങനെയാണോ ആയിരിക്കേണ്ടത് അങ്ങനെ തന്നെ ആയിരിക്കുന്നു. അത് ദൈവത്തിന്റെ കൃപ മാത്രമായിരുന്നു, അവൻ നമ്മോട് എത്ര നല്ലവനായിരിക്കുന്നു.

8 ഇപ്പോൾ, ഇന്ന്, നാം ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്ന സമ്മേളനങ്ങളെക്കുറിച്ച് പ്രഖ്യാപിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അടുത്തു വരുന്ന ആഴ്ചയിൽ, ആഫ്രിക്കയിലെ, കെനിയയിലും,

ടെങ്ങ്ജാനിക്കയിലേക്കും, സഹോദരൻ ജോസഫ് ബോസേയുമായി ചേർന്ന്, പോകാൻ പദ്ധതി തയ്യാറാക്കികൊണ്ടിരിക്കുകയാണ്. സഹോദരൻ ബോസെയുടെ പക്കൽ നിന്നും ഒരു ടെലിഗ്രാം തിരികെ കിട്ടുന്നതുവരെ ഞങ്ങൾക്ക് സമ്മേളനം നടത്താൻ കഴിയില്ല, "കഴിഞ്ഞ ആഴ്ചയിൽ നമ്മുടെ സ്വന്ത മിഷണറിമാരിൽ മൂന്ന് പേർ മരിച്ചുപോകുകയോ അതല്ലെങ്കിൽ കൊല്ലപ്പെട്ടുകയോ ചെയ്തു."

9 അവിടെ ഇപ്പോൾ അവരിൽ ഒരു വിപ്ലവം ഉണ്ടായി കൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസ്റ്റുകൾ പ്രദേശവാസികൾക്ക് രഹസ്യമായി തോക്കുകൾ എത്തിയ്ക്കുകയാണ്, ചുമന്ന ചൈനയും റഷ്യയും, മീൻ പിടിക്കുന്ന ബോട്ടുകളെ ചുറ്റിനും നിർത്തിയിരിക്കുന്നു എന്ന് അവർ അവകാശപ്പെടുന്നു; തോക്കുകൾ പ്രദേശവാസികൾക്കു കിട്ടിക്കഴിയുമ്പോൾ, അവർക്ക് കാണാൻ കഴിയുന്നത് എന്തിലും അതിനെ പ്രയോഗിക്കുക എന്നതല്ലാതെ, എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്ന് അറിയാതിരിക്കുന്നു. അതിനാൽ, ആ—ആ—ആ സർക്കാർ ഈ സമയം അവിടെ സമ്മേളിക്കുന്നത് ബുദ്ധിപരമല്ല എന്നാണ് ചിന്തിക്കുന്നത്. ഞാൻ ഇതും കൂടെ മനസ്സിലാക്കിയിരിക്കുന്നു, ഞാൻ എവിടേയ്ക്കാണോ പോകുന്നത് ഈ പ്രദേശത്തുള്ള അദ്ദേഹത്തിന്റെ സ്കൂൾ പോലും സഹോദരൻ ബോസിന് ഈ സമയം തുറന്നുകിട്ടില്ല എന്നാണ്. എന്നാൽ അത് റദ്ദാക്കിയിട്ടില്ല, അവർ വീണ്ടും ശാന്തമാക്കുന്നതുവരെ അല്പം നീട്ടി വെച്ചിരിക്കുകയാണ്.

10 സൗത്ത് ആഫ്രിക്കയിൽ നിന്നുള്ള സഹോദരൻ സിഡ്ണി ജാക്സനും സഹോദരി ജാക്സനും, സഹോദരൻ ജാക്സനും, അനേക വർഷങ്ങൾ വരാതിരുന്നതിനു ശേഷം, നമ്മുടെ ഇടയിൽ വീണ്ടും കാണുന്നതിൽ, ഇന്നു രാവിലെ നേരം വളരെ ആനന്ദിക്കുന്നു. അവരോട് സംസാരിച്ചോ? [സഹോദരൻ നേവിൽ പറയുന്നു, "അതെ."—Ed.] ഈ ജനങ്ങളായിരുന്നു കഴിഞ്ഞ ട്രിപ്പിൽ സൗത്ത് ആഫ്രിക്കയിലുണ്ടായിരുന്ന, എന്റെ യഥാർത്ഥ സഹോദരന്മാരും സഹോദരികളും, കൂട്ടുപ്രവർത്തകരായിരുന്നു. ശ്രദ്ധിക്കൂ, ദൈവ കൃപയാൽ, നാം അങ്ങനെ ചിലരിൽ പ്രതീക്ഷ വെയ്ക്കുന്നു, അവരെ വീണ്ടും കിട്ടിയിരിക്കുന്നു, എന്തെന്നാൽ അത് ആവശ്യമായിരിക്കുന്നു.

11 കഴിഞ്ഞ ഒമ്പത് വർഷങ്ങളായി ഞാൻ തിരികെ കടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വിഭാഗീയ സഭകളുടെ കാരണങ്ങളാലും മറ്റുള്ളവയാലും, അവർ തിരികെ കടക്കാൻ അനുവദിക്കുന്നില്ല. അതിനാൽ ഞാൻ കുറച്ചു ദിവസങ്ങളെ ആയുള്ളൂ അവർക്ക് ഒരു കത്തെഴുതി, "അങ്ങനെയാണെങ്കിൽ ആ നഷ്ടപ്പെട്ട പ്രാണനുകളുടെ രക്തം എന്റെ മേലല്ല നിങ്ങളുടെ മേലായിരിക്കും."

എന്തുകൊണ്ടെന്നാൽ, ദൈവം എന്റെ ദൈവ വേലയെ അവിടെയുള്ള, ആ ജനങ്ങൾക്കായോ, എന്തിനു വേണ്ടിയെങ്കിലോ, ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അവരുടെ വിഭാഗീയ സഭകളുടെ ഭിന്നതകളാൽ, ഞാൻ തിരികെ ചെല്ലാൻ അവർ അനുവദിക്കുന്നില്ല. എന്നാൽ, ഒരു കുഴപ്പവുമില്ല, അതിന്റെ ബാക്കിയുള്ളതെല്ലാം കർത്താവ് കരുതിക്കൊള്ളും.

12 ഇപ്പോൾ, ഇന്നു രാവിലെനേരം ഞാൻ പറയാൻ ആഗ്രഹിക്കുന്നതെന്നാൽ, അതായത് കർത്താവ് അനുവദിക്കുന്ന പക്ഷം, ഇന്നു രാത്രിയിലെ, കൂടാര സർവ്വീസ് എന്നോട് എടുക്കാനായി സഹോദരൻ നേവിൽ പറഞ്ഞിരിക്കുകയാണ്. അതിനാൽ ഞങ്ങൾ...നിങ്ങളെയും അതിലേയ്ക്ക് ക്ഷണിക്കുന്നു. അടുത്ത ഞായറാഴ്ച, കർത്താവ് അനുവദിച്ചാൽ, ഞാൻ ഇവിടെത്തന്നെ ആയിരിക്കുന്നതാണ്; അതിനു ശേഷം വരുന്ന രണ്ടോ മൂന്നോ ഞായറാഴ്ചകളിലും, ഇത് ഇല്ലാതിരിക്കുന്നതിനാൽ, ഈ നടന്നുകൊണ്ടിരിക്കുന്ന യോഗങ്ങൾ റദ്ദാക്കാൻ പോകുന്നു.

13 ഇപ്പോൾ, ഞങ്ങൾ ഇതും കൂടെ പറയാൻ ആഗ്രഹിക്കുന്നു, അതായത്, ഞാൻ പറഞ്ഞിരുന്നതു പോലെ ഞങ്ങൾ ഏഴു കാഹളങ്ങളെക്കുറിച്ചും ഈ സമയത്ത് സംസാരിച്ചേക്കാം. എയർകണ്ടീഷനുകളുടെ അസൗകര്യത്താലും, എല്ലാവരേയും ഇരുത്താനാകാത്ത വിധത്തിലുള്ള കെട്ടിടത്തിന്റെ സൈസിനാലും, മുറിയ്ക്കകത്ത് കാറ്റില്ല, അത് എങ്ങനെയാകാൻ പോകുന്നു എന്ന കാര്യത്തിലും ഞങ്ങൾക്ക് ആശങ്കയുണ്ട്. അത് എപ്പോൾ എയർകണ്ടീഷൻ ചെയ്യും എന്നു തീരുമാനിക്കപ്പെട്ടിട്ടില്ല. അവിടെ മുകളിലെ എയർ കണ്ടീഷൻ ചെയ്ത സ്കൂൾ, വാടകയ്ക്ക് എടുക്കാൻ ഞങ്ങൾ ശ്രമിച്ചു, അത് ഏകദേശം ഇരുപ്പിടം...ഓ, എനിക്കറിയില്ല; അതിൽ നന്നായി ഇരിക്കാനാകും വിധം ഇരുപ്പിടം ഉൾപ്പെടുത്തിയിട്ടുണ്ട്, വളരെ നല്ല സ്കൂളാണ്. എന്നാൽ ഞങ്ങൾക്ക് ഒന്നും കാണാനായിട്ടില്ല.

14 പിന്നെ, ഞങ്ങൾക്ക് അത് അവർ അടുത്തയാഴ്ചയോ തരികയുള്ളൂ. എന്നാൽ, അടുത്ത ആഴ്ചയോ? നോക്കൂ, ലോകത്തിന്റെ നാനാഭാഗത്തു നിന്നും; ജമൈക്ക, ഐസ്ലാൻറ്, തെക്കേ ദേശം, തെക്കേ അമേരിക്ക, കാനഡാ, മെക്സിക്കോ, രാജ്യത്തിന്റെ നാനാഭാഗത്തും, പ്രതിനിധികൾ വരുന്നുണ്ട്. നാം നോട്ടീസ് തിങ്കളാഴ്ച വിതരണം ചെയ്താൽ, അത് അവർക്ക് ബുധനാഴ്ചയോ വ്യാഴാഴ്ചയോ മാത്രമേ ലഭിക്കുകയുള്ളൂ; പിന്നെ സമയമില്ല എന്നും മറ്റും പറയേണ്ടിവരും, അത് നഷ്ടമായിപ്പോകയും ചെയ്യും.

15 അടുത്തയാഴ്ച മുതൽ, സ്കൂൾ സമയം കഴിയുന്നതുവരെ, അതിനെ, നിങ്ങൾ അത് ഒരു രാത്രി എടുത്തു കഴിഞ്ഞിട്ട്, അടുത്ത ഒന്നോ രണ്ടോ രാത്രികളിൽ അത് നിർത്തിവെക്കേണ്ടിവരും, പിന്നെ വീണ്ടും തുടങ്ങണം...നമുക്ക് അങ്ങനെ ചെയ്യാനാകില്ല. നിങ്ങൾക്ക് അത് അപ്രകാരം ഉണ്ടാക്കാനാകില്ല.

16 ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചു, അത് എന്താണെന്ന് ഞാൻ ആശ്ചര്യപ്പെട്ടു. അതു കഴിയുമ്പോൾ ഞങ്ങൾക്ക് കുഞ്ഞുങ്ങളെ സ്കൂളിലേയ്ക്ക് തിരികെ അയക്കാൻ വീണ്ടും അരിസോണയിലേയ്ക്ക് പോകേണ്ട സമയമാകും. പിന്നെ ഞങ്ങൾ...ഞാൻ ഭാര്യയുമായി സംസാരിക്കുകയായിരുന്നു.

17 അതെ, ഇന്നലെ ഞാൻ മുറിയിലേയ്ക്ക് പോയി, ഞാൻ പറഞ്ഞു, "കർത്താവെ, ഞാൻ—ഞാൻ വളരെയധികം വാക്കുകൾ പറഞ്ഞില്ലെന്നു വരാം, എന്നാൽ, ഞാൻ എന്താണ് ഹൃദയത്തിൽ അർത്ഥമാക്കുന്നതെന്ന്, ദയവായി, മനസ്സിലാക്കണം, ദൈവമെ. ആ കാഹളങ്ങളെക്കുറിച്ച് പ്രസംഗിക്കാൻ പോകുന്നേരത്ത് സകലവും എന്നിൽ നിന്നും മുറിച്ചു മാറ്റപ്പെടുന്നതിന്റെ കാരണമെന്താണ്?" അപ്പോൾ അവൻ വന്ന് അത് വെളിപ്പെടുത്തി. ഇപ്പോൾ, ഇന്നു രാവിലെ, അതിന്റെ കാരണമെന്തായിരുന്നു എന്നു ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു.

18 ഇപ്പോൾ നമുക്ക്, ബൈബിൾ ഉള്ളവരും, അതിനെ മറിക്കാൻ ആഗ്രഹിക്കുന്നവരും, ബൈബിൾ തുറക്കാം. നാം ആദ്യം ലേവ്യരുടെ പുസ്തകത്തിൽ, ലേവ്യരുടെ പുസ്തകം 23-ആം അദ്ധ്യായം.

19 കർത്താവ് അനുവദിക്കുന്ന പക്ഷം, ഇന്നു രാത്രിയിൽ, ഞാൻ "*പാളയത്തിന് പുറത്തു പോകുക*," എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കാൻ പോകുന്നു. അത് ചെറുതാണ്, ആ കാരണത്താൽ, നിങ്ങൾക്ക് നിങ്ങളുടെ ഇടങ്ങളിലേയ്ക്ക് തിരികെ ചെന്ന് ജോലിയ്ക്ക് പോകാനുള്ള സമയമുണ്ടാകും.

20 പട്ടണത്തിനു പുറത്തു നിന്നുള്ള, സന്ദർശകരെ ഇവിടെ കാണാനാകുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. ഞങ്ങൾ നോക്കി കൊണ്ടിരിക്കുകയാണ്, ഇവിടെ പട്ടണത്തിനു പുറത്ത് നിന്ന് എത്രപേരുണ്ട്? തൊണ്ണൂറ്റിയഞ്ച് ശതമാനം, അതെ, കൂട്ടായ്മയുടെ തൊണ്ണൂറ്റിയെട്ടു ശതമാനം. അതുകൊണ്ട്, നിങ്ങൾ നോക്കു ഇത് ജെഫേർസൺവില്ലെയല്ല, ഇത് ജെഫേർസൺവില്ലെയിലേയ്ക്ക് വന്ന ജനങ്ങളാണ്, അത് ഉണ്ടായി...നാം ഇവിടെ ദൈവ കൃപയാലാണ് ആയിരിക്കുന്നത്.

21 ഇപ്പോൾ, ഇന്നു രാവിലെ നേരം ഞാൻ മൂന്ന് ഭാഗങ്ങളിൽ നിന്നും വായിക്കാൻ ആഗ്രഹിക്കുന്നു. അതിൽ ഒന്ന് ലേവ്യർ 23-ആകുന്നു, മറ്റൊന്ന് യെശയ്യാവ് 18, യെശയ്യാവ് 27, നിങ്ങൾ എഴുതിയെടുക്കുന്നവർ അതിനെ കുറിച്ചു കൊള്ളണം.

22 ഇപ്പോൾ, പ്രസംഗിക്കുന്നതിനു പകരം...കർത്താവ് അനുവദിച്ചാൽ, ഞാൻ ഇന്നു രാത്രി അതുചെയ്യും. എന്നാൽ, ഏഴു കാഹളങ്ങളുടെ ഉത്സവത്തെപ്പറ്റി ഇന്നു രാവിലെ പഠിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത്, ഈ മാസമാണ് ഏഴു കാഹളങ്ങളുടെ ഉത്സവത്തിന്റെ ആരംഭം...അത് ഏഴാം മാസമാണ്, അത് ലേവ്യർക്കുള്ള നിയമപ്രകാരം, കാഹളങ്ങളുടെ ഉത്സവം ആരംഭിക്കുന്നത്, അത് ജൂലായ് 15-നാണ്.

23 ഇപ്പോൾ, നാം മുന്നോട്ട് പോകുന്ന മുറയ്ക്ക്, നിങ്ങളുടെ പക്കൽ പേപ്പറും മറ്റും ഉണ്ടെങ്കിൽ, എഴുതിയെടുക്കാൻ, ആഗ്രഹിക്കുന്നവർക്ക്, വചനവും വേദവാക്യങ്ങളും മറ്റും എഴുതിയെടുക്കാവുന്നതാണ്.

24 ഈ മീറ്റിംഗിലെ ഒരു കാര്യമെന്നത്, ഇത് ചൂടാണ്, നമുക്ക് ഈ വർഷത്തിലുടനീളമായി അത് ശീലവുമായിരിക്കുന്നു. എന്നാൽ ആരെങ്കിലും ഒരാൾ ഇങ്ങനെയും ചിന്തിച്ചേന്നിരിക്കാം, എത്ര നേരമാണ് ഞാൻ ജനങ്ങളെ പിടിച്ചുവെച്ചിരിക്കുന്നത്, നിത്യതയിൽ കുറച്ചു നേരത്തേക്ക്, ഒരുപക്ഷേ, കുറച്ചു നേരത്തേക്കാകാം, നാം ഈ കെട്ടിടത്തിനകത്ത് കടക്കുന്നതു മുതൽ അതായത് നമ്മുടെ സമയം അവസാനിച്ചിരിക്കുന്നു എന്നാണ് ഞാൻ ചിന്തിക്കുന്നത്. ആ രീതിയിലായിരിക്കണം എന്ന് ഞാൻ അർത്ഥമാക്കുന്നില്ല. എന്നാൽ ഞാൻ വിശ്വസിക്കുന്നത് നാം ജീവിച്ചു കൊണ്ടിരിക്കുന്നത് യേശുവിന്റെ വരവിന്റെ വളരെ അടുത്തെന്നാണ്, അതായത് എനിക്ക് ജനങ്ങളെ ഒരുമിച്ച് കിട്ടുമ്പോൾ അതിലെ ഓരോ നിമിഷത്തിന്റെയും ആനുകൂല്യം ഞാൻ എടുത്തിരിക്കണം എന്നതാണ്.

25 ഏതൊരു വാസ്തവമായ ക്രിസ്തീയ പുരോഹിതനും ചെയ്യാറുള്ളതു പോലെ, പുൾപ്പിറ്റിലേയ്ക്ക് കയറുന്നതിനു അല്പ നിമിഷങ്ങൾക്കു മുമ്പ്, ഒരു ചെറിയ പ്രാർത്ഥന നടത്തുമ്പോൾ, ഞാൻ റോഡിലൂടെ വാഹനം ഓടിച്ചു വന്നതിനെക്കുറിച്ച്, ഇങ്ങനെ ചിന്തിക്കുകയായിരുന്നു. ഞാൻ ചിന്തിക്കുകയായിരുന്നു, "നിങ്ങൾക്കറിയാം, നാം ഇവിടെ ഒരുമിച്ചുകൂടി വരുമ്പോൾ, നമുക്ക് ലഭിക്കുന്നത് ഏറ്റവും മഹനീയ സമയമാണ്! എന്നാൽ ജനങ്ങൾ കൂടിവരുന്നത് അനേക സംസ്ഥാനങ്ങളിൽ നിന്നും, ഇപ്പോൾ ഇവിടെ തന്നെ ഇരിക്കുന്നു, വളരെ ദൂരെ നിന്നുമുള്ളവർ ഇവിടെ ഇരിക്കുകയാണ്, ലോകത്തിന്റെ നാനാ ഭാഗത്തു നിന്നും നൂറ് കണക്കിനു മൈലുകൾക്കപ്പുറത്തു നിന്നും,

ലോകത്തിന്റെ നാനാഭാഗത്തും, കൂടിവരാനായി ഒരുമിച്ചുവരുന്നു. എന്നാൽ, ഇത് ഒരു ഓർമ്മ മാത്രമായി തീരുന്ന ഒരവസരം വളരെ വേഗം തന്നെ വരാൻ പോകുന്നു." അത് ശരിയാണ്.

26 ഈ സമയം നമ്മിൽ നിന്നും എടുത്തു മാറ്റപ്പെടും എന്നറിയുന്നു, അതുകൊണ്ട്, ആയതിനാലും അത് എങ്ങനെയാണ് ചെയ്യേണ്ടത് എന്നു നമുക്ക് അറിയുന്ന എല്ലാറ്റിനേയും, കണക്കാക്കപ്പെടുന്ന, ഓരോ നിമിഷവും, നാം എടുത്തുകൊള്ളേണ്ടതാണ്. നാം ഈ രാവിലെ സമയത്തെ ചൂടിനാൽ പ്രയാസപ്പെട്ടു കൊണ്ടിരിക്കുമ്പോൾ, ഇതിനെക്കുറിച്ച് ഇപ്പോൾ ചിന്തിച്ചുകൊള്ളുക. ഓരോ മനുഷ്യ ശരീരവും, അതിൽ തന്നെ ചൂടുണ്ടാക്കുന്ന ഡൈനാമാ പോലെയാണെന്നും അത് അതുമായി മുന്നോട്ട് പോകാൻ നിങ്ങളെ അതിയായി കഠിന്യമാക്കുന്നു എന്നും, നിങ്ങൾക്ക് അറിയാമല്ലോ. എന്നാൽ, നിങ്ങൾക്ക് വചനം ലഭിച്ചിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു.

ഇപ്പോൾ, നാം വായിക്കുന്നതിനു മുമ്പ്—നാം വായിക്കുന്നതിനു, നമുക്ക് പ്രാർത്ഥിക്കാം.

27 കർത്താവെ, ഇവിടെ നിൽക്കുന്ന ഓരോ വ്യക്തിക്കും ബൈബിളിന്റെ താളുകളെ മറിക്കാൻ തന്റെ കൈകളെ ചലിപ്പിക്കാനായെന്നു വന്നേയ്ക്കാം. എന്നാൽ ഇന്നു രാവിലെ നേരം ഇതു തുറക്കാനാകുന്ന ഒരുവൻ ഞങ്ങളുടെ ഇടയിൽ ഉണ്ട്; അത് ഞങ്ങളുടെ ഇടയിലാണ്, അത് മഹാൻ പരിശുദ്ധാത്മാവാകുന്നു. ഞങ്ങൾ അത് വായിക്കുമ്പോൾ, നീ നിന്റെ ശിഷ്യന്മാർക്കായി ചെയ്തതുപോലെ, അവർ എമ്മാവുസിലേയ്ക്ക് പോകുമ്പോൾ, തിരുവചനങ്ങളെ അവർക്ക് വിവരിച്ചു നൽകിയതു പോലെ, ഞങ്ങൾക്കായി വചനത്തെ തുറന്നു തരേണമെ, കർത്താവെ. "അവൻ വഴിയിൽ വെച്ച് നമ്മോട് സംസാരിക്കുമ്പോൾ, നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?" എന്ന് ഞങ്ങൾ ഇവിടെ നിന്നും കടന്നു പോകുമ്പോൾ, എമ്മാവുസിൽ നിന്നും യെരുശലേമിലേയ്ക്ക് മടങ്ങി വന്നവരെപ്പോലെ, പറയാൻ ഇടവരട്ടെ. ഞങ്ങൾ ഇത് യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

വചനത്തിന്റെ ബഹുമാനത്തിനായി നമുക്ക് എഴുന്നേറ്റു നിൽക്കാം.

28 ഇപ്പോൾ, ഇന്നു രാവിലത്തെ എന്റെ വിഷയം: *കാഹളങ്ങളുടെ ഉത്സവം*. ഇപ്പോൾ ഞാൻ ലേവ്യരുടെ പുസ്തകത്തിന്റെ 23-ആം അദ്ധ്യയത്തിലെ 23-ആം വചനം മുതൽ വായിക്കാൻ ആഗ്രഹിക്കുന്നു.

*യഹോവ പിന്നേയും മോശെയോട് അരുളി ചെയ്തത്:*

*നീ യിസ്രായേൽ മക്കളോട് പറയേണ്ടതു എന്തെന്നാൽ: ഏഴാം മാസം ഒന്നാം തീയതി നിങ്ങൾക്ക് കാഹളധ്വനിയുടെ ജ്ഞാപകവും വിശുദ്ധ സഭായോഗമുള്ള സ്വസ്ഥദിവസവും ആയിരിക്കേണം.*

29 ഇപ്പോൾ, യെശയ്യാവിന്റെ പുസ്തകം, 18-ആം അദ്ധ്യായം 1-ആം വാക്യം മുതൽ, അതും ഇതും തമ്മിൽ ബന്ധമുണ്ട്.

*അയ്യോ, കൂശിലെ നദികൾക്കരികെ ചിറകു കിരുകിരുക്കുന്നതും കടൽവഴിയായി വെള്ളത്തിന്മേൽ ഞാങ്ങണകൊണ്ടുള്ള തോണികളിൽ ദൂതന്മാരെ അയക്കുന്നതും ആയ ദേശമേ!*

*ശീഘ്രദൂതന്മാരേ, നിങ്ങൾ ദീർഘകായന്മാരും മൃദുചർമ്മികളുമായ ജാതിയുടെ അടുക്കൽ, ആരംഭംമുതൽ ഇന്നുവരെ ഭയങ്കരമായിരിക്കുന്ന ജാതിയുടെ അടുക്കൽ, അളക്കുന്നതും ചവിട്ടിക്കളയുന്നതും നദികൾ ദേശത്തെ വിഭാഗിക്കുന്നതുമായ ജാതിയുടെ അടുക്കൽ തന്നേ ചെല്ലുവിൻ.*

*ഭൂതലത്തിലെ സർവ്വനിവാസികളും ഭൂമിയിൽ പാർക്കുന്നവരും ആയുള്ളോരേ, പർവ്വതത്തിന്മേൽ കൊടി ഉയർത്തുമ്പോൾ, നിങ്ങൾ നോക്കുവിൻ; കാഹളം ഊതുമ്പോൾ കേൾപ്പിൻ.*

30 യെശയ്യാവ് 27:12-13

*അന്നാളിൽ യഹോവ നദി മുതൽ മിസ്രയീം തോടുവരെ കറ്റ മെതിക്കും; യിസ്രായേൽ മക്കളേ, നിങ്ങളെ ഓരോന്നായി പെറുക്കി എടുക്കും.*

*അന്നാളിൽ മഹാകാഹളം ഊതും; അശ്ശൂർ ദേശത്തു നിഷ്ടരായവരും മിസ്രയീംദേശത്തു ഭ്രഷ്ടരായവരും വന്നു യെരൂശലേമിലെ വിശുദ്ധപർവ്വതത്തിൽ യഹോവയെ നമസ്കരിക്കും.*

31 നമുക്ക് വീണ്ടുമൊരിക്കൽക്കൂടി പ്രാർത്ഥിക്കാം. കർത്താവേ, ഈ വചനങ്ങളാൽ ഞങ്ങളുടെ ഹൃദയങ്ങളെ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ ചിന്തകളും ഞങ്ങളുടെ ഏറ്റുപറച്ചിലുകളും അങ്ങയുടെ ആജ്ഞ പ്രകാരമായിരിക്കട്ടെ. യേശുവിൻ നാമത്തിൽ, ആമേൻ.

ഇരുന്നാലും.

32 ഒരു പാസ്റ്റർക്ക്, താൻ സ്നേഹിക്കുന്ന തന്റെ കൂട്ടായ്മയിലേയ്ക്ക് വ്യത്യസ്തമായ ഇടങ്ങളിൽ നിന്നു വരുന്ന വ്യത്യസ്തരായ ജനങ്ങളോട്

പറയാൻ അനേക കാര്യങ്ങളുണ്ടാകാം, അതു ചെയ്യാൻ സമയം പോരാ.

33 ഇപ്പോൾ നാം ഈ വിഷയത്തിലേയ്ക്ക് കടക്കുമ്പോൾ, നിങ്ങളുടെ ഇഷ്ടപ്രകാരം പ്രവർത്തിക്കാനുള്ള അവകാശമുണ്ടെന്നും നിങ്ങൾ അത് അനുഭവിക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഞാൻ കടന്നു വരുമ്പോൾതന്നെ, ഹാളുകൾ നിറഞ്ഞിരുന്നു, കതകുകളുടെ പുറത്തും, മുൻവശത്തെ വാതിലിലും, മുൻഭാഗത്തും, കെട്ടിടത്തിനു ചുറ്റുമായി എല്ലാ ചുമരുകളുടെ അടുക്കലും ആളുകൾ നിറഞ്ഞിട്ട്, നിങ്ങളിൽ അനേകർ നിൽക്കുന്നതായും കാണുന്നു. അതുകൊണ്ട്, ഇപ്പോൾ, നിങ്ങളുടെ ഇരുപ്പിടങ്ങളെ വെച്ചു മാറാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് നന്നായിരിക്കും.

34 ഇപ്പോൾ, *കാഹളങ്ങളുടെ ഉത്സവം.* ഇപ്പോൾ, ഇത് യിസ്രായേലിനെ കൂട്ടിച്ചേർക്കുന്ന ഒരു ഉത്സവമായിരുന്നു, അവിടെ അവർ കാഹളങ്ങളുടെ ഉത്സവത്തിങ്കൽ ഒരുമിച്ചു കൂടിവരുമായിരുന്നു.

35 ഇപ്പോൾ, എന്നെങ്കിലും ഒരു ദിവസം, വെളിപ്പാട് പുസ്തകത്തിലെ ഏഴു കാഹളങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കാമെന്ന് ഞാൻ പ്രതിക്ഷിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഒരു നിമിഷം, അതിനെ തിരിഞ്ഞുനോക്കി, അതിനെപ്പറ്റി ഇപ്പോൾ സംസാരിക്കേണ്ടതില്ല എന്നതിന്റെ വാസ്തവമായ കാര്യം എന്താണെന്ന് നോക്കാം, എന്തെന്നാൽ പരിശുദ്ധാത്മാവ് ഈ വക കാര്യങ്ങളെ ഇപ്പോൾ എന്നെ സംസാരിക്കാൻ അനുവദിക്കുന്നില്ല. അത് പഠിത്തവും ജ്ഞാനവുമുള്ളവരെ സംബന്ധിച്ച് കേഴ്വിയ്ക്ക്, ചിലപ്പോൾ ഒരു ബാലനെപ്പോലെയാണ് എന്ന് തോന്നിപ്പിച്ചേക്കാം, എന്നാൽ ഒരു ക്രിസ്ത്യനിക്ക് അത് വ്യത്യസ്തമായിരിക്കും. നാം ആത്മാവിന്റെ നായകത്വത്തെ, അതിനെ മാത്രമാണ്, പിമ്പറ്റുന്നത്.

36 ഇപ്പോൾ, ഏഴു സഭാ കാലങ്ങളെക്കുറിച്ച് പ്രസംഗിക്കുമ്പോൾ, അതിന്റെ ആരംഭത്തിൽ ശ്രദ്ധിച്ചതെന്തെന്നാൽ, അതാണ് അതു മാതൃക, അതല്ലെങ്കിൽ ദൈവം സഭകൾക്കുവേണ്ടി എന്തു ചെയ്യാൻ പോകുന്നു എന്നു മുൻകൂട്ടി പറഞ്ഞിരുന്നത്, സഭകളിലൂടെ, അവയെ എല്ലാം അതാതിന്റെ സ്ഥാനത്തു വെയ്ക്കുന്നു.

37 സഭയ്ക്കു സംഭവിക്കേണ്ട എല്ലാ കാര്യങ്ങളെകുറിച്ചും വെളിപ്പാടിന്റെ ആദ്യ മൂന്നു അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നു. അതു കഴിയുമ്പോൾ, 3-ആം അദ്ധ്യായം മുതൽ 19-ആം അദ്ധ്യായം വരെ, സഭ കാഴ്ചയിൽ കാണുന്നില്ല. വെളിപ്പാട് 4-ആം അദ്ധ്യായത്തിൽ സഭ മുകളിലേയ്ക്ക് പോകുന്നു, 19-ആം അദ്ധ്യായത്തിൽ മണവാട്ടിയും മണവാളനും, ഒരുമിച്ച്, ഭൂമിയിലേയ്ക്ക് തിരികെ വരുന്നു. അതിനുശേഷം 19-ആം

അദ്ധ്യായം തുടങ്ങി 22 തീരുന്നതുവരെ, അത് ആയിരമാണ്ടു വാഴ്ചയും അതിനുശേഷമുള്ള വർഷങ്ങളിൽ എന്തെല്ലാം സംഭവിക്കുന്നു എന്നുള്ളതുമാകുന്നു. 4-മുതൽ 19-വരെയുള്ള അദ്ധ്യായങ്ങൾ ദൈവം യിസ്രായേലുമായി ഇടപെടുന്ന കാലയളവാണ്.

38 ഇപ്പോൾ, സഭയെപ്പറ്റി വെളിപ്പാട് പുസ്തകത്തെ നാം എടുത്തു അവസാനിപ്പിക്കുമ്പോൾ, ഏഷ്യാ മൈനറിലെ, അവയുടെ ശൈശവത്തിലെ അതല്ലെങ്കിൽ നിഴലെന്നപോലെ, ആ ഏഴ സഭകളോടും ദൈവം ചെയ്തത് അറിയാനിടയായി. അതിനുശേഷം പരിശുദ്ധാത്മാവ് അവിടെ ഉണ്ടായിരുന്ന സകല രഹസ്യങ്ങളും, എപ്രകാരമാണ് അവൻ ചരിത്രത്തിലൂടെ സഭയെ മുന്നോട്ട് നയിച്ചുകൊണ്ടിരുന്നത് എന്ന കാര്യം നമുക്ക് വെളിപ്പെടുത്തി തന്നു. നിങ്ങളുടെ പക്കൽ *ഏഴ സഭാകാലങ്ങളുടെ* ടേപ്പ് ഇല്ലെങ്കിൽ, അവയെ കേൾക്കുന്നത് നന്നായിരിക്കും. അത് വളരെ വേഗത്തിൽ തന്നെ പുസ്തക രൂപത്തിലാക്കുന്നതാണ്.

39 അത് അങ്ങനെ അവസാനിപ്പിച്ചപ്പോൾ തന്നെ, മുദ്രകൾ എന്തായിരുന്നു എന്നുപോലും അറിയാതിരിക്കെ, ഇതു കഴിയുമ്പോൾ നാം മുദ്രകളെക്കുറിച്ച് പഠിക്കുന്നതാണ് എന്നു ഊഹിച്ചിരുന്നു.

40 എല്ലാ ദൈവവേലക്കാരും ചെയ്യുന്നതുപോലെ, ഒരാൾ അതിനെപ്പറ്റി പറഞ്ഞിരിക്കുന്നത് എന്താണെന്ന് വായിച്ചും; അതു അങ്ങനെ തന്നെ ആകാമല്ലോ എന്നു വിശ്വസിച്ചും കൊണ്ട്, അവർ അതിന് തീർപ്പുകല്പിതിൻ പ്രകാരം, അവിടേയ്ക്ക് കൊണ്ടു വന്ന കാര്യങ്ങളിൽ ഞാൻ വിശ്വസിച്ചിരുന്നു, എന്നാൽ എനിക്ക് എന്റേതായ ആശയമുണ്ടായിരുന്നു. ഞാൻ ശ്രീമാൻ. സ്മിത്തിന്റെ, ഊറി സ്മിത്തിന്റെ, അയാൾ ഒരു അഡ്വെൻറിസ്റ്റ് പ്രാസംഗികനായിരുന്നു, ഞാൻ—ഞാൻ അതിനെക്കുറിച്ചുള്ള അയാളുടെ വിചാരങ്ങള വായിച്ചിരുന്നു. ശ്രീമാൻ. ലാർക്കിന്റേത്ത് ഞാൻ വായിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള അനേക വിധത്തിൽ, അനേകർ അഭിപ്രായപ്പെട്ടതും, അവരുടെ അഭിപ്രായങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ ഒരു വിധത്തിലോ അതല്ലെങ്കിൽ മറ്റൊരു വിധത്തിലോ അതുമായി ഒത്തുപോകാത്ത ചില കാഴ്ചപ്പാടുകൾ എനിക്ക് എന്റേതെന്നു പറയാവുന്നത്, അതിന്റെ എല്ലാറ്റിന്മേലും ഉണ്ടായിരുന്നു. മൂന്നു വിഷയങ്ങളെപ്പറ്റി മാത്രം ഒരിക്കൽ പറയാൻ ശ്രമിക്കുമ്പോൾ, ആദ്യത്തേത്...അതല്ലെങ്കിൽ നാലു കുതിര സവാരിക്കാരെപ്പറ്റിയുള്ള നാലു വിഷയങ്ങളാകാം. ഒരു കുതിരയുടെ മേൽ ഒന്നായോ, മറ്റൊന്നായോ, ഞാൻ അതിനെക്കുറിച്ച് നാല് രാത്രികളിൽ പ്രസംഗിച്ചിരുന്നു.

41 എന്നാൽ അത് സംഭവിക്കുന്നതിന് തൊട്ടു മുമ്പ്, എനിക്ക് ഒരു ദർശനം നൽകപ്പെട്ടു, അവയെല്ലാം ടേപ്പിലുണ്ട്, അത് നിങ്ങൾക്കെല്ലാം അറിയാവുന്നതാണ്, *ഇത് ഏതു സമയമാണ്, സർ?* അതിനായി എനിക്ക് അരിസോണയിലെ, ടെക്സണിലേയ്ക്ക് പോകേണ്ടിവന്നു. അവിടെ മലമുകളിൽ, എന്റെ ചില സുഹൃത്തുക്കളുമായി അത് എത്ര വലിയ ഒരു പൊട്ടിത്തെറിയായി വരേണ്ടതുണ്ട് എന്നു പറഞ്ഞു കൊണ്ടിരിക്കുമ്പോൾ, അതിന്റെ പുറകിലായി, ഞാൻ...ഏഴു ദൂതന്മാർ ഇറങ്ങുന്നതു കണ്ടു. ഞാൻ സ്വയം അതിനെക്കുറിച്ച് ചിന്തിച്ചതോ, അത് എന്റെ ജീവിതാന്ത്യമായിരിക്കും എന്നായിരുന്നു; നാം മറുവശത്തു വെച്ചു കാണുന്നതുവരെ, കുട്ടികളെ എന്താണ് ചെയ്യേണ്ടത് എന്നും, ബില്ലിയെയും കൂടെ കൂട്ടിക്കൊള്ളണം എന്നും മറ്റും ഞാൻ എന്റെ ഭാര്യയോട് പറഞ്ഞിരുന്നു.

42 അതിനുശേഷം സബീനാ കാനിയോനിലേയ്ക്ക്, ഒരുനാൾ അതിരാവിലെ നേരം കർത്താവ് എന്നെ വിളിച്ചു, ഞാൻ അവിടെവെച്ച് കൈകളെ മുകളിലേയ്ക്കുയർത്തി പ്രാർത്ഥിക്കയിൽ, ഒരു വാൾ എന്റെ കയ്യിലേയ്ക്ക് വന്നു. അത് നിങ്ങൾക്കറിയാവുന്നതാണ്. ഞാൻ അവിടെ നിന്ന് അതിലേയ്ക്ക് ഒന്നു നോക്കി, അത് എന്താണ് അർത്ഥമാക്കുന്നത് എനിക്കറിയില്ലായിരുന്നു, ഇപ്പോൾ എന്റെ കൈ ആയിരിക്കുന്നതുപോലെ സ്വാഭാവികം തന്നെയായിരുന്നു. അത് ഒരു ശബ്ദം ഇങ്ങനെ പറഞ്ഞുകൊണ്ട് എന്നെ വിട്ടുപോയി, "ഇത് ആ രാജാവിന്റെ വാളാകുന്നു." പിന്നീട്, അത് കഴിഞ്ഞശേഷം, അത് വചനം കൈകളിലായിരിക്കുന്നു, എന്നുള്ള കാര്യം കർത്താവിന്റെ ദൂതൻ വെളിപ്പെടുത്തി തന്നു.

43 അതു കഴിഞ്ഞ ഉടൻ തന്നെ, കർത്താവിന്റെ ദൂതൻ പ്രത്യക്ഷമായി ഏഴു കാഹളങ്ങളെപ്പറ്റി...അതല്ല ഏഴു മുദ്രകളെക്കുറിച്ച് പറഞ്ഞു, അതായത് ഞാൻ ജെഫേർസൺവില്ലെയിലേയ്ക്ക് തിരികെ ചെന്ന് ഏഴു മുദ്രകളെക്കുറിച്ച് പ്രസംഗിക്കുക. മാത്രമല്ല, അവിടെ, ഞാൻ എപ്പോഴെങ്കിലും എന്തിനെക്കുറിച്ചെങ്കിലും, പ്രോത്സാഹിക്കപ്പെട്ട് പറഞ്ഞിട്ടുണ്ടെങ്കിൽ, അത് അതിലായിരിക്കുന്നു. അവിടെ കർത്താവിന്റെ ദൂതൻ നമ്മെ കണ്ടുമുട്ടിയശേഷം, ബൈബിൾ ഒരു പുതിയ ബൈബിളായി തീർന്നു. അവിടെ മതപരിഷ്കർത്താക്കളും മറ്റും വിട്ടു കളഞ്ഞ കാര്യങ്ങൾ അവിടെ തുറന്നു വെളുപ്പെടുത്തി കാണിച്ചു. അത് കർത്താവായ യേശുക്രിസ്തുവിന്റെ പൂർണ്ണമായ വെളിപ്പാടായിരുന്നു, മൊത്തത്തിൽ എല്ലാം കൂടെ നമുക്ക് ഒരു പുതുമയായിരുന്നു, എന്നാൽ പൂർണ്ണമായും കൃത്യമായും അതു തിരുവചനവുമായി ഒത്തുപോകുന്നു. അത് എപ്പോഴുമായിരുന്ന

വചനമായിരുന്നു. അത് അത്രയും പ്രോത്സാഹിപ്പിക്കുന്നതും വഴി കാട്ടുന്നതുമായിരുന്നു.

44 അതിനുശേഷം ഞാൻ ഇവിടെ, ഏഴ് കാഹളങ്ങളെക്കുറിച്ചുള്ള ഈ ഭാഗത്തേയ്ക്ക് വരുമ്പോൾ, ഞാൻ ചിന്തിച്ചു, "അതെ, ഞാൻ ഒന്നിനെക്കുറിച്ചും ചിന്തിക്കാൻ ശ്രമിക്കില്ല, ഞാൻ ആ സമയം വരും വരെ കാത്തിരിക്കും, അവൻ തന്നെ അതു വെളിപ്പെടുത്തട്ടെ." അതിനു ശേഷം ഇന്നലെ...ഞാൻ മുറിയിലേയ്ക്ക് ചെന്നപ്പോൾ ആശ്ചര്യപ്പെട്ടു എന്താണ്...അതല്ല, എന്നോട് ക്ഷമിക്കണം, അത് മിനഞ്ഞാന്നായിരുന്നു. അത് മനസ്സിലാക്കാനായി ഞാൻ മുറിയിലേയ്ക്ക് ചെന്നു, ഈ സമയം എന്തുകൊണ്ടാണ് അത് സഭയ്ക്ക് ഉപകാര പ്രദമല്ലാതിരിക്കുന്നത് എന്നതിന്റെ കാരണം എനിക്ക് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിതന്നു, എന്തെന്നാൽ അതിന് ഒരിക്കലും സഭയുമായി യാതൊന്നും തന്നെ ചെയ്യാനില്ല.

45 ഇപ്പോൾ, ക്രിസ്തുവിന്റെ മറഞ്ഞിരുന്ന സകല നിഗൂഢതകളും ഏഴ് മുദ്രകളിൽ വെളിപ്പെടുത്തി തന്നിരിക്കുന്നു.

46 ഏഴ് സഭാ കാലങ്ങളെ, ചരിത്രപരമായും ബൈബിൾ പരമായും രണ്ടിനാലും തുറന്ന്, അവയെ അതിന്റെ സ്ഥാനത്തു വെച്ചശേഷം, അവ എങ്ങനെയായിരുന്നു, അവയെ അതിന്റെ സ്ഥാനത്തു വെച്ചുകൊണ്ട്, ആദ്യം, അതിനെ വെളിപ്പെടുത്തി. ആദ്യ സഭാകാലമായ, എഫെസ്യാ കാലം മുതൽ, അത് ഒരു മഹത്തായ സഭാകാലമായിരുന്നു. എല്ലാ സഭാകാലങ്ങളിലും വെച്ച് ദുഷിച്ച സഭാകാലമായ, ലവോദിക്യാ സഭാ കാലത്താണ് നാം ആയിരിക്കുന്നത് എന്ന കാര്യം നാം കണ്ടു കഴിഞ്ഞു.

47 ഇവിടെ, എങ്ങനെ, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന്, പരിശുദ്ധാത്മാവ് എനിക്ക് ഒരു ദർശനം മൂലം നൽകിയത് ഞാൻ ഇവിടെ, ഒരു ബ്ലാക്ക് ബോർഡിൽ രണ്ടു വർഷങ്ങൾക്കു മുമ്പ് വരച്ചു കാണിച്ചിരുന്നു. ആ പ്രകാശം എപ്രകാരമാണ് ഭൂമിയിൽ നിന്നും ക്രമേണെ അപ്രത്യക്ഷമായത്, സുവിശേഷത്തെപ്പോലെ, അതും ഭൂമിയിലേയ്ക്ക് പ്രകാശം വന്ന അതേ രീതിയിൽ തന്നെ അതു വരികയും, അത് വന്നതും പോയതും ക്രമേണെ അപ്രത്യക്ഷമായതും എല്ലാം ആ ചിത്രത്തിൽ ഉണ്ടായിരുന്നു. അത് എന്താണ് അർത്ഥമാക്കുന്നതെന്നും അത് എപ്രകാരം ആയിരിക്കും എന്നും, ആ സമയത്ത് മനസ്സിലാക്കാനായില്ല.

48 എന്നാൽ ആ മഹത്തായ എക്യൂമിനിക്കൽ ലോകം, റോമുമായി; റോം, അത് എല്ലാ വിഭാഗീയ സഭകളുടെയും അമ്മയാണ്, ഒരു— ഒരു സമ്മേളനം നടത്തിയിരുന്നു. ചരിത്രത്തിൽ ആദ്യമായി, പോപ്പ്, വത്തിക്കാൻ വിട്ട് യെരുശലേമിലെയ്ക്കും, മറ്റനേക സ്ഥലങ്ങളിലേയ്ക്കും

പോയി. ഇപ്പോൾ, യെരുശലേമാണ്, യെരുശലേം നമ്മുടെ എല്ലാ പ്രാചീന മതങ്ങളുടെയും ഇരുപ്പിടമാകുന്നു. ഈ പ്രാചീനമായ ഇരുപ്പിടത്തിലേയ്ക്ക്, റോമിൽ നിന്നും പോപ്പ്, അത് എല്ലായിപ്പോഴും ക്രിസ്തുവിന്റെ ഏറ്റവും വലിയ ശത്രുവായിരുന്നു, റോം സന്ദർശിക്കാൻ വന്നു...അതല്ല റോമിൽ നിന്നും പാലസ്ഥീൻ സന്ദർശിക്കാൻ യെരുശലേമിലേയ്ക്ക് വന്നു.

49 നാം കാണുന്നതുപോലെ, എനിക്ക്, വിദ്യാഭാസമില്ലാത്തതിനാൽ, ആ വാക്കുകളും, അവയെ എങ്ങനെയാണ് പറയേണ്ടത് എന്നും അറിയില്ല, ഞാൻ എല്ലായ്പ്പോഴും മാതൃകകളാക്കി, പ്രകൃതിയെ മാതൃകയാക്കിയാണ് പഠിപ്പിക്കുന്നത്. പ്രകൃതി പ്രകൃതിയെ പിമ്പറ്റുന്നു. പ്രകൃതി ദൈവത്തിൽ നിന്നുമാകുന്നു.

50 ചില നേരങ്ങളിൽ, വയലിലുള്ള കന്നുകാലികളെല്ലാം വയലിന്റെ ഒരു മൂലയ്ക്കായി കൂടിനിൽക്കുന്നതു കാണുമ്പോൾ, നിങ്ങളുടെ മീൻ ചൂണ്ടയുമായി വെള്ളത്തിലേയ്ക്ക് പോകു, ചൂണ്ടയിൽ മീൻ കടിക്കില്ല. നിങ്ങൾക്ക് അവയെ പിടിക്കാൻ കിട്ടില്ല; നോക്കു, അതിന്റെ ഇടയിലേയ്ക്ക് മറ്റൊന്നിനെ കൊണ്ടുചെല്ലാത്ത പക്ഷം; കന്നുകാലികൾ വിശ്രമിച്ചുകൊണ്ടിരിക്കും. എന്നാൽ കന്നുകാലികൾ മേയാൻ തുടങ്ങുന്നതു ശ്രദ്ധിക്കു. കന്നു കാലികൾ അതു ചെയ്യുന്ന അതേ സമയത്തു തന്നെ, പക്ഷികളും മരങ്ങളിൽ നിന്ന് പറന്നുപോകാൻ തുടങ്ങുന്നു; അവ പുറത്തേയ്ക്ക് കടന്നു വന്നു തീറ്റയെടുക്കുന്നു. നോക്കു, അതു പ്രകൃതിയാണ്. ആ സമയം നിങ്ങൾ തേനീച്ചകളെ ശ്രദ്ധിച്ചാൽ, അവയെല്ലാം കൂടിവന്ന്, തേൻ ശേഖരിക്കാൻ പോകാതെ, അവിടെ തേനിനുമേൽ മൂളിക്കൊണ്ടിരിക്കുന്നതു കാണാം. പ്രകൃതി മുഴുവനും ഒരുമിച്ച് പ്രവർത്തിക്കുന്നു.

51 ആയതുപോലെ, മരങ്ങൾ അവയുടെ ഇലകളെ പൊഴിച്ചു കളയുന്നതും, വളരെ വേഗം, അടുത്ത രണ്ടു മാസത്തിനുള്ളിൽ, നമുക്ക് മരങ്ങൾ ഇലകളെ പൊഴിക്കുന്നതു കാണാനാകുന്നതാണ്. ആ ജീവൻ, കറ, അതിന്റെ വേരിലേയ്ക്ക് പോകുന്നു. മരത്തിന്റെ ഇലകൾ നിലത്തിലേയ്ക്ക് വീഴുകയും അഴുകാൻ തുടങ്ങുകയും ചെയ്യുന്നു. മരത്തിന്റെ ഇലയിലെ, കാൽഷ്യവും പൊട്ടാഷും, ഭൂമിയിൽ അഴുകിച്ചേരുന്നു. സംഭവിക്കുന്നത് എന്താണ്? അതിനു മുമ്പായി ജീവൻ കടന്നു പോയി, മാത്രമല്ല അതിലേയ്ക്ക് തന്നെ തിരികെ വലിച്ചെടുക്കയും, വീണ്ടും ആ ഇല തിരികെ വരികയും ചെയ്യുന്നു. അത് മരണം, ശവയടക്കം, പിന്നെ ഉയിർത്തെഴുന്നേല്പുമാകുന്നു.

52 സകലതും പ്രകൃതിയാണ്! ചന്ദ്രൻ സൂര്യന്റെ ഭാര്യയാണ്. അതിന് ഒരു കുറഞ്ഞ പ്രകാശമാണുള്ളത്. അതു മാത്രമല്ല,

സൂര്യൻ പോയ്ക്കഴിയുമ്പോൾ, സൂര്യന്റെ അഭാവത്തിൽ, ചന്ദ്രൻ ഭൂമിയിലേക്ക് പ്രകാശം പ്രതിഫലിപ്പിക്കുന്നു, അത് സഭയ്ക്ക് ഒരു മാതൃകയാണ്. സഭയുടെ പൗരാണിക ശത്രുവായ, പോപ്പ് അവിടെ നിന്നും, യെരുശലേമിലേയ്ക്ക് പോയപ്പോൾ, അതായിരുന്നു സഭയുടെ ഇരിപ്പിടം; അതായത്, പുതിയ യെരുശലേമും പഴയ യെരുശലേമും; അതു സംഭവിക്കുന്നതിനു മുമ്പ്, അവിടെ പൂർണ്ണമായും ചന്ദ്രൻ കറുത്തിരുണ്ടതായി, നാം കണ്ടിരുന്നു.

53 ന്യൂസ് പേപ്പറുകളിലും, രാജ്യത്തിൽ എല്ലായിടത്തും, ബോർഡുകളിലും, ചന്ദ്രൻ പ്രകാശത്തിൽ നിന്നും ഇരുട്ടിലേയ്ക്ക് നീങ്ങിയത് എങ്ങനെയായിരുന്നു എന്ന് നമുക്ക് പ്രദർശിപ്പിച്ച് കാണിച്ചിരുന്നു. അതിനെപ്പറ്റിയുള്ള അതേ പ്രതിഭാസം, അത് ആ ചന്ദ്രനെ അങ്ങനെ തന്നെ കൃത്യമായി, ആകാശത്തിൽ, വരച്ചുകൊണ്ട്, പരിശുദ്ധാത്മാവ് രണ്ടു വർഷങ്ങൾക്കു മുമ്പ് എന്നെക്കൊണ്ട് ആ ചിത്രം വരപ്പിച്ചു, അത് കാണിച്ചത്...അത് ഉൾക്കൊള്ളുന്നത്...അത് ആറ് ചിത്രങ്ങളിലൂടെ കടന്ന്, ഞാൻ ഏഴാമത്തതിനെ അവിടെ വരച്ചു, ഏഴാമത്തെ സഭ ഒരു പ്രകാശത്തിന്റെ നിഴൽ മാത്രമുള്ളതിനാൽ, അത് കടന്നു പോകുന്ന...അത് യേശു വാതിൽക്കലായിരുന്നു, മുട്ടിക്കൊണ്ടു നിൽക്കുന്നതായിരുന്നു. എന്നാൽ അത് പൂർണ്ണമായ ഇരുട്ടിലേയ്ക്ക് പോയ്ക്കൊണ്ടിരുന്നു.

54 എന്താ ഒരു പ്രതിബിംബനം, അതായത് ഈ വക കാര്യങ്ങൾ സത്യമാണ്, സ്വയം ദൈവത്തിൽ നിന്നുള്ള എന്താ ഒരു സന്ദേശം! അത് ആദ്യമായി വചനത്താൽ സാക്ഷീകരിക്കപ്പെട്ടു, അതിനുശേഷം ആത്മാവിനാൽ പ്രസംഗവേദിയിൽ, അതുകഴിഞ്ഞപ്പോൾ അത് ആകാശത്ത് പ്രഖ്യാപിക്കപിക്കപ്പെട്ടു. അതിൽ ഒന്നിലും ഒരു തെറ്റുമുണ്ടായിട്ടില്ല. ആ മുദ്രകളും ദൂതന്മാരും തികച്ചും നിരയിൽ തന്നെയായിരിക്കുന്നു, പരിപൂർണ്ണരൂപത്തിൽ, ചരിത്രത്താലും വചനത്താലും, നാം ജീവിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്തേയും, സകലത്തേയും ഒരുമിച്ച് യഥാസ്ഥാനത്താക്കി, ദൈവം തന്നെ പ്രകൃത്യാതീതമായ അടയാളങ്ങളാലും അത്ഭുതങ്ങളാലും, സാക്ഷീകരിക്കുന്നു.

55 ഇപ്പോൾ ഇത് സഭകൾക്ക് കാണാൻ വളരെ പ്രയാസമാണ്. ഇത് വിഭാഗീയ സഭയ്ക്കു കാണാൻ വളരെ പ്രയാസമാണ്. നിങ്ങൾ എപ്പോഴും ജനങ്ങളെ ആക്രോശിച്ച് പുറത്തു ചാടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നാണ് അവർ വിചാരിക്കുന്നത്. നിങ്ങളോട് അതു ചെയ്യുന്നില്ല; ഞങ്ങൾ ജനങ്ങളെ മുന്നറിയിപ്പ് ചെയ്യുക മാത്രമാണ് ചെയ്യുന്നത്. അത് അവരോട് തിന്മ

ചെയ്യാനായിട്ടല്ല; നിങ്ങൾ അവരെ തിന്മയിൽ നിന്നും പുറത്താക്കാൻ ശ്രമിക്കുന്നതാണ്. ജനങ്ങളല്ല സംഘടനയിലായിരിക്കുന്നത്; അത് അവർ ആയിരിക്കുന്ന വ്യവസ്ഥയാണ്, അതാണ് അവരെ ദണ്ഡിപ്പിക്കുന്നത്. കത്തോലിക്കരോ, പ്രൊട്ടെസ്റ്റാൻറുകാരോ, യഹൂദരോ അതല്ല എന്തായിരുന്നാലും ശരി അവർ സത്യസന്ധരാണ്. അവർ മനുഷ്യരാണ് ആരായാലും—ആരായാലും...

56 കന്യാകാസ്ത്രീകൾ ഒരു കോൺവെന്റിലേയ്ക്ക് പോകുന്നത് ഒരു മോശം സ്ത്രീയായിരിക്കാൻ വേണ്ടിയല്ല; അവർ ഒരു നല്ല സ്ത്രീയായിരിക്കാനാണ് പോകുന്നത്. അവർ ദൈവവുമായി അടുത്ത ബന്ധത്തിലായിരിക്കാൻ ആഗ്രഹിക്കുന്നു, എന്നാൽ ആ വ്യവസ്ഥയാണ് അതിനെ മലിനമാക്കുന്നത്. മോശമായ ഒരു വ്യക്തിയായിരിക്കാനാല്ല, എന്നാൽ ഒരു നല്ല വ്യക്തിയായിരിക്കാനാണ്, ഒരു വ്യക്തി ഒരു സഭയിൽ ചേരുന്നത്. എന്നാൽ ആ സഭയുടെ വ്യവസ്ഥ അത് വചനത്തിൽ നിന്നും ഈ ദിവസത്തേയ്ക്കായി ദൈവം വെച്ചിട്ടുള്ള അടിസ്ഥാനതത്വത്തിൽ നിന്നും വലിക്കുന്നു; അതാണ് അവരെ പുറത്താക്കിക്കളയുന്നത്.

57 ഇപ്പോൾ ഓർക്കുക, ദൈവം വചനമാണ്, ഭൂമിയിൽ ഓരോ കാലത്തിലും ആയിരിക്കുന്നവർക്കായി അവൻ അതതു കാലത്തെ വചനം വിഭാഗിച്ചു കൊടുത്തിരിക്കുകയാണ്. അവൻ അതിനെ സഭാ കാലങ്ങളായി വിഭാഗിച്ചിരുന്നു, അതിന്റെ ഓരോ അംശത്തേയും ഏഴു മുദ്രകൾ വെളിപ്പെടുത്തുന്നു. കാണുന്നോ?

58 എന്താണ് അവിടെ...ആയിരുന്ന രഹസ്യങ്ങൾ ഇന്നു രഹസ്യമായിരിക്കുന്നോ? വെളിപ്പാട് 10-ൽ, ഏഴാം സഭയുടെ ദൂതന്റെ സന്ദേശത്തിന്റെ അവസാനത്തിൽ, ഈ മറയ്ക്കപ്പെട്ടിരുന്ന രഹസ്യങ്ങൾ വെളിപ്പെടുത്തപ്പെടും, എന്നു നാം കണ്ടു, വെളിപ്പാട് 10:1-7. ശ്രദ്ധിക്കു, അതിന്റെ കാരണമെന്തെന്നാൽ ഈ കാലയളവിൽ ഒരു പ്രവാചകനും ഉണ്ടായിരുന്നില്ല. ബൈബിൾ ഇങ്ങനെ പറയുന്നു, "ദൈവം തന്റെ ദാസന്മാരായ പ്രവാചകന്മാരെ അറിയിക്കാതെ യാതൊരു കാര്യവും ചെയ്യുകയില്ല." മാത്രമല്ല ദൈവത്തിന്റെ വചനം എല്ലാ കാലത്തും, ഒരു കൂട്ടർക്കല്ല, ഒരു വ്യവസ്ഥിതിയ്ക്കുമല്ല, എന്നാൽ എപ്പോഴും പ്രവാചകന്മാരുടെ അടുക്കലാണ് വരുന്നത്.

59 ദൈവം ഒരിക്കലും ഒരു കൂട്ടരെ ഉപയോഗിച്ചിട്ടില്ല. ഏതെല്ലാം സമയം ഒരു കൂട്ടർ ഒരുമിച്ച് സംഘടിച്ചോ അപ്പോഴെല്ലാം, ദൈവം അതിനെ ഉപേക്ഷിച്ചുകളഞ്ഞു, ഒരിക്കലും തിരികെ വന്നിട്ടുമില്ല. അത് ശരിയോ തെറ്റോ എന്ന് ചരിത്രം പരിശോധിച്ചു മനസ്സിലാക്കുവിൻ. നാം അത് ആദ്യമേ തന്നെ ചെയ്തുകഴിഞ്ഞു. അവർ സംഘടിച്ചു കഴിഞ്ഞാൽ,

ഒരു തവണപോലും അവൻ ആ വ്യവസ്ഥയുമായി ഇടപെടില്ല; അത് ദൈവത്തിന് വിരുദ്ധമാണ്.

60 അതുകൊണ്ട്, നവീകരണത്തിന്റെ സമയം, അവിടെ നവോത്ഥദ്ധകർ കടന്നുവന്നു, അത് അങ്ങനെയായിരുന്നു എന്നു ഏഴ് മുദ്രകൾ തെളിയിക്കുന്നു. എന്നാൽ ഇപ്പോഴത്തെ അവസാന നാളുകളിൽ, അത് വീണ്ടും വെളിപ്പെടുത്തപ്പെടേണ്ടതുണ്ട്. എന്തെന്നാൽ നാം മലാഖി 4-ലെ വചനത്തിൽ അതു കണ്ടു പിടിച്ചു, അവിടെ ഒരു അഭിഷേകം കടന്നു വന്ന് ആദ്യ വിശ്വാസത്തെ പുനഃസ്ഥാപിക്കേണ്ടതുണ്ട്, "ആദിമ പെന്തെക്കോസ്ത് വിശ്വാസത്തിലേയ്ക്ക്, പിതാക്കന്മാരുടെ വിശ്വാസത്തിലേയ്ക്ക്, ജനങ്ങളെ തിരികെ കൊണ്ടുപോകേണ്ടതുണ്ട്."

61 ആദ്യ ഓട്ടക്കാരനായി നാം ഏലീയാവിനെ എടുത്തു; എലീശ അവനെ പിന്‍പറ്റാനായി നാം എടുത്തു; അതു കഴിഞ്ഞ് നാം സ്നാപക യോഹന്നാനെ എടുത്തു, അവനായിരുന്നു ആ ദിവസത്തെ ഏലീയാവ്; പിന്നെ നമുക്ക് മറ്റൊരാളെ ഈ ദിവസത്തേയ്ക്ക് വാഗ്ദത്തം ചെയ്തിരുന്നു.

62 ഇപ്പോൾ, മലാഖി 4-ൽ പറയപ്പെട്ടിരിക്കുന്ന ഏലീയാവല്ല സ്നാപക യോഹന്നാൻ. അവൻ മലാഖി 3-ലെ ഏലീയാവാണ്. യേശു ഇങ്ങനെ പറഞ്ഞിരിക്കുന്നു, "നോക്കു, വഴിയൊരുക്കാൻ, ഞാൻ എന്റെ ദൂതനെ എനിക്ക് മുമ്പായി അയയ്ക്കുന്നു." അവൻ അതായിരുന്നെന്ന് നാം കണ്ടുകഴിഞ്ഞു.

63 ഇപ്പോൾ, ആ സ്ഥാനങ്ങളെ കണ്ടുപിടിച്ചുകൊണ്ട്, നാം അതു ചെയ്യുന്നതിനാൽ, മറ്റെല്ലാ വചനങ്ങളും നമുക്ക്, ദൈവത്തിന്റെ പ്രചോദനത്താൽ അറിയാനിടയായിട്ട്, നാം അവസാന നാളുകളിൽ ആയിരിക്കുന്നു എന്ന് വെളിപ്പെടുത്തപ്പെട്ടു.

64 ഇപ്പോൾ, ഞാൻ പെന്തെക്കോസ്തൽ സന്ദേശവുമായി വരുകയാണെങ്കിൽ, ഞാൻ ലവോദിക്ക്യാ സഭാ കാലത്തിലായിരിക്കുന്നു, മാത്രമല്ല അത് ശരിയായിരിക്കുകയുമില്ല.

65 ആ കാരണത്താലാണ് വെസ്ലി ലൂഥറിന്റെ സന്ദേശം എടുക്കാതിരുന്നത്. ലൂഥർ ഒരു സഭാ കാലത്തിലും, വെസ്ലി മറ്റൊരു സഭാ കാലത്തിലും ആയിരുന്നു. യേശു, മോശെയുടെ സന്ദേശവുമായി വരുകയാണെങ്കിൽ...അത് പ്രാവർത്തികമാകുകയില്ലായിരുന്നു. മോശെ നോഹയുടെ സന്ദേശവുമായിട്ടാണ് വന്നിരുന്നതെങ്കിൽ, അത് പ്രാവർത്തികമാകില്ലായിരുന്നു.

66 ദൈവം തന്റെ—തന്റെ—തന്റെ ജനങ്ങൾക്ക്, ഓരോ കാലത്തിനായും, ഒരോ വചനം നൽകിയിട്ടുണ്ട്. ആ കാലം, ആ

സമയത്തിൽ, അത് നിലവിൽ വരുംമുമ്പ്, സഭ അത്രയേറെ ക്കുട്ടിക്കുഴക്കപ്പെട്ടുകയും, അവർ എവിടെയായിരിക്കുന്നു എന്ന് അവർക്ക്—അവർക്ക് അറിയാനാകുന്നുമില്ല.

67 ആ കാരണത്താലാണ് അവർ യേശു ദൈവ പുത്രനായിരുന്നു എന്ന കാര്യം തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടത്. അവർ, തങ്ങളുടെ പാരമ്പര്യോപദേശത്താൽ അവരുടെ കണ്ണുകളെ കുരുടാക്കിയിരുന്നു, എന്നാൽ അവനോ വചനുമായി ശരിയായി തന്നെ നിന്നിരുന്നു.

68 പ്രവാചകന്മാരും അങ്ങനെ തന്നെയായിരുന്നു. യേശു പറഞ്ഞു, "നിങ്ങൾക്കായി അയയ്ക്കപ്പെട്ട പ്രവാചകന്മാരിൽ ആരെയാണ് നിങ്ങൾ കല്ലെറിയാതിരുന്നത്?" പിന്നെയും, ദൈവം തന്റെ പ്രവാചകനെ അയയ്ക്കുന്നു...പ്രവാചകൻ എന്നത് ദൈവത്തിന്റെ ജീവനുള്ള വചനം, പ്രകടമാക്കപ്പെട്ടതാകുന്നു.

69 യേശു പറഞ്ഞു, "ഞാൻ 'ദൈവപുത്രൻ' എന്നു പറയുന്നതിനാൽ നിങ്ങൾ എങ്ങനെ കുറ്റം വിധിക്കുന്നു, നിങ്ങളുടെ ന്യായപ്രമാണത്തിൽ... നിങ്ങൾ പറഞ്ഞിരിക്കുന്നത്, ദൈവത്തിൽ നിന്നും വചനം വന്നിരുന്നവരെ, അത് പ്രവാചകന്മാരായിരുന്നു, നിങ്ങൾ അവരെ 'ദേവന്മാർ' എന്നു വിളിച്ചിരുന്നില്ലേ? അവർ ആകുന്നു, തിരുവചനത്തിന് നീക്കം വന്നുകൂടല്ലോ?" അവൻ ചോദിച്ചു, "എങ്കിൽ നിങ്ങൾ എന്നെ എങ്ങനെ കുറ്റം വിധിക്കും?" അവൻ ആയിരുന്നപ്പോൾ... അവർ ന്യായപ്രമാണത്തിന്റെ ഭാഗങ്ങളായിരുന്നു, അവർ ദൈവ വചനത്തിന്റെ ഭാഗങ്ങളായിരുന്നു, എന്നാൽ യേശു ദൈവ വചനത്തിന്റെ പൂർണ്ണതയായിരുന്നു. അവന്റെ വീണ്ടെടുപ്പിന്റെ സകല പദ്ധതിയും, ദൈവത്തിന്റെ മുഴുവൻ പര്യാപ്തതയും, അവനിലായിരുന്നു.

70 ഇപ്പോൾ, സഭാകാലങ്ങളിൽ ഉടനീളം, അവർ അതു തന്നെയാണ് ചെയ്തത്. ആ സമയത്ത് വിട്ടുപോയ എല്ലാ രഹസ്യങ്ങളും ഏഴു മുദ്രകൾ വെളിപ്പെടുത്തുന്നു, എന്തുകൊണ്ടെന്നാൽ നമുക്ക് പ്രവാചകന്മാർ ഉണ്ടായിരുന്നില്ല, വചനം മതപരിഷ്കർത്താക്കളിലേയ്ക്ക് വരുന്നില്ല. പ്രവാചകന്മാർ!

71 ദൈവം മാറ്റമില്ലാത്തവനാകുന്നു. മലാഖി 3-ൽ അവൻ പറഞ്ഞിരിക്കുന്നു, "കർത്താവായ ഞാൻ മാറാത്തവൻ." എന്തെങ്കിലും ചെയ്യുന്ന ദൈവത്തിന്റെ ആദ്യത്തെ രീതി എന്നത്, അത് ദൈവം എപ്പോഴെങ്കിലും ചെയ്യുന്നതിന്റെ അതേ രീതിയിലായിരിക്കും. ഏദേൻ തോട്ടത്തിൽ വെച്ച്, നിർദ്ദോഷിയായ ഒരുവന്റെ രക്തത്താൽ മനുഷ്യനെ രക്ഷിക്കാൻ ദൈവം തീരുമാനിച്ചിരുന്നു, അത് അവൻ അന്നു മുതൽ ഒരിക്കലും മാറ്റിയില്ല, അത് മാറ്റുകയുമില്ല. വിദ്യാഭ്യാസത്താലും, കെട്ടിടങ്ങളാലും, പദ്ധതികളാലും, വിഭാഗീയ

സഭകളാലും, സാന്മാർഗ്ഗീയതയാലും, മറ്റെല്ലാറ്റിനാലും, നാം ശ്രമിച്ചുനോക്കി, അതെല്ലാം തോൽവിയടഞ്ഞു. എന്നാൽ ദൈവം ഒരേ ഒരു സ്ഥലത്തു മാത്രമേ മനുഷ്യനെ കണ്ടുമുട്ടുകയുള്ളൂ, അത്, നിർദ്ദോഷിയുടെ രക്തത്തിൻ കീഴിൽ. രക്തത്താൽ മാത്രം! അതായിരുന്നു അവന്റെ ആദ്യ തീരുമാനം. കാണുന്നോ?

72 നമുക്ക് ഒരു തീരുമാനം എടുക്കാനാകും, അടുത്ത വർഷം നമുക്ക് അതിനെക്കാൾ നന്നായി ചിന്തിക്കാനായേക്കാം. അടുത്ത വർഷം അതിനെക്കുറിച്ച് നമുക്ക് ഉണ്ടായിരുന്നതിനേക്കാൾ നല്ല ഒരു ആശയം കിട്ടിയെന്നു വരാം. ദൈവത്തിനാകില്ല; അവൻ സർവ്വശക്തനാണ്. അവന്റെ ആദ്യ തീരുമാനം തന്നെ സമ്പൂർണ്ണമായതാണ്; ഒന്നിനും അതിനെ മാറ്റാനാകില്ല. എനിക്ക് അധികമായി പഠിക്കാൻ കഴിഞ്ഞെന്നിരിക്കാം; നാം അനന്തരല്ല. എനിക്ക് അധികം ഗ്രഹിക്കാനായെന്നു വന്നേക്കാം, നിങ്ങൾക്ക് അധികം ഗ്രഹിക്കാനായി എന്നും വരാം. എന്നാൽ ദൈവത്തിന് അധികം ഗ്രഹിക്കാനായി എന്നില്ല; അവൻ ആദി മുതൽക്കേ സമ്പൂർണ്ണനാണ്. അങ്ങനെയാണെങ്കിൽ, പിന്നെ, അവന്റെ ആദ്യ തീരുമാനത്തിൽ, നിങ്ങളുടെ പ്രാണനിൽ ഉറച്ചിരിക്കട്ടെ. ബൈബിൾ എന്താണോ പറയുന്നത്, അതു തന്നെ!

73 ഏതെങ്കിലും ഒരു ദിവസം ദൈവത്തിന് ലോകത്തെ ന്യായം വിധിക്കേണ്ടതുണ്ട്. കത്തോലിക്കർ പറയുന്നത് അവൻ കത്തോലിക്കക്കാർ മൂലം ലോകത്തെ ന്യായം വിധിക്കും എന്നാണ്. അത് അപ്രകാരമാണെങ്കിൽ, ഏതു കത്തോലിക്കാ സഭയായിരിക്കും? അവരിൽ ഒന്ന് മറ്റതുമായി വ്യത്യാസമുണ്ട്. അതിനെ പ്രൊട്ടെസ്റ്റാന്റ് സഭമൂലമാണ് ന്യായം വിധിക്കാൻ പോകുന്നെന്നു നിങ്ങൾ പറയുമ്പോൾ, ഏതു പ്രൊട്ടെസ്റ്റാന്റ് സഭയാണ്? അവർ ഒന്ന് മറ്റതുമായി വ്യത്യസ്തപ്പെട്ടിരിക്കുന്നു. അത് അല്പം കൂട്ടിക്കുഴയ്ക്കപ്പെട്ടതായി കാണപ്പെടുന്നു; എവിടെയാണ് നിൽക്കേണ്ടതെന്ന് ആർക്കും അറിയില്ല. മെഥോഡിസ്റ്റാണ് ശരിയെങ്കിൽ, ബാപ്റ്റിസ്റ്റ് നഷ്ടമായി. പ്രൊട്ടെസ്റ്റാന്റ് ശരിയെങ്കിൽ, കത്തോലിക്കർ നഷ്ടമായി; കത്തോലിക്കർ ശരിയെങ്കിൽ, പ്രൊട്ടെസ്റ്റാന്റ്കാർ നഷ്ടപ്പെട്ടുപോയി.

74 എന്നാൽ അവൻ ലോകത്തെ യേശുക്രിസ്തു മുഖാന്തരം ന്യായം വിധിക്കുമെന്നു ബൈബിൾ പറയുന്നു, അവൻ വചനമാകുന്നു. എങ്കിൽ പിന്നെ, അവൻ അതിനെ വചനത്താൽ ന്യായവിധി നടത്തും.

75 എല്ലാ വിഭാഗീയ സഭകളും തങ്ങളുടേതായ വിശ്വാസപ്രമാണങ്ങൾ ഉണ്ടാക്കാനായി, വചനത്തിൽ നിന്നും ദൂരം പോയിരിക്കുന്നു. എവിടെയാണ് അവർ മുഴുവൻ വചനവും എടുക്കുന്നതെന്ന് ആരെങ്കിലും

എനിക്ക് തെളിയിച്ചു തരാൻ ഞാൻ ആവശ്യപ്പെടുകയാണ്. അവർക്ക് അത് ചെയ്യാനാകില്ല, എന്തെന്നാൽ അത് മനുഷ്യനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു വ്യവസ്ഥയാണ്. അവിടെ നിങ്ങൾക്ക് മനുഷ്യർ...

76 ഒരിക്കൽ ഒരു മനുഷ്യനോടല്ലാതെ ദൈവം ഒരിക്കലും ഇടപെട്ടിട്ടില്ല. അവന് ഒരേ സമയത്ത് രണ്ടു പ്രവാചകന്മാർ പോലും ഉണ്ടായിരുന്നിട്ടില്ല. ഒരെണ്ണം! ദൈവത്തിന് ഒരു മനുഷ്യനെ തന്റെ കൈകളിൽ എടുക്കാനാകും. അവൻ നിങ്ങളുമായി...നിങ്ങളുടെ സംഘടനയുമായി ഇടപെടുകയില്ല; അവൻ നിങ്ങളുമായിട്ടാണ് ഇടപെടുക.

77 ഇപ്പോൾ, ഈ അടിസ്ഥാനത്തിന്മേലാണ്, നാം കാഹളങ്ങളുടെ ഉത്സവത്തിലേയ്ക്ക്, മറഞ്ഞിരിക്കുന്ന രഹസ്യങ്ങളിലേയ്ക്ക് വന്നിരിക്കുന്നത്. അത് ആ രീതിയിൽ തന്നെയാകും എന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നു, ആയതിനാൽ അത് ആയിരിക്കുന്ന രീതിയിൽ തന്നെ വെളിപ്പെടേണ്ടതായിട്ടുണ്ട്. എന്നാൽ, മലാഖിയുടെ 4-ആം അദ്ധ്യായത്തിലും, ലൂക്കോസ് 17:30-ലും, എബ്രായർ 13:8, എബ്രായർ 4:12, അത്തരത്തിലുള്ള അനേക വചനങ്ങളിലും, അവൻ എങ്ങനെയാണ് ചെയ്യാൻ പോകുന്നത് എന്ന് പറഞ്ഞിരുന്നതുപോലെ, ഞാൻ എന്താണോ ഇവിടെ പറഞ്ഞത് അത് നിറവേറ്റാനായി, അവസാന നാളുകളിൽ അത് വെളിപ്പെടേണ്ടതുണ്ട്. അത് നിങ്ങളിൽ ചിലർക്ക് അസ്വാഭിവികമായി തോന്നിയേക്കാം, ഞാൻ നിങ്ങളോട് ഇത് പറയട്ടെ ദൈവം എപ്പോഴും...ദൈവം തന്റെ ജനങ്ങളുടെ ഇടയിൽ ഉണ്ടെന്നുള്ളത് അവൻ പ്രവചനം നടത്തിക്കൊണ്ടാണ് അറിയിക്കുന്നത്.

78 യഹൂദർ അവരുടെ പ്രവാചകന്മാരെ എപ്പോഴും വിശ്വസിക്കണം എന്നു അറിഞ്ഞിരുന്നു. അവൻ പറഞ്ഞു, "നിങ്ങളുടെ ഇടയിൽ ഒരുവൻ ഉണ്ടെങ്കിൽ, കർത്താവായ ഞാൻ അവനോട് ആത്മീയ സ്വപ്നങ്ങളാലും ദർശനങ്ങളാലും സംസാരിക്കും. അവൻ പറയുന്നത് സംഭവിക്കുന്നെങ്കിൽ, അവന് ചെവികൊടുപ്പിൻ." അവർ എല്ലായിപ്പോഴും...

79 ആയതിനാലാണ് അവർക്ക് യേശുവിനെ തിരിച്ചറിയാൻ കഴിയാതെ, അവനെ മറ്റൊരു വിഭാഗത്തിൽപ്പെടുന്നവനാക്കി, അങ്ങനെ അവർ അവനെ ഒരു ദുഷ്ടാത്മാവാക്കി, "ബെത്സബൂബ്," എന്തുകൊണ്ടെന്നാൽ അവൻ അവരുടെ ഹൃദയത്തിലെ വിചാരങ്ങൾ എന്തായിരുന്നെന്നു വിവേചിക്കാൻ കഴിവുള്ളവനായിരുന്നു. അതാണ് വചനത്തിന്റെ ചിഹ്നമെന്ന് നമുക്ക് എല്ലായ്പ്പോഴും അറിയാമായിരുന്നു.

80 എബ്രായർ 4-ആം അദ്ധ്യായം 12-ആം വാക്യത്തിൽ, പറയുന്നത്, “ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടിവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.”

81 “പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ ഞാൻ നിങ്ങളോട് പറഞ്ഞതിനെ നിങ്ങളെ ഓർമ്മിപ്പിക്കുകയും, സംഭവിക്കാനുള്ളവയെ കാണിച്ചു തരികയും ചെയ്യും.”

82 എബ്രായർ 1, “ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിചെയ്തിട്ട്, ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിചെയ്തിരിക്കുന്നു.” അതേ ദൈവം തന്നെ, പ്രവാചകന്മാരിൽ നിന്നും മാറ്റപ്പെട്ട് പുത്രനായി തീർന്നു. അത്ര തന്നെ. കാണുന്നോ? എപ്പോഴും ഒരേ തരത്തിലുള്ള സന്ദേശം, പ്രവർത്തിക്കുന്നതും ഒരേ രീതിയിൽ തന്നെ.

83 ഇപ്പോൾ, സഭകൾ ഈ സ്ഥിതിയിലായിരിക്കുമെന്നും, തിരികെ പുനഃസ്ഥാപിക്കപ്പെട്ടുമെന്നും പ്രവചിക്കപ്പെട്ടിരുന്നു. “ഏലീയാവ് പ്രവാചകനെ അയച്ച്, ജനങ്ങളെ വീണ്ടും പുനഃസ്ഥാപിക്കും,” അവൻ അതു ചെയ്യും, അവൻ മലാഖി 4-ൽ, അത് പറഞ്ഞിരുന്നു, അതുമായി...കൊണ്ടു വരും. ശ്രദ്ധിക്കു. അതിനു തൊട്ടു മുമ്പായി... അതല്ലെങ്കിൽ, അവന്റെ സന്ദേശം കഴിഞ്ഞ ഉടനെ തന്നെ, ലോകത്തെ കത്തിയെരിക്കുന്ന സമയം കടന്നുവരും, നീതിമാന്മാർ ചാരത്തിനു മുകളിലൂടെ നടക്കും.

84 ഇപ്പോൾ, ഒരു പക്ഷേ ചില ദൈവശാസ്ത്ര പണ്ഡിതർ, ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് ഈ ടേപ്പ് കേൾക്കുന്നുണ്ടെങ്കിൽ, അത്, അത്, യോഹന്നാൻ ആയിരുന്നു എന്നു നിങ്ങൾ ചിന്തിക്കാം, ഓർക്കു, എന്നാൽ, ആ വചനം തെറ്റിപ്പോയി, എന്തെന്നാൽ യോഹന്നാന്റെ സന്ദേശത്തിനു ശേഷം ലോകം ചുട്ടെരിയിക്കപ്പെട്ടില്ല. യേശു ജനങ്ങളെ ആയിരമാണ്ട് വാഴ്ചയിലേയ്ക്ക് കൊണ്ടുപോകാനായി വന്നതല്ല; എന്നാൽ ഏലീയാവിന്റെ ആത്മാവ് ഭൂമിയിൽ വീണ്ടും വന്നതിനുശേഷം അവൻ അത് ചെയ്യുമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്.

85 മലാഖി 4-ൽ നാം ശ്രദ്ധിച്ചാൽ, (എന്താണ്?) ഇവിടെ ജനങ്ങളുടെ വിശ്വാസം തിരികെ ആദ്യ പിതാക്കന്മാരിലേയ്ക്ക്, പെന്തെക്കോസ്ത് ഉപദേശത്തിലേയ്ക്ക്, ആദ്യ പിതാക്കന്മാരിലേയ്ക്ക്,

തിരികെ പുനഃസ്ഥാപിക്കേണ്ടതായിട്ടുള്ളതായി കാണുന്നു. അവൻ തിരികെ ജനങ്ങളെ പിതാക്കന്മാരിലേയ്ക്ക് പുനഃസ്ഥാപിക്കയും ചെയ്യും.

86 നാം ലൂകൊസ് 17-ൽ കണ്ടത്, ലൂക്കൊസ് 17:33, അവൻ ഈ അവസാന നാൾക്കളിൽ വരുമ്പോൾ, യേശു അങ്ങനെ പറഞ്ഞതായി നാം കണ്ടുകഴിഞ്ഞു, "അതുപോലെയായിരിക്കും മനുഷ്യപുത്രന്റെ വരവിൻ നാളിലും, മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾ, ലോത്തിന്റെ നാൾ പോലെയായിരിക്കും."

87 ഇപ്പോൾ ശ്രദ്ധിക്കു, അവൻ മൂന്ന് പുത്രന്മാരുടെ പേരുകളിലാണ് വരിക. അവൻ ദാവീദ് പുത്രനായി വരും...അല്ലെങ്കിൽ മനുഷ്യപുത്രൻ, ദൈവ പുത്രൻ, ദാവീദ് പുത്രൻ.

88 ഇപ്പോൾ, അവൻ മനുഷ്യപുത്രനായി വരേണ്ടതുണ്ട്, എന്തുകൊണ്ടെന്നാൽ അവൻ ഒരു പ്രവാചകനായിരുന്നു. സ്വയം, യഹോവ, "മനുഷ്യപുത്രൻ" എന്നാണ് പ്രവാചകന്മാരെ വിളിച്ചിരുന്നത്. യേശു ഒരിക്കലും അവനെ ദൈവപുത്രൻ എന്നു പരാമർശിച്ചിട്ടില്ല. അവൻ സ്വയം അവനെ എല്ലായ്പ്പോഴും, മനുഷ്യപുത്രൻ എന്നാണ് പരാമർശിച്ചിരുന്നത്. മാത്രമല്ല ശ്രദ്ധിക്കു, അവൻ അന്ന് അവനെ ഒരു പ്രവാചകനായി, ഒരു മുൻകൂട്ടി പറയുന്നവനായി, വെളിപ്പെടുത്തി. പറഞ്ഞു, "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികളെ ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കേണ്ട." അവനെക്കുറിച്ച് തിരുവചനത്തിൽ അരുളിചെയ്തിരുന്ന സകല വിധത്തേയും; അവന്റെ ജനനം, അവന്റെ ക്രൂശുമരണം, അവന്റെ മരണവും, അടക്കവും, ഉയിർത്തെഴുന്നേല്പ് പോലും അവൻ അതിനാൽ സന്ധിച്ചു. അവന്റെ പ്രവൃത്തിയാൽ, അവൻ ഒരു മുൻകൂട്ടി പറയുന്നവനാണ്, ആ മനുഷ്യപുത്രനാണ് എന്ന പരാമർശത്തെ കണ്ടുമുട്ടി.

89 ഇപ്പോൾ, അവൻ എല്ലാം സഭാ കാലങ്ങളിലും, സഭാ കാലങ്ങളിലുടനീളം, ദൈവ പുത്രനായിട്ടാണ്, വെളിപ്പെട്ടിരിക്കുന്നതെങ്കിൽ, ഇപ്പോൾ ശ്രദ്ധിക്കു. ദൈവം ആത്മാവായിരിക്കെ, പരിശുദ്ധാത്മാവ്, ആരാധനയ്ക്കു കൂടിവരുന്നവരുടെ ഇടയിൽ, സഭാകാലങ്ങളിലുടനീളവും, ജനങ്ങളുടെ ഇടയിൽ പരിശുദ്ധാത്മാവായിട്ടാണ് അവനെ സ്വയം വെളിപ്പെടുത്തിയിരിക്കുന്നത്.

90 അവസാന സഭാകാലത്തിൽ, ലവൊദിക്ക്യാ സഭാ കാലത്ത്, അവൻ സഭയുടെ പുറത്തേയ്ക്ക് തള്ളപ്പെട്ടതായി, നാം കാണുന്നു. ലവൊദിക്ക്യാ സഭാ കാലത്തിലല്ലാതെ, മറ്റൊരു സഭാ കാലത്തിലും, അവനെ പുറത്താക്കി കളഞ്ഞതായി നമുക്ക് കാണാനാകില്ല. "എന്തെന്നാൽ, അവർ പറഞ്ഞത്, 'ഞങ്ങൾ ധനവാന്മാർ, ഞങ്ങൾക്ക്

യാതൊന്നിന്റെയും ആവശ്യമില്ല.' മാത്രമല്ല, അവർ നഗ്നരും, കുരുടരും, അരിഷ്ടരുമാണെന്ന് അറിയാതെയുമിരുന്നു." അവനെ സഭയുടെ പുറത്തേയ്ക്ക് എറിഞ്ഞു കളഞ്ഞു.

91 ലൂക്കൊസ് 17-ൻ പ്രകാരം, അവൻ പറയുന്നു, "മനുഷ്യപുത്രന്റെ വരവും, സോദോമിന്റെ നാൾക്കളിൽ എന്നതു പോലെ തന്നെ ആകും." ഇപ്പോൾ നാം വായിച്ചുകൊണ്ടിരിക്കുന്ന അതേ ഉല്പത്തി തന്നെയാണ് അവൻ വായിച്ചത്. സോദോമിൽ സംഭവിച്ചത് എന്താണെന്നു ശ്രദ്ധിക്കു. സോദോമിൽ എന്തായിരുന്നു? അബ്രഹാം...

92 എപ്പോഴും മൂന്നു തരം ജനങ്ങളുണ്ട്. അവിടെ സോദോമിനും വെളിയിലായി, അബ്രഹാം ഉണ്ടായിരുന്നു, തെരെഞ്ഞെടുക്കപ്പെട്ടവനും വിളിക്കപ്പെട്ടവനുമായിരുന്നു. അവിടെ, കീഴ് വശത്ത്, ലോത്തുണ്ടായിരുന്നു, സഭയുടെ അംഗം അതല്ലെങ്കിൽ വിഭാഗീയ സഭയിലെ മനുഷ്യൻ; പട്ടണത്തിന്റെ മേയറായിരിക്കുകയും, പട്ടണവാതിൽക്കലിൽ ഇരിക്കയും ചെയ്തിരുന്നു, അവൻ ലോകത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരുന്നു; അവൻ ഒരു ന്യായാധിപനായിരുന്നു, അത് ഒരു മേയറാണ്. അവിടെ, സോദോമ്യരും കൂടെ, ഉണ്ടായിരുന്നു.

93 ഇപ്പോൾ, സന്ധ്യാസമയത്ത്, അല്ലെങ്കിൽ ഉച്ചയാറിയപ്പോൾ, അബ്രഹാം തന്റെ ഓക്ക് മരത്തിൻ ചുവട്ടിലായിരുന്നു, മൂന്നു ദൂതന്മാർ അവന് പ്രത്യക്ഷരായി. അവരിൽ രണ്ടു പേർ സോദോമിലേയ്ക്ക് പോവുകയും, സുവിശേഷം പ്രസംഗിച്ചുകൊണ്ട് അവരെ പുറത്തേയ്ക്ക് വിളിക്കാൻ ശ്രമിച്ചു. അവർ അത് അനുസിരിച്ചില്ല; അവർ കാമവൃകൃതി പൂണ്ടിരുന്നു. ലോത്തും, അവന്റെ ഭാര്യയും, അവന്റെ രണ്ടു പെൺകുട്ടികളും മാത്രം, പുറപ്പെട്ടു വന്നു. ഭാര്യ തിരിഞ്ഞു നോക്കിതിയനാൽ ഉപ്പുതൂണായിത്തീർന്നു.

94 എന്നാൽ അബ്രഹാമിനോടൊപ്പം നിന്നുകൊണ്ട് അബ്രഹാമിനോട് സംസാരിച്ചവൻ, അബ്രഹാം അവനെ "ഏലോഹീം, സർവ്വശക്തിയുള്ളവൻ," എന്നു വിളിച്ചു. ഉല്പത്തി 1, "ദൈവം! ആദിയിൽ, ദൈവം," ഏലോഹീം, സർവ്വവല്ലഭവമുള്ള ആ— ആ ഒരുവൻ, സ്വയം നിലനിൽക്കുന്നവൻ. അബ്രഹാം അവനെ "ഏലോഹീം," എന്നു വിളിച്ചു. അവൻ അബ്രഹാമിനോടൊപ്പം ഭക്ഷിപ്പാനിരുന്നു; അവൻ കുടിച്ചു; അവൻ ഒരു മനുഷ്യ ശരീരത്തിലായിരുന്നു. അവൻ അബ്രഹാമിന് കൊടുത്ത അടയാളത്തെ ശ്രദ്ധിക്കു.

95 ഇപ്പോൾ, അവർ വരുവാനുള്ള ഒരു പുത്രനെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു, യിസ്ഹാക്ക്, ഒരു വാഗ്ദത്ത പുത്രൻ. ഇരുപത്തിയഞ്ചു വർഷത്തെ, ദീർഘ യാത്രയിൽ, അവർ

അതിനായി നോക്കിയിരിക്കുകയായിരുന്നു, എന്നാൽ അവർ അവരുടെ യാത്രയുടെ അന്ത്യത്ത് എത്തിയിരുന്നു. ദൈവം പ്രകാശവും, മറ്റുമായി, സഭാ കാലങ്ങളിലൂടനീളം ആയിരുന്നതു പോലെ, അവൻ അനേക രൂപങ്ങളിലും, ശബ്ദത്താലും, മറ്റും അവൻ അബ്രഹാമുമായി സംസാരിച്ചിരുന്നു, പ്രത്യക്ഷപ്പെട്ടുമായിരുന്നു. എന്നാൽ വരാനായി വാഗ്ദത്തം നൽകിയിരുന്ന പുത്രൻ വന്നെത്തുന്നതിനു മുമ്പ്...ഇപ്പോൾ നാം അതിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ കണ്ടതാണ്, ഞാൻ അതിനെ നിങ്ങൾക്ക് കിട്ടാനായി, ആവർത്തനകഥനം ചെയ്യുകയാണെന്ന് നിങ്ങൾക്കറിയാം. അതായത്, അതു കഴിഞ്ഞ ഉടൻ തന്നെ, അവർ ആ പുത്രനെ സ്വാഗതം ചെയ്യാനായി, അവൻ അബ്രഹാമിന്റെയും സാറായുടെയും ശരീരത്തെ വ്യതിയാനപ്പെടുത്തി.

96 പുത്രൻ വന്നെത്തും മുമ്പ്, അവർക്ക് ലഭിച്ച അവസാനത്തെ അടയാളം ശ്രദ്ധിപ്പിൻ, ഒരു മനുഷ്യ രൂപത്തിൽ യഹോവ അവരോട് സംസാരിക്കുന്നു എന്നുള്ളതായിരുന്നു. ഇത് യഹോവയായിരുന്നു എന്ന് അവർ എങ്ങനെയാണ് അറിഞ്ഞത്, എങ്ങെനെയെന്നാൽ അവൻ പറഞ്ഞു, "അബ്രഹാം," അബ്രാം എന്നല്ല. അതിന് ചില നാളുകൾക്കു മുമ്പ്, ദൈവം അവന്റെ പേർ മാറ്റിയിരുന്നു. "നിന്റെ ഭാര്യ സാറാ എവിടെ?" സാറായി അല്ല *സാറാ*, "രാജകുമാരി."

അപ്പോൾ അബ്രഹാം പറഞ്ഞു, "നിന്റെ പിന്നിൽ, അവൾ കൂടാരത്തിനകത്തുണ്ട്."

97 അവൻ പറഞ്ഞു, "ഞാൻ," അത് ഒരു വ്യക്തിപരമായ സർവ്വ നാമമാണ്, "എന്റെ പ്രതിജ്ഞപ്രകാരം ഞാൻ നിന്നെ സന്ദർശിക്കും. ജീവോല്പാദന സമയത്ത്, അടുത്ത ഇരുപത്തിയെട്ടു ദിവസങ്ങൾക്കുള്ളിൽ, സാറായ്ക്ക് എന്തോ ചിലത് സംഭവിക്കാൻ പോകുന്നു."

98 കൂടാരത്തിൽ ഇരുന്നിരുന്ന സാറാ, തന്നെത്താൻ ചിരിച്ചുകൊണ്ട് അവളുടെ ഹൃദയത്തിൽ ഇങ്ങനെ പറഞ്ഞു, "ഇത് എപ്രകാരം സംഭവിക്കും, ഞാൻ വൃദ്ധയായിരിക്കുന്നു; എന്റെ യജമാനൻ, അബ്രഹാമിനും വയസ്സു ചെന്നിരിക്കുന്നു, എനിക്ക് എന്റെ യജമാനനുമായി സുഖഭോഗം ഉണ്ടാകുമെന്നോ?"

99 അപ്പോൾ ആ ദൂതൻ, അന്യഥാ ആ മനുഷ്യൻ, പറഞ്ഞു, "സാറാ അവളുടെ ഹൃദയത്തിൽ ചിരിച്ചതെന്താണ്?" അവന്റെ പിന്നിലുള്ള തമ്പിനകത്ത്! "ഇത് സംഭവിക്കാനിടയില്ല എന്ന് എന്തുകൊണ്ടാണ് അവൾ പറഞ്ഞത്?" കാണുന്നോ? ഒരു പ്രവാചകനെപ്പോലെ, മനുഷ്യ ശരീരത്തിലായ ഒരു മനുഷ്യൻ, അപ്പോഴും അവന്റെ പിന്നിലായിരുന്ന

സാറായുടെ ഹൃദയത്തിലുണ്ടായ വിചാരം എന്തായിരുന്നു എന്നതിനെ വിവേചിച്ചത് ഏലോഹീം ആയിരുന്നു.

100 യേശു പറഞ്ഞു, "ലോത്തിന്റെ കാലത്ത് സംഭവിച്ചതുപോലെ തന്നെ ലോകാവസാനം വരുമ്പോഴും സംഭവിക്കും, മനുഷ്യപുത്രൻ," ദൈവപുത്രനല്ല, "മനുഷ്യപുത്രൻ, വെളിപ്പെടുമ്പോൾ."

101 അത് കാലത്തിലൂടെ സംഭവിച്ചു കാണുന്നില്ലേ. തിരുവചനം സമ്പൂർണ്ണമായി തുടർച്ചയിലായിരിക്കുന്നതു കാണുന്നില്ലേ? ആ നിഗൂഢതകൾ; കർത്താവായ യേശുവിന്റെ നാമത്തിലെ സ്നാനം പോലും, അത് ഏകത്വക്കാരുടെ ആശയവുമായി വളരെ ദൂരത്തായിരിക്കുന്നു; ഈ വക കാര്യങ്ങളിലൂടെ, പരിശുദ്ധാത്മാവ് സഞ്ചരിച്ചുകൊണ്ട് സമ്പൂർണ്ണമായി എങ്ങനെയാണ് കാണിച്ചുതന്നത്; വാസ്തവമായ പരിശുദ്ധാത്മാവിന്റെ അഭിഷേകം, അടയാളം, മറ്റുള്ളവയെല്ലാം, അതിന്റേതായ സ്ഥാനത്തു വെച്ചു; എപ്രകാരമാണ് എല്ലാ പരിഷ്കർത്താക്കളെയും അതിന്റേതായ സ്ഥാനത്തു വെച്ചത്, തികച്ചും പരിപൂർണ്ണമായിരുന്നു. അത് ഒരു മൂലയ്ക്കായിട്ടല്ല, നമ്മുടെ കണ്ണിനു നേരെ മുമ്പിലേയ്ക്ക്. ഇത് ലോകം മുഴുവൻ അറിഞ്ഞു. (*ഈ* ദിവസത്തിലേയ്ക്ക് മുൻനിയമിക്കപ്പെട്ടിരുന്ന വചനത്തെ ഉളവാക്കിക്കൊണ്ട്, *എല്ലാ* കാലത്തിലേയ്ക്കും ജീവിക്കാനായി നൽകപ്പെട്ടിരുന്നതുപോലെ, ദൈവ പുത്രനായ യേശു, വചനത്തിലൂടെ സ്വയം വെളിപ്പെടുത്തുന്നു.) മാത്രമല്ല, അത് വിശ്വസിക്കുന്നതു തന്നെ, പിരശുദ്ധാത്മാവ് ഉണ്ട് എന്നതിന്റെ സാക്ഷ്യമാകുന്നു.

102 നീതി, "സഭയിൽ പോകുന്നുണ്ട്" എന്നത് പരിശുദ്ധാത്മാവുണ്ട് എന്നതിന്റെ സാക്ഷ്യമാണ് എന്നു നിങ്ങൾക്ക് അഭിപ്രായപ്പെടാനാകില്ല. നിങ്ങൾ അത് ചെയ്യുമെങ്കിൽ, എന്നാൽ ആ പരീശന്മാർക്കും ഉണ്ടായിരുന്നു. കാണുന്നോ? "കുലുങ്ങുന്നതിനാലോ അതല്ല ചാടുന്നതിനാലോ" അത് പരിശുദ്ധാത്മാവിന്റെ സാക്ഷ്യമാണെന്ന് പറയാനാകില്ല. നിങ്ങൾ അത് ചെയ്യുന്നെങ്കിൽ, വിഗ്രഹാരാധകൻ പോലും അതു ചെയ്യുന്നു. നിങ്ങൾ പറയുകയാണ്, "അന്യ ഭാഷകളിൽ സംസാരിക്കുന്നതോ," എന്താ—എന്താ അന്യഭാഷകളിൽ സംസാരിച്ചുകൊണ്ടല്ലേ പിശാചിനെയും ആരാധിക്കുന്നത്? ഒരെണ്ണം എന്നോട് പറയൂ.

ആഫ്രിക്കയിൽ നിന്നും, ആഫ്രിക്കയിൽ നിന്നുമുള്ള സഹോദരൻ ജാക്സൺ ഇവിടെ ഇരിക്കുന്നു, അയാൾക്ക് നിങ്ങളോട് അത് പറയാനാകും. ഞാൻ ഇവിടെ ഇൻഡ്യാക്കാരുടെ താവളത്തിൽ ഉണ്ടായിരുന്നു, മന്ത്രികരും മന്ത്രവാദിനികളും തങ്ങളെ വെട്ടിമുറിവേൽപ്പിക്കുന്നത് കണ്ടിട്ടുണ്ട്, അവരുടെ സ്വന്ത രക്തം

ചൊരിയിച്ചുകൊണ്ട്, അന്യഭാഷകളിൽ സംസാരിക്കുന്നു; മന്ത്രവാദിനി ആചാര്യൻ അതിനെ വ്യാഖ്യാനിക്കുന്നു, അവർ ഒരു പെൻസിൽ നിലത്തിടുന്നു, അവ അന്യഭാഷകളിൽ എഴുതുന്നു. അതിനാൽ അതല്ല അത്. എന്നാൽ അത്...

103 വാസ്തവമായ തെളിവ് എന്താണ്? യേശു പറഞ്ഞു, "ഞാൻ തന്നെ അവൻ എന്നു നിങ്ങൾ വിശ്വസിക്കുന്നതാണ്." അവൻ വചനമാകുന്നു.

104 എന്തുകൊണ്ടാണ് അവർക്ക് അത് മനസ്സിലാകാത്തത്? ആ യഹൂദന്മാർക്ക് അത് മനസ്സിലാകാത്തത് എന്തുകൊണ്ടായിരുന്നു? അവർ നീതിമാന്മാരായ മനുഷ്യരായിരുന്നു; അവർ നല്ല മനുഷ്യരായിരുന്നു; അവർ വിശുദ്ധരായ മനുഷ്യരായിരുന്നു; അവിടെ എല്ലാ തരത്തിലുള്ള മനുഷ്യരും ഉണ്ടായിരുന്നു; എന്നാൽ, അത് ആർക്കാണോ ആ വചനം കേൾക്കണം എന്ന് പൂർവ്വനിശ്ചയം ചെയ്തിരിക്കുന്നത്!

105 "മാത്രല്ല അത് വചനമാണോ അല്ലയോ എന്നു നിങ്ങൾ എങ്ങനെ അറിയും? എല്ലാവരും ഇതു തന്നെ പറയുന്നു."

106 ആ കാലത്തിൽ അത് ന്യായീകരിച്ചുകാണിക്കുമെന്ന് ബൈബിളിൽ വാഗ്ദത്തം ചെയ്തിട്ടുണ്ട്, അവിടെയാണ് നിങ്ങൾ, അതിനുശേഷം നിങ്ങൾ പരിശുദ്ധാത്മാവായിരിക്കുന്നിടത്തേയ്ക്ക് തിരികെ വരുന്നു. ചില നിമിഷങ്ങൾക്കുള്ളിൽ കാഹളശബ്ദം, അത് എന്താണ് പ്രഖ്യാപിക്കുന്നതെന്ന് ശ്രദ്ധിക്കു. ആ കാഹളം, ആ സുവിശേഷ കാഹളം, അത് കേൾക്കാൻ കഴിയുന്നത് ആർക്കാണെന്നു കാണുക. ഓർക്കു, ആ ഭിത്തിയാൽ ചുറ്റപ്പെട്ട പട്ടണത്തിന്റെ അകത്തുണ്ടായിരുന്നവർക്ക് ആ പ്രത്യേകതയുള്ള വാർഷികത്തിൽ പുറത്തു കടക്കാനായില്ല. ഇല്ല, സർ. അവർ ചുമരുകൾക്കുള്ളിൽ ആയിരുന്നു; അവർ അവിടെത്തന്നെ താമസിച്ചു. അത് കഴിഞ്ഞുപോയിരുന്നു; അവർ അവരുടെ ബാക്കിയുള്ള ജീവിതകാലമെല്ലാം, അടിമകളായി തുടർന്നു, മാത്രമല്ല അടയാളമിടപ്പെട്ടുകയും ചെയ്തു. ഇപ്പോൾ നാം എല്ലാവും മാതൃകകളെയും മറ്റും കാണും, ശ്രദ്ധിക്കു.

107 ഇപ്പോൾ, ഈ അപ്പോസ്തലപ്രവർത്തികൾ, മലാഖി 4, എബ്രായർ 13:8, "യേശു ക്രിസ്തു ഇന്നലേയും, ഇന്നും, എന്നേയ്ക്കും അനന്യൻ," മറ്റുള്ളതെല്ലാം തന്നെ, അവൻ എന്നെന്നേയ്ക്കും വചനമായി തന്നെ തുടരുന്നു എന്നതാണ്, ആ വചനം പ്രകടമാക്കപ്പെട്ടു. അതായിരുന്നു അവൻ തികച്ചും പ്രവാചകന്മാർ മുഖാന്തരം പ്രഖ്യാപിച്ചിരുന്നത്. ഒരു *പ്രവാചകൻ* മുൻകൂട്ടി പറയുന്ന ഒരാൾ എന്നു മാത്രമല്ല അർത്ഥമാക്കുന്നത്, "എഴുതപ്പെട്ടിരിക്കുന്ന വചനത്തിന്റെ രഹസ്യം

പുറത്തു വിടുന്നവൻ," എന്നും അർത്ഥമാക്കുന്നു. നോഹ പെട്ടകം പണിതുകൊണ്ടിരിക്കുമ്പോൾ; അവിടെ താഴേയ്ക്ക് ചെന്നു; മറ്റെന്തു തന്നെയായാലും ശരി, ഏതു വാഗ്ദത്തമായാലോ, ആ മണിക്കൂറിലേയ്ക്ക് വാഗ്ദത്തം ചെയ്തിട്ടുള്ള വചനത്തെ; അവന്റെ സ്വന്ത ജീവിതത്തിലും, അവന്റെ സ്വന്ത പ്രവർത്തനങ്ങളിലും, ആ ദിവസത്തിന്റെ വചനത്തെ അവൻ വെളിപ്പെടുത്തി കുറ്റമറ്റതാക്കി കാണിക്കുന്നു.

108 ഇപ്പോൾ അവൻ നമ്മോടുകൂടെയുണ്ട് എന്ന് നമുക്കറിയാം. നാം അത് വിശ്വസിക്കുന്നു. ഫോട്ടോ എടുക്കുന്നതിലൂടെയും, തിരുവചനത്താലും, ആകാശത്തിലും, ഭൂമിമേലും ഉണ്ടാകുന്ന പരസ്യത്താലും, അവൻ പറഞ്ഞിരിക്കുന്ന സകലത്താലും, അവന്റെ വചനം പ്രകടമാക്കപ്പെടുന്നതായി നിങ്ങൾ കാണുന്നു. അതു ഒരു തവണ പോലും തോൽവിയടഞ്ഞിട്ടില്ല. എവിടെയാണ് അത് ഒരു പ്രാവശ്യം തോൽവിയടഞ്ഞതെന്ന്, ഞാൻ ഏതെങ്കിലും ഒരു വ്യക്തിയോട് ചോദിക്കുകയാണ്, രാജ്യത്തിന്റെ ഏതെങ്കിലും വ്യത്യസ്തമായ പ്രദേശങ്ങളിലോ, അതല്ലെങ്കിൽ ലോകത്ത് എവിടെയായാലും ശരി, നിങ്ങൾ എനിക്ക് എഴുതിയറിയിച്ചുകൊണ്ട് അത് പറയാൻ കടപ്പെട്ടിരിക്കുന്നു. സമ്പൂർണ്ണവും, വചനം വചനമായും, ഇപ്പോൾ, അത് വാഗ്ദത്തമാണ്.

109 അവൻ ഈ അവസാന നാളുകളിൽ കാഴ്ചയിൽ വരേണ്ടിയിരുന്നത് എന്തുകൊണ്ടാണ്? ടേപ്പ് കേൾക്കുന്നവരായ നിങ്ങൾ, തിരികെ ചെന്ന്, *മണവാട്ടി വൃക്ഷം*, ആ വൃക്ഷം ഏദേൻ തോട്ടത്തിലായിരുന്നു, അത് ക്രിസ്തു എവിടെയായിരുന്നു എന്ന് അത് കാണിച്ചുതരും. ആ വീഴ്ച സംഭവിച്ച ആദ്യ ആദമിനാണ്; ഈ രണ്ടാമത്തെ ആദാം പാപത്താൽ മുറിക്കപ്പെട്ടു. അവർ അവനെ ഒരു റോമാക്കാരുടെ മരത്തിൽ തൂക്കി, അതിൽ നിന്നാണ് മണവാട്ടി വൃക്ഷം കടന്നു വരേണ്ടത്, മണവാട്ടിയെ കിട്ടാനായി നാം അതു തിരുവചനത്തിൽ നിന്നും കണ്ടതാണ്.

110 ഒരു പിരമിഡ് പോലെ, അത് എല്ലായിപ്പോഴും ന്യൂനപക്ഷത്തേയ്ക്ക്, ഒരു മുനമ്പുപോലെ, വളരെ വീതികൂടിയതിൽ നിന്ന്; ലൂഥറിൽ തുടങ്ങി, വെസ്ലി, പെന്തെക്കോസ്ത്, അതിന്റെ ശേഷം ഏറ്റവും മുകളിലായി മൂടിക്കല്ല് വരുന്നു, അവയിൽ വെയ്ക്കപ്പെടുന്ന ഓരോ കല്ലും സമ്പൂർണ്ണമായും ഇടതവില്ലാതെ ഒരുമിച്ച് വെയ്ക്കപ്പെട്ടിരിക്കും. അവർ അതിനെ എങ്ങനെയാണ് ചെയ്തതെന്ന് ഇന്നും നമുക്കറിയില്ല, എന്നാൽ ആ പിരമിഡിൽ അത് തികച്ചും സമ്പൂർണ്ണമായി ഇടതടവില്ലാതെ വെയ്ക്കപ്പെട്ടിരിക്കുന്നു! നാം ഇപ്പോൾ പിരമിഡിനെക്കുറിച്ച് പഠിപ്പിക്കുകയല്ല, നാം വെറുതെ...

111 വർഷങ്ങൾക്ക് മുമ്പ്, ഹാനോക്കും മറ്റുമാണ് അത് നിർമ്മിച്ചത്, അത് ഒരു അടയാളമായി നിൽക്കുന്നു. സൂര്യൻ ഉദിക്കയും അസ്തമിക്കുകയും ചെയ്യുന്നതു പോലെതന്നെ; വൃക്ഷങ്ങൾ ഇല പൊഴിക്കുംപോലെ, പിന്നെയും തിരികെ വരുന്നു; ഒരു മീനിനെയും, കന്നുകാലിയേയും പോലെ, മാത്രമല്ല സകലതും അതിനെ പ്രതിരൂപമാക്കുന്നു. ആ പിരമിഡ് ഒരു അടയാളമായി നിൽക്കുന്നു.

112 പ്രവാചകന്റെ സ്വകാര്യ മുറിയിലേയ്ക്ക് ചെന്ന് അവിടുള്ള ആ ഏഴ് പടികളെയും ശ്രദ്ധിപ്പിൻ. അവിടെ വെച്ച്—രാജാവിന്റെ ഉപസ്ഥാനത്തേയ്ക്ക് അവനെ പേർവിളിക്കാനായി വരുന്നവനെ പാറാവുകാരൻ നേരിടുന്നത് എവിടെ വെച്ചാണ്? പടികളുടെ മുകളിൽ വെച്ചാണ്; അത് ഏഴാമത്തെ പടിയായിരുന്നു. യോഹന്നാനിൽ ഉണ്ടായിരുന്നപ്പോൾ; അവൻ മിശിഹായെ പരിചയപ്പെടുത്തി, അതെ ആത്മാവ് നമുക്കായും വീണ്ടും വരേണ്ടതുണ്ട് എന്നാണ് അവിടെ കാണിക്കുന്നത്. അവൻ എല്ലാ പ്രവാചകന്മാരിലും മഹാനായിരുന്നു; അവൻ അതിനെ പരിചയപ്പെടുത്തി. വീണ്ടും, മിശിഹായെ പരിചയപ്പെടുത്താൻ പോകുന്ന എന്തോ ചിലത്, നമുക്ക് ഉണ്ടാകാനിരിക്കുന്നു എന്ന ഒരു സ്ഥലത്തേയ്ക്ക് നാം എത്തേണ്ടതുണ്ട്.

113 എങ്ങനെയാണ് ആ മിശിഹാ...അവനിൽ വിശ്വസിക്കുന്ന ജനങ്ങൾ, സുസ്ഥിരമായ വചനത്തിലായിരുന്നാലേ, അവൻ എന്താണ് എന്നറിയാനാകൂ! ദാനീയേൽ പറഞ്ഞു, "ജ്ഞാനികൾ അറിയും; എന്നാൽ മൂഢന്മാരും, ബുദ്ധിയില്ലാത്തവരും, അറിയില്ല. അവർ അവരുടെ ദൈവത്തെ അറിയും." ഇപ്പോൾ, ഇപ്പോൾ, അവൻ അവസാന ദിവസങ്ങളിൽ, മണവാട്ടി തന്റെ ഭർത്താവിനെ, അവളുടെ ഇണയെ, വെളിപ്പെടുത്തപ്പെട്ട വചനത്തെ, തിരിച്ചറിഞ്ഞ്, വചനത്തിലേയ്ക്ക് ജനങ്ങളെ തിരികെ കൊണ്ടുവരാനായി, അവൻ എങ്ങനെയാണ് പ്രത്യക്ഷപ്പെടാൻ പോകുന്നത്. അതിനു വേണ്ടിയാണ് ഇത് സംഭവിക്കേണ്ടതായിട്ടുള്ളത്.

114 അത് പരിഷ്കർത്താക്കളിൽ ആയിരുന്നില്ല; ലൂഥറിൽ ആയിരുന്നില്ല, വെസ്ലിയിലും, പെന്തെക്കോസ്തുകളിലും ആയിരുന്നില്ല. അത് അവിടെയായിരുന്നില്ല എന്നു തിരുവചനം പറയുന്നു.

115 എന്നാൽ അത് വരും. അത് ഈ കാലത്തിലേയ്ക്കുള്ള അവന്റെ വാഗ്ദത്തമാണ്. അവന്റെ വരവിന്റെ കാലത്താണ് നാം ജീവിക്കുന്നത്. അവൾ തികച്ചും അവനിൽ അനുരൂപമാക്കപ്പെടും. ഏത് സ്ത്രീയും അവളുടെ ഭർത്താവുമായി അനുരൂപമാക്കപ്പെടുന്നു, എന്തെന്നാൽ അവർ രണ്ടും ഒന്നാണ്; അവൻ വചനമാണ്, വിഭാഗീയ സഭയല്ല. വചനം! നാം വെളിച്ചത്തിന്റെ മക്കളാകുന്നു,

ആ വെളിച്ചം ഈ കാലത്തിലേയ്ക്ക് വെളിച്ചം നൽകുന്ന വചനമാണ്. അത് വചനത്തിൽ നിന്നുമല്ല വരുന്നതെങ്കിൽ അത് എങ്ങനെയാണ് അറിയാനാകുന്നത്? ശരി. ആ വചനം വെളിച്ചത്തിന്റെ നാൾകളിൽ ജഡമായിതീർന്നു; നിങ്ങൾ നോക്കു ബൈബിൾ അപ്രകാരം പറയുന്നു.

116 ആ ജനങ്ങൾ അവിടെ യേശുവിനെ നോക്കിക്കൊണ്ടിരിക്കയായിരുന്നു, പറഞ്ഞു, “അതെ, ഈ മനുഷ്യനോ, ഇവൻ ആരാണ്? എന്താ, അവൻ അവിടെ നിയമാനുസൃതമല്ലാതെ ജനിച്ചവനല്ലേ. എന്താ, അവന്റെ അമ്മയും അപ്പനും *ഇന്നതും*, *ഇന്നതും*, *മറ്റേതുമല്ലേ*, അവിടെയുള്ളതല്ലേ.” എന്നാൽ അവർക്ക് അവനെ അറിയില്ലായിരുന്നു. അവർക്ക് വചനം അറിയാമായിരുന്നെങ്കിൽ, അവർ അവനെ അങ്ങനെ പറയില്ലായിരുന്നു. അവൻ അങ്ങനെ പറഞ്ഞു.

അവർ പറഞ്ഞു, “ഞങ്ങൾ മോശെയുടെ ശിഷ്യന്മാർ!”

117 പറഞ്ഞു, “നിങ്ങൾ മോശെയെ അറിഞ്ഞിരുന്നെങ്കിൽ, എന്നെയും അറിയുമായിരുന്നു, എന്തുകൊണ്ടെന്നാൽ മോശെ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു.” എന്നിട്ടും അത് കാണുന്നതിൽ നിന്നും അവർ അന്ധരാക്കപ്പെട്ടു!

118 എത്ര വിനീതമായെന്നു കാണുന്നോ? വിഭാഗീയ സഭകളിൽ നിന്നും, എല്ലാവിധത്തിലുള്ള ജോലിക്കാരിൽ നിന്നും, മാത്രമല്ല മതപരമായും മറ്റുമുള്ള വിശ്വാസപ്രമാണങ്ങളിൽ നിന്നും, മറ്റെല്ലാറ്റിൽ നിന്നും ദൂരത്തായിരിക്കുന്നു. ഒരു ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരനായി, ഒരു മനുഷ്യരൂപത്തിൽ, ജഡത്തിൽ, ദൈവം അകത്തു വന്നു.

119 അവൾ അവനുമായി തികച്ചും അനുരൂപമായിരിക്കണം. അത് നാം വെളിച്ചത്തിൽ നടന്നുകൊണ്ട്, നാം വെളിച്ചത്തിന്റെ മക്കളാകാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

120 വളരെ നാളുകളായില്ല, കെൻഡുക്കിയ്ക്ക് താഴ്വാരത്ത് എനിക്ക് ഒരു യോഗം ഉണ്ടായിരുന്നത് ഞാൻ ഓർക്കുന്നു. പുറത്ത്, ഞാൻ ചർച്ചിന്റെ വെളിയിലേയ്ക്ക് വരുമ്പോൾ, അവിടെ ഒരു വയസ്സായ മനുഷ്യൻ, തന്റെ കയ്യിൽ ഒരു റാന്തലുമായി നിൽക്കുന്നുണ്ടായിരുന്നു. അയാൾ രോഗസൗഖ്യ ശുശ്രൂഷയിലും മറ്റും വിശ്വാസമില്ലാത്ത ഒരു സഭയിൽപ്പെട്ടയാളായിരുന്നു. പറഞ്ഞു, “ഞാൻ—എനിക്ക് താങ്കളുമായി അഭിപ്രായവ്യത്യാസമുണ്ട്, സഹോദരൻ ബ്രൺഹാം.”

ഞാൻ പറഞ്ഞു, “കൊള്ളാം, താങ്കൾക്ക് അത് ചെയ്യുന്നതിനുള്ള അവകാശമുണ്ട്.”

121 അയാൾ പറഞ്ഞു, "താങ്കൾ നോക്കൂ, ഞാൻ ഒരു കാര്യം കാണുന്നതുവരെ ഞാൻ അത് സമ്മതിക്കുന്നയാളല്ല. എനിക്ക് അത് ശരിയ്ക്കും സ്പഷ്ടമായി കാണേണ്ടതുണ്ട്."

122 ഞാൻ ചോദിച്ചു, "അങ്ങനെയെങ്കിൽ പിന്നെ ദൈവത്തെ താങ്കൾ ശരിയ്ക്കും സ്പഷ്ടമായി, താങ്കളുടെ മുന്നിൽ നിൽക്കുന്നത് കണ്ടിട്ടുണ്ടോ?" എന്തെന്നാൽ അയാൾ ദർശനത്തിലും മറ്റും വിശ്വസിച്ചിരുന്നില്ല.

അയാൾ പറഞ്ഞു, "ഇല്ല."

123 "എന്താ," ഞാൻ പറഞ്ഞു, "പിന്നെ താങ്കൾ ഒരു വിശ്വാസിയല്ല, സർ, എനിക്ക് നിങ്ങളോട് സംസാരിക്കാനാകില്ല. കാണുന്നോ? കാണുന്നോ? ദൈവം അത് വാഗ്ദത്തം ചെയ്തതായും അതിൽ തന്നെ നാം പിടിച്ചുകൊണ്ടിരിക്കുന്നതായും കാണുന്നു."

124 അയാൾ പറഞ്ഞു, "അതിനെ നിങ്ങൾ എങ്ങനെയാണ് കരുതുന്നത്?" ഞാൻ പറഞ്ഞു...അയാൾ പറഞ്ഞു, "എന്നോടൊപ്പം വീട്ടിലേയ്ക്ക് വരൂ ഈ രാത്രിയിൽ സംസാരിക്കൂ."

ഞാൻ പറഞ്ഞു, "എനിക്ക് ഇഷ്ടമുണ്ട്; പക്ഷേ കഴിയില്ല; എവിടെയാണ് താങ്കൾ താമിസിക്കുന്നത്?"

അയാൾ പറഞ്ഞു, "ഇവിടെയുള്ള ഈ മലയുടെ മുകളിലൂടെ താങ്കൾ എന്നോടൊപ്പം പോകണ്ടതുണ്ട്."

125 ഞാൻ പറഞ്ഞു, "അവിടം വരെ താങ്കൾ എങ്ങനെയാണ് പോകുന്നത്? നിങ്ങൾക്ക് നിങ്ങളുടെ വീട്ടു കാണാൻ കഴിയുന്നില്ലല്ലോ." ഊഹ്-ഹാ. ഊഹ്-ഹാ. അതെ. അതെ.

അയാൾ പറഞ്ഞു, "അതെ, ആ മലയുടെ മുകളിലൂടെ അവിടേയ്ക്ക് പോകുന്ന ഒരു വഴിയുണ്ട്."

ഞാൻ പറഞ്ഞു, "നിങ്ങൾ ആ വഴി കാണുന്നില്ലല്ലോ." ഊഹ്-ഹാ.

അയാൾ പറഞ്ഞു, "അതെ, എന്റെ പക്കൽ ഒരു റാന്തലുണ്ട്."

126 ഞാൻ പറഞ്ഞു, "റാന്തൽ നേരെ വീട്ടുവരെ അതിന്റെ പ്രകാശം കൊടുക്കുന്നില്ല. ഓ, ഇല്ല. എന്നാൽ ആ വഴിയാണ് വീട്ടിലേയ്ക്ക് നയിക്കുന്നത്. എന്നാൽ ആ റാന്തൽ ഒരു തവണ ഒരു പടിയിലേയ്ക്കുള്ള വെളിച്ചം മാത്രമാണ് തരിക."

127 ഞങ്ങൾ വെളിച്ചത്തിൽ നടക്കും, ആ മനോഹരമായ പ്രകാശത്തിൽ; ഒരു തവണ ഒരു ചുവടുവെയ്പ്പ്, കർത്താവ്, അവന്റെ അടുക്കലേയ്ക്ക് വരുന്നു. അതെ. വെളിച്ചത്തിന്റെ മക്കൾ, അവന്റെ വചനത്തെ സ്വീകരിക്കുന്നു, തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നത് മാത്രമല്ല അധികം തുറന്നു കൊടുക്കുന്നതായും കാണുന്നു. ആര്

എന്തു പറഞ്ഞാലും വിഷയമല്ല, അതിനെ ഉപേക്ഷിക്കരുത്. അതിൽ ശരിയായി നിന്നുകൊണ്ട്, അതുമായി തന്നെ നടന്നുകൊള്ളുക, അത് സ്വയം തുറന്നു വെളിപ്പെട്ടു വന്നുകൊണ്ടിരിക്കുന്നത് കാണുക. വചനം ഒരു വിത്താകുന്നു; ഒരു വിത്ത് ശരിയായ നിലത്തിലാണെങ്കിൽ അത് അതിന്റെ തരത്തിൽപ്പെട്ടതിനെ മുളപ്പിക്കും.

128 വെളിപ്പാട് 10:1-7 ശ്രദ്ധിക്കു, മണവാട്ടിയ്ക്ക്, ലവോദിക്ക്യാ സഭയുടെ ദൂതനുലം, സകല മർമ്മങ്ങളും, വെളിപ്പെടുത്തിക്കൊടുക്കപ്പെടേണ്ടതുണ്ട്. ആരുടെയെങ്കിലും പക്കൽ പുനഃപ്പരിശാധന ചെയ്യെഴുതിയ ബൈബിളുണ്ടോ? അതു നിങ്ങളുടെ കൈയ്യിലുണ്ടെങ്കിൽ, അവിടെ "ദൂതൻ" എന്ന് ബ്രാക്കറ്റിനുള്ളിൽ എഴുതിയിരിക്കുന്നതിൽ "കഴുകൻ" എന്ന് എഴുതിയിരിക്കുന്നതായി കാണാം. കാണുന്നോ? ഊഹ്-ഹാ. ഊഹ്-ഹാ. കാണുന്നോ? ലവോദിക്ക്യാ കാലത്തിലേയ്ക്കുള്ള ആ—ആ സന്ദേശവാഹകൻ, നോക്കു, വെളിപ്പാടുകൾ 10:1-7.

129 അവൻ അവിടെ ഇത് പറഞ്ഞിരിക്കുന്നു...ആ ദിവസം അവൻ ഇറങ്ങി വരുന്നതായി അവൻ കാണുമ്പോൾ, മാത്രമല്ല അവൻ ആ ചെറു പുസ്തകം തിന്നുകയും ചെയ്യുന്നു. പിന്നെ അവിടെ ആയിരുന്നു... അവൻ തന്റെ ഒരു കാൽ ഭൂമിമേലും, മറ്റേത് സമുദ്രത്തിന്മേലും വെച്ച്, എന്നേയ്ക്കും, ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തതെന്തെന്നാൽ, അതായത്, 'ഇനി സമയമുണ്ടാകുകയില്ല.' അവൻ അത് ചെയ്തപ്പോൾ, ഏഴു ഇടിയും അവരുടെ ശബ്ദത്തെ പുറപ്പെടുവിച്ചു. ആ ഏഴു ഇടിയും അവരുടെ ശബ്ദം പുറപ്പെടുവിച്ചപ്പോൾ, യോഹന്നാൻ എഴുതാൻ ഭാവിച്ചു എന്നു അവൻ പറയുന്നു. അപ്പോൾ അവൻ പറഞ്ഞു, "അത് എഴുതരുത്." ഊഹ്-ഹാ. കാണുന്നോ? മാത്രമല്ല അവൻ അതിനെ മുദ്രയിടുകയും ചെയ്തു.

130 ഇപ്പോൾ, ആരോ ഒരാൾ ചോദിച്ചു, "എങ്കിൽപ്പിന്നെ, അതെ, സഹോദരൻ ബ്രൺഹാം, അവസാന നാൾകളിൽ വെളിപ്പെടാനുള്ള ആ ഏഴു മുദ്രകൾ, ദൈവവുമായി എങ്ങനെ അടുപ്പത്തിലാകാം എന്നുള്ള എന്തെങ്കിലും മഹത്തായ രഹസ്യമായിരിക്കുമോ?" അല്ല, സർ, അത് അങ്ങനെയാകില്ല.

131 "ബൈബിളിനോട് ആരെങ്കിലും ഒരു വാക്ക് കൂട്ടിയാലോ ആരെങ്കിലും അതിൽ നിന്നും ഒന്നു കുറച്ചാലോ, ജീവന്റെ പുസ്തകത്തിൽ നിന്ന്, അവന്റെ അംശത്തെ നീക്കിക്കളയും." അത് എന്താണെന്നോ അത് അവിടെ പിന്നിലായി നഷ്ടമായിപ്പോയ, കൊണ്ടുവരാനുള്ള ഒരു വെളിപ്പാടാണ്. അത് *ഇവിടെ* മുമ്പേ തന്നെ എഴുതിയിരിക്കുന്നു. അത് ഇവിടെത്തന്നെയാണ്. അത് മുൻപ് എഴുതിയിരിക്കുന്ന കാര്യത്തെ വെളിപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. കാണുന്നോ? എന്തെന്നാൽ,

നിങ്ങൾക്ക് അതിലേയ്ക്ക് ഒന്ന് കൂട്ടിച്ചേർക്കാനോ അതല്ല അതിൽ നിന്നും ഒന്ന് എടുത്തു മാറ്റാനോ കഴിയില്ല.

132 ബൈബിളിന്റെ ആദ്യത്തെ അദ്ധ്യായത്തിൽ, ഉല്പത്തിയുടെ, ആരംഭത്തിൽ. ഒരു സ്ത്രീ അതിനെ വിശ്വസിച്ചില്ല എന്നല്ല, എന്നാൽ അവൾ അതിനെ തെറ്റായി വ്യാഖ്യാനിച്ചതേയുള്ളൂ, അവൾ സാത്താനെ ഒരു വചനം തെറ്റായി വ്യാഖ്യനിക്കാൻ അനുവദിച്ചു, "തീർച്ച," കാണുന്നോ? അവിടെ നിന്നും, അതു മുതൽ, സകല തകരാറുകളും ഉണ്ടായി. അത് ദൈവത്തിന്റെ വചനമായിരുന്നു, ദൈവം സംസാരിച്ചതായിരുന്നു.

133 വെളിപ്പാടിന്റെ അവസാന അദ്ധ്യായത്തിൽ, സ്വയം യേശു, അതേ ദൈവം പറഞ്ഞിരിക്കുന്നു, "ആരെങ്കിലും അതിനോട് ഒരു വാക്ക് കൂട്ടിയാലോ, അതിൽ നിന്ന് ഒരു വാക്ക് നീക്കിയാലോ."

134 *ഇത്* യേശുക്രിസ്തുവിന്റെ പൂർണ്ണമായ വെളിപ്പാടാകുന്നു. [സഹോദരൻ ബ്രൺഹാം തന്റെ ബൈബിളിൽ സ്നേഹത്തോടെ തലോടുന്നു—Ed.] മറയ്ക്കപ്പെട്ടിരുന്ന രഹസ്യങ്ങൾ ഏഴു മുദ്രകളിലുണ്ട്, അത് എന്തെല്ലാമായിരുന്നെന്ന്, ലവോദിക്ക്യാ സഭയുടെ കാലത്ത്, സമയത്തിന്റെ അവസാനത്തിങ്കൽ, അത് അവസാന കാലത്തിങ്കൽ തുറന്നു കാണിക്കപ്പെടേണ്ടതായിട്ടുണ്ട്. ദൈവത്തിന് നന്ദി! അത് സഭയ്ക്കുള്ള സന്ദേശത്തെ അവസാനിപ്പിക്കുന്നു. അത് അതിന് സമാപ്തി വരുത്തുന്നു. അത് എന്തായിരുന്നു എന്നു നോക്കാൻ, അത് എവിടെ നിന്നാണ് കൊണ്ടുവരപ്പെട്ടതെന്ന് അവർ തിരിഞ്ഞു നോക്കുമ്പോൾ, അത്, സഭയുടെ അവസാനമായിരിക്കും, അതു അതിനെ അവസാനിപ്പിക്കും.

135 ഇപ്പോൾ നാം സംസാരിക്കാൻ പോകുന്ന കാഹളങ്ങൾ, ഒരു വിരുന്നിനു വേണ്ടിയോ, യുദ്ധത്തിനായോ, ഒരു വ്യക്തിയ്ക്കുവേണ്ടിയോ, ഏതെങ്കിലും വിശുദ്ധ ദിവസത്തിനുവേണ്ടിയോ അതുപോലുള്ള എന്തിനെങ്കിലും, വിളിച്ചു ചേർക്കുന്നതാണ്. ശ്രദ്ധിക്കു. നിങ്ങൾ ചോദിക്കാം, "ഒരു വ്യക്തിക്കു വേണ്ടിയോ?" അതെ. അതല്ലെങ്കിൽ, ഒരു പ്രത്യേകതയുള്ള വാർഷികത്തിനു വേണ്ടിയാവാം, അവർക്ക് തിരികെ പോകാൻ കഴിയുമ്പോൾ; സ്വതന്ത്രരാകാൻ പോകുകയാണ് എന്ന് പരസ്യമാക്കുന്നതാകാം, ഇപ്പോൾ, ഇന്നു രാവിലെനേരം മുഴുവനും നമുക്ക് ആ ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ടിരിക്കാം. എന്നാൽ, ഇപ്പോൾ, നമുക്ക് കാഹളങ്ങളിലേയ്ക്ക് കടക്കാം. സഭാകാലങ്ങളെക്കുറിച്ചും, മുദ്രകളെപ്പറ്റിയുമുള്ള, ഒരു പശ്ചാത്തലം ഇപ്പോൾ നിങ്ങൾക്ക് കിട്ടിക്കഴിഞ്ഞു, ഇനി നാം കാഹളങ്ങളിലേയ്ക്ക് പോകുകയാണ്. ആ കാഹളങ്ങൾ മുഴങ്ങി, കാഹങ്ങൾ മുഴക്കുന്നത്

ഒരു ഉത്സവത്തിലേക്കോ അതല്ലെങ്കിൽ ഒരു യുദ്ധത്തിനുവേണ്ടിയോ അത് സൂചിപ്പിക്കുന്നതായി കാണുന്നു. അതല്ല, അത് എന്ത് അർത്ഥമാക്കിയാലും ശരി, "അത് ജനങ്ങളെ കൂട്ടി വരുത്തുന്നത്," *കാഹളമാണ്*.

136 പൗലൊസ് പറഞ്ഞു, "കാഹളം നിശ്ചയമില്ലാത്തവിധം മുഴക്കിയാൽ, യുദ്ധത്തിനോ, അതല്ല സമാധാനത്തിനോ അതുമല്ല അത് എന്തിനായിരുന്നാലും, എങ്ങനെ തയ്യാറാകാനാകും?" ആര് തിരിച്ചറിയും? ആ കാഹളം എന്താണ് മുഴക്കിയതെന്ന് നിങ്ങൾക്ക് അറിയേണ്ടതായിട്ടുണ്ട്.

137 അതുകൊണ്ട്, ആ കാഹളം മുഴക്കുമ്പോൾ, ഇന്നു നാം ഭൂമിയിൽ എന്തോ സംഭവിക്കുന്നതായി കാണുന്നു. എവിടെയെങ്കിലും ഒരു വലിയ തകരാറുണ്ടാകുന്നു. അത് എല്ലാവർക്കും അറിയാം. സകലരും നാഡീരോഗം ബാധിച്ചവരെപ്പോലെയായിതീരുന്നു. ലോകം മുഴുവനും നാഡീരോഗം ബാധിച്ചവരെപ്പോലെയായി തീർന്നിരിക്കുന്നു, അവിടെ എവിടെയോ എന്തോ തെറ്റുള്ളതായി നാം കാണുന്നു. പെന്റെഗണിലും, എല്ലായിടത്തും, എവിടെയോ എന്തോ തകരാറുള്ളതായി നാം കാണുന്നു.

138 ഇപ്പോൾ ആ കാഹളശബ്ദം മനസ്സിലാക്കാൻ കഴിയുന്ന ഏക വഴി എന്നത് അതിന്റെ നാദം എഴുതിയിരിക്കുന്ന താളിൽ പറയുന്നത് എന്താണ് എന്നറിയുക എന്നതാണ്. കാണുന്നോ? അത്ര തന്നെ. നോക്കു, അത് ഒരു മഹത്തായ സ്വരലയവും, സംഗീതത്തിലെ അടിസ്ഥാനപരമായ ശ്രുതിയുമാകുന്നു.

139 *പീറ്ററും ചെന്നായേയും*, പോലെ, നിങ്ങൾ...പുസ്തകം രചിക്കുന്നത് ഗ്രന്ഥകർത്താവാണ്, സംവിധായകൻ തികച്ചും ഗ്രന്ഥകർത്താവിന്റെ ആത്മാവിലായിരിക്കണം. അവൻ അതില്ലെങ്കിൽ, അവൻ തെറ്റായ താളം കൊടുക്കും, അപ്പോൾ സകല കാര്യങ്ങളും അതിനു പുറത്തായിപ്പോകുന്നു.

140 അതാണ് ഇന്നത്തെ കാര്യം. ഗ്രന്ഥകർത്താവിന്റെ ആത്മാവിലല്ലാത്ത...അനേക സംവിധായകർ ഇന്നു നമുക്കുണ്ട്. അവർ പറയും, "ഇന്ന വിഭാഗീയ സഭ, അതെ, ഞങ്ങൾ *ഇതിൽ* വിശ്വസിക്കുന്നു."

141 നിങ്ങൾ എന്തു പറഞ്ഞാലും കാര്യമില്ല, ബൈബിളാണ് ശരി. എന്നാൽ ഇവിടെ മുമ്പിലുള്ള നാദം എഴുതിയ താളിൻ പ്രകാരമായാണ് ദൈവത്തിന്റെ മഹത്തായ സ്വരലയം ഇവിടെ

ശരിയായി പാടിക്കൊണ്ടിരിക്കുന്നതെങ്കിൽ, നാം ആയിരിക്കുന്ന നാഴികയെ നമുക്കു കാണാനാകും.

142 ഇപ്പോൾ ശ്രദ്ധിക്കൂ, എന്തിനോ വേണ്ടി ജനങ്ങളെ വിളിച്ച് ഒരുമിച്ച് കൂട്ടുന്നതിനാണ് കാഹള ശബ്ദം. എന്തോ ചിലത് ഒരു പ്രധാന വ്യക്തി പ്രഖ്യാപിക്കുകയാണ്.

143 യോസേഫിനെപ്പോലെ, യോസേഫ് കടന്നു വരും മുമ്പ്, അവർ ഒരു കാഹളം ധ്വനിപ്പിക്കുമായിരുന്നു; അത് മഹത്തായ ഒരു—ഒരു അടയാളമായിരുന്നു നാം അല്പ സമയത്തിനകം സംസാരിക്കാൻ പോകുന്ന, യെശയ്യാവിലെ, "ആ മഹാ കാഹളം." അത് പറയുന്നത്, "മഹാ കാഹളം ധ്വനിക്കുമ്പോൾ, ഔദ്യോഗിക മുദ്രയെ മുകളിലേയ്ക്ക്, അവിടെ മുകളിൽ, ഉയർത്തുമ്പോൾ, അപ്പോൾ ആ മഹാ കാഹളം ധ്വനിപ്പിക്കുന്ന സമയം വരും, എല്ലാ രാജ്യങ്ങളും യെരുശലേമിൽ കൂട്ടിച്ചേർക്കപ്പെടും." അത് ആയിരമാണ്ട് വാഴ്ച ആരംഭിക്കുമ്പോഴാണ്; ആ മഹാ കാഹളം.

144 ഇപ്പോൾ, കാഹളങ്ങളുടെ ഉത്സവങ്ങളുടെ, ഈ വിളി, എന്തോ സമീപിക്കുമ്പോഴാണ്. വെളിപ്പാട് 8:7 ശ്രദ്ധിക്കൂ, നിങ്ങൾ അത് എഴുതിയെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ. ഒന്നാമത്തെ കാഹളത്തിങ്കൽ, രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞു; അത് തികച്ചും പുറപ്പാടുപോലെ, ദൈവം തന്റെ ജനങ്ങളെ പുറപ്പെടാനായി പുറത്തേയ്ക്ക്, വിളിക്കുന്നതുപോലെയാണ്.

145 ഇപ്പോൾ, ഈ കാലത്തിനും ഈ സഭയ്ക്കും അത് പ്രായോഗികമല്ലാത്തതിന്റെ കാരണമെന്തെന്നാൽ, ഇത് യിസ്രായേലിന് വേണ്ടി മാത്രമാണ്. അത് ജനങ്ങളെ കൂട്ടിച്ചേർക്കുന്നതാണ്. ഒരേ ഒരു പ്രാധാന്യം മാത്രമേയുള്ളൂ, നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഈ സഭയിൽ; ആ ഏഴ് കാഹളങ്ങൾ, പ്രായോഗികമല്ലാത്തതിന്റെ കാരണം, അല്പം ചില നിമിഷങ്ങൾക്കുള്ളിൽ, നിങ്ങൾക്ക് അത് കിട്ടണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

146 അനേകർ ഇതുമായി വ്യത്യസ്തതയുള്ളവരാണെന്ന് എനിക്കറിയാം, എന്നാൽ അത് ഇപ്രകാരമാണ് എന്ന് ഞാൻ അറിയുന്നു. എനിക്ക് അത് അറിയാം. എന്തെന്നാൽ ഞാനോ നിങ്ങളോ പറയുന്നതിനാലല്ല ഞാൻ ഇത് പറയുന്നത്; എന്തുകൊണ്ടെന്നാൽ അത് എനിക്ക് എന്നിൽ നിന്നും കിട്ടുന്നതല്ല. എന്റെ—എന്റെ ചിന്ത എന്റെ സ്വയമായതല്ല. അത് തെറ്റാണ് എന്ന് എന്നോട് അത് എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, അത് തെറ്റ് തന്നെയാണ്. എന്തെന്നാൽ ഞാൻ അത് സ്വയം പറയുന്നതല്ല. അത് ആരോ ഒരാൾ

പറയുന്നതിനാലാണ് ഞാൻ പറയുന്നത്. ആ ആരോ ഒരാൾ എന്നത് ഈ വക കാര്യങ്ങളെല്ലാം ചെയ്തതും, സംസാരിച്ചതും, പ്രത്യക്ഷതയിൽ വന്നതുമായ, ദൈവമാണ്, നോക്കു, അതിനാൽ അത് ശരിയാണെന്ന് ഞാൻ അറിയുന്നു.

147 കാഹളങ്ങൾ യിസ്രായേലിനെ ഒരുമിച്ചുകൂട്ടുന്നതാണ്. കാഹളങ്ങൾ യിസ്രായേലിനെ ശേഖരിക്കുന്നു. ശ്രദ്ധിക്കു, ഒന്നാമത്തെ കാഹളം മുഴക്കി; രക്തം, കല്മഴ, തീ മറ്റുള്ളതും, നിലത്തിൽ കൂട്ടം തെറ്റിക്കുന്നു. കാണുന്നോ? അവൻ എന്തു ചെയ്യുകയായിരുന്നു? നോക്കു, ആത്മീയ യിസ്രായേലിനെ, അവന്റെ സ്വന്ത രാജ്യത്തേയ്ക്ക്, തിരികെ കൊണ്ടുവരുന്നു.

148 ഇപ്പോൾ ഞാൻ ഇവിടെ വെച്ച തന്നെ ഇതു പറയട്ടെ, അതായത്, ഓരോ കാഹളവും ധ്വനിക്കപ്പെട്ടത്, ആറാം മുദ്രയുടെ കീഴിലാണ് പ്രഹരിക്കപ്പെട്ടത്. നാം മുദ്രകളെ അവിടെ പിടിക്കുമ്പോൾ, അല്പ നേരത്തിനകം നമുക്ക് അത് കിട്ടുന്നതാണ്. എല്ലാ കാഹളങ്ങളും ശബ്ദിക്കുന്നത് ആറാം മുദ്രയുടെ കീഴിലാണ്.

149 എന്തുകൊണ്ടെന്നാൽ, ഏഴാം മുദ്ര, അവിടെ മൗനതയാണ്. അവൻ നമുക്ക് വെളിപ്പെടുത്തിയതുപോലെ, "അത് ക്രിസ്തു വരേണ്ട നിമിഷമോ അതല്ലെങ്കിൽ മണിക്കൂറോ ആകുന്നു; ആർക്കുമറിയില്ല."

150 എന്നാൽ യഹൂദന്മാരുടെ പീഡനവേളയിലാണ്, ആറാം മുദ്രയിൽ കീഴിൽ എല്ലാ കാഹളങ്ങളും ധ്വനിക്കുന്നത്. ഇപ്പോൾ വെളിപ്പാട്, 8-ന്റെ 7-മുതൽ ശ്രദ്ധിക്കു. മിസ്രായീമിൽ നിന്നും, ജഡീക യിസ്രായേലിനെ, പുറത്തു വിളിക്കുകയായിരുന്നു; ഇപ്പോഴോ ആത്മീയ അർത്ഥത്തിൽ യിസ്രായേലിനെ പുറത്തേയ്ക്ക് വിളിക്കുകയാണ്. അവൻ അവരെ പ്രായശ്ചിത്ത ബലിയുടെ ഉത്സവത്തിനു പുറപ്പെട്ടുവരാൻ തയ്യാറെടുപ്പിക്കുന്നതാണ്.

151 ശ്രദ്ധിക്കു, ആദ്യം കാഹളങ്ങളുടെ ഉത്സവമായിരുന്നു, അത് പെന്തെക്കോസ്തായിരുന്നു. അതുകഴിഞ്ഞ് അമ്പതു ദിവസങ്ങൾക്കു ശേഷം, പ്രായശ്ചിത്ത ബലിയുടെ ഉത്സവം വരുന്നു. പ്രായശ്ചിത്ത ബലിയുടെ ഉത്സവം, ഇവിടെ വായിക്കുന്നു. ഒരുപക്ഷേ, നമുക്കു സമയം കിട്ടുമെങ്കിൽ, ഞങ്ങൾ നിങ്ങളെ അതിൽ ബൈബിളിൽ നിന്നും വായിപ്പിച്ച്, ഇവിടെ ലേവ്യരുടെ പുസ്തകം 12, ഇപ്പോൾ അതല്ല ലേവ്യർ 23, അതിലും കൂടുതലായി, ലേവ്യർ പുസ്തകം 16-ലുണ്ട്, ഞങ്ങൾ ശ്രമിക്കുന്നതാണ്. ഉത്സവങ്ങളിലെ ആദ്യ ഉത്സവം കാഹളങ്ങളുടെ ഉത്സവമാണെന്ന് കണ്ടുകഴിഞ്ഞു. പ്രായശ്ചിത്തമായിരുന്നു പിന്നെ... അതിനു പിന്നാലെ പെന്തെക്കോസ്ത് വരുന്നു, ഇപ്പോൾ നാം കണ്ടത്...

കാഹളങ്ങളുടെ ഉത്സവം കഴിയുന്ന മുറയ്ക്ക് പ്രായശ്ചിത്ത ബലിയുടെ ഉത്സവം കടന്നു വരുന്നു.

152 ഇപ്പോൾ ശ്രദ്ധിക്കൂ, ഒരു കാഹളം മുഴക്കപ്പെടുന്നു, അത് അവരെ കൂട്ടി വരുത്താനായിരുന്നു. ഇപ്പോൾ, ആദ്യ കാഹളം മുഴക്കിയപ്പോൾ, അവിടെ രക്തവും, തീയും, കല്മഴയും, ഭൂമിമേൽ ചീറ്റുന്നു, തികച്ചും മിസ്രായീമിൽ സംഭവിച്ചതുപോലെ, പ്രായശ്ചിത്ത ബലിയുടെ ദിവസത്തിലേയ്ക്ക് അവരെ വിളിക്കാനുള്ള തയ്യാറെടുപ്പ് നടത്തപ്പെടുന്നതാണ്. കാണുന്നോ? അവർ വാസ്തവമായ പ്രായശ്ചിത്തബലി നിരസിച്ചുകളഞ്ഞിരുന്നു. പെന്തക്കോസ്ത് വർഷത്തിൽ കാണപ്പെട്ടത്, ഈ വർഷങ്ങൾ ഇതുവഴിയായി നീട്ടിക്കൊടുക്കുന്നു. കാണുന്നോ? ഇപ്പോൾ അടുത്ത് യഹൂദന്മാർക്കായുള്ള ശബ്ദം പുറപ്പെടുവിക്കലാണ്.

153 ഇത് സഭയിൽ നിന്നും പുറത്തേയ്ക്ക് വരാനുള്ള വിളിയായിരുന്നു. വളരെ അടുത്ത് ശ്രദ്ധിക്കൂ. ഇപ്പോൾ, അതിൽ, അതിനു ശേഷം, അവൻ അവരെ വാഗ്ദത്ത ദേശത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നു; അതിലും അവൻ അതെ കാര്യത്തെ തന്നെ അടയാളങ്ങൾ മൂലം ചെയ്യുന്നു, അവൻ സഭയെ വാഗ്ദത്ത നാട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു പോകുന്നു.

154 ഓർക്കുക, ഓരോ കാഹളവും ആറാം മുദ്രയുടെ കീഴിലാണ് ശബ്ദിക്കുക, അപ്പോൾ മാത്രമേ അത് ധ്വനിക്കൂ.

155 ഇപ്പോൾ ശ്രദ്ധിക്കൂ, കൃത്യമായും, തിരുവചനം തുടർച്ചയായി പോയ്ക്കൊണ്ടിരിക്കുന്നു, കൃത്യമായും ശരി തന്നെ. സഭയ്ക്ക് ഏഴാം മുദ്രയായിരുന്നതു പോലെ തന്നെയാണ്, യിസ്രായേലിന് ഏഴാം കാഹളവും. ഏഴാം മുദ്രയുടെ കീഴിൽ, നാം കാണുന്നത്, അവിടെ ബലിപീഠത്തിന്റെ കീഴിലുള്ള ആത്മാക്കാൾക്ക്, നിലയങ്കി വാങ്ങുമ്പോൾ...അവർക്ക് നിലയങ്കി കൊടുക്കുന്നു, അവർ അതിനെ കരസ്ഥമാക്കുന്നതല്ല, എന്തുകൊണ്ടെന്നാൽ കർത്താവ് കൃപയാൽ ജാതികളുമായി ഇടപെട്ടുകൊണ്ടിരുന്ന കാലത്തുള്ളവരായിരുന്നു അവർ, അവൻ ഇന്നും ഇടപെട്ടു കൊണ്ടിരിക്കുകയാണ്, യഹൂദരുമായിട്ടല്ല. യിസ്രായേലിനെ ഒരു രാജ്യമായിട്ടാണ് രക്ഷിക്കുക. ദൈവം യിസ്രായേലിനോടു ഒരു രാജ്യമായാണ് ഇടപെടുന്നത്. ജാതികൾ എന്നാൽ, "അവന്റെ പേരിന് വേണ്ടിയുള്ള ഒരു ജനം," അവന്റെ നാമത്തിന് വേണ്ടി ഒരു രാജ്യമായിട്ടല്ല. യിസ്രായേൽ!

156 ഹിട്ലറും മറ്റുള്ളവരും യഹൂദരെ പീഡിപ്പിച്ചപ്പോൾ, അവർ ചെയ്ത കാര്യങ്ങൾ അതിന്റെ കീഴിലായിരുന്നു; നോക്കൂ, അവർ, സ്റ്റാലിൻ, ഹിട്ലർ, മറ്റുള്ള എല്ലാ ഏകാധിപതികളും എഴുന്നേറ്റു. അതിനായി, നമ്മുടെ പക്കൽ സമയമുണ്ടായിരുന്നെങ്കിൽ, അത് പുതുതായി

കടന്നു വന്നവർക്ക് ഒരു വിശദീകരിണമായിരുന്നു, എന്നാൽ നാം അതിലൂടെ കടന്നു പോയിക്കഴിഞ്ഞു. ആ കാലത്തിന്റെ കീഴിൽ തന്നെ, ജർമ്മനിയും മറ്റ അനേക രാജ്യങ്ങളും, യഹൂദരെ ലോകത്തിന്റെ നാനാ ഭാഗത്തേയ്ക്കും ഓടിച്ചു കളഞ്ഞു. എന്നാൽ കഴിഞ്ഞ ഇരുപത് വർഷങ്ങളായി, യിസ്രായേലിന് വിരുദ്ധമായി ഒരു കയ്പേറിയ പീഡനം, ഉയർന്നു വന്നുകൊണ്ടിരിക്കുന്നു.

157 അവർ അവരുടെ ശരീരങ്ങളെ കത്തിച്ച്, കുഴിച്ചിട്ട ആ പഴയ സ്ഥലത്ത് ഞാൻ നിന്നു...യഹൂദരായ കുട്ടികളെയും, സ്ത്രീകളെയും, മറ്റുള്ള എല്ലാവരെയും, അവരുടെ ചാരം ഭൂമിയ്ക്ക് വളമാക്കി. അതിനു ശേഷം അവർ അതിനെ നിരസിക്കാൻ ശ്രമിക്കുന്നു; അത് അവർ എവിടെയാണ് ചെയ്തതെന്ന് അവരെ അവിടേയ്ക്ക് കൊണ്ടു ചെന്നു കാണിക്കു.

158 അത് യിസ്രായേലിന് വിരുദ്ധമായ ഒരു കയ്പേറിയ പീഡനമായിരിക്കുന്നു, എന്തെന്നാൽ ഇപ്പോൾ അവനെ തിരികെ പ്രായശ്ചിത്തത്തിലേയ്ക്ക് വിളിക്കാനുള്ള സമയം എത്തിയിരിക്കുന്നു. അവൻ ഇന്നും പ്രകൃതി സംബന്ധമായ കുഞ്ഞാടിന്റെ പ്രായശ്ചിത്തത്തിന്റെ കീഴിൽ തന്നെ തുടരുകയാണ്. ദൈവത്തിന്റെ യഥാർത്ഥ കുഞ്ഞാടായിരുന്നു പ്രായശ്ചിത്തം, മാത്രമല്ല അവൻ അതിനെ നിരസിച്ചുകളയുകയും ചെയ്തു, അന്നു തുടങ്ങി രക്തം അവന്റെമേൽ ആയിരിക്കുന്നു. ശ്രദ്ധിക്കു, ജനങ്ങളെ തയ്യാർ ചെയ്യുന്നു! അപ്പോൾ, യഹൂദരുടെ പീഡയും, ഏഴാം കാഹളവും, ഏഴാം മുദ്രയും, സമ്പൂർണ്ണമായും എങ്ങനെ ഒരുമിച്ചു വന്നിരിക്കുന്നു എന്നു നോക്കു.

159 ശ്രദ്ധിക്കു, വെളിപ്പാട് പുസ്തകം 9-ആം അദ്ധ്യായത്തിന്റെ 13-ആം വാക്യത്തിൽ, ആറാം കാഹളത്തിൻ കീഴിൽ, ഇപ്പോൾ വളരെ നന്നായി ശ്രദ്ധിക്കു. വെളിപ്പാട് 9:13, ആറാം കാഹളത്തിൻ കീഴിൽ, ശ്രദ്ധിക്കു, ആറാം കാഹളത്തിൻ കീഴിൽ, യൂഫ്രത്തോസ് നദീതീരത്ത്, പതിനായിരം മടങ്ങ് ഇരുപതിനായിരം കുതിരസവാരിക്കാരെ ബന്ധിച്ചിരുന്നു, ആറാം കാഹളത്തിന്റെ കീഴിൽ, അവരെ അഴിച്ചു വിടുന്നു. ഇപ്പോൾ ലോകത്ത്, പതിനായിരം മടങ്ങ് ഇരുപതിനായിരം കുതിര സവാരിക്കാരില്ല, എന്നാൽ അവിടെ പതിനായിരം മടങ്ങ് ഇരുപതിനായിരം കുതിര സവാരിക്കാരുണ്ടായിരിക്കുന്നു. അത് ശ്രദ്ധിക്കു. അത് നിങ്ങൾ വായിക്കേണ്ടതിന്, അതിൽ കുറിച്ചുവെയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

160 അവ പ്രകൃതി സംബന്ധമായ കുതിരകളല്ല. അവയുടെ വായിൽ നിന്ന് തീ പുറപ്പെടുന്നു, അവയ്ക്ക് ഗന്ധകവർണ്ണമായ കവചങ്ങളുണ്ട്, മാത്രമല്ല—മാത്രമല്ല അവയ്ക്ക് വാലുകളുമുണ്ട്. വാലിന്റെ അഗ്രം

കാഴ്ചയ്ക്ക് ഒരു സർപ്പത്തെപ്പോലെ തോന്നിച്ചിരുന്നു, അതിന്റെ അഗ്രത്ത് ഒരു സർപ്പത്തിന്റെ, കടിക്കുന്ന, തലപോലെ ഉണ്ടായിരുന്നു, കാണുന്നോ? അത് അലൗകീകമായ കുതിരകളായിരുന്നു, ആത്മീയമായ പിശാചുകൾ, ഈ കഴിഞ്ഞുപോയ വർഷങ്ങളിൽ അവയെ യൂഫ്രത്തോസ് നദീതീരത്ത് ബന്ധിച്ചിരുന്നു, യോദ്ധാക്കൾ ഓടിക്കുന്ന കുതിരകൾ. അത് എന്താണ്? ആ പഴയ റോമാ സാമ്രാജ്യം വീണ്ടും പുനർജ്ജീവിച്ചിരിക്കുന്നു; യഹൂദരുടെ പീഡനം. ഏകദേശം രണ്ടായിരം വർഷത്തോളമായി അവയെ, യൂഫ്രത്തോസ് നദിയിൽ, കണ്ടുവന്നിരുന്നു, വാഗ്ദത്തത്തിലേയ്ക്ക് കടക്കാൻ കഴിഞ്ഞിരുന്നില്ല; ഏദേനിലൂടെ കടന്നു വന്ന്, മറു വശത്തേയ്ക്ക് കടക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന മറ്റൊരു കൂട്ടർ, നിങ്ങൾക്കറിയാം. എന്നാൽ, ഇരുന്നൂറായിരം പീഡനം നടത്തുന്ന പിശാചുക്കളെ, അവരെ അവിടെ ബന്ധിച്ചിരുന്നു.

161 ആറാം കാഹളത്തിൻ കീഴിൽ എന്താണ് സംഭവിക്കുന്നതെന്ന് നോക്കു. അവയെ യഹൂദരുടെ മേൽ അഴിച്ചുവിടുന്നു; യഹൂദന്മാരുടെ പീഡനം. പ്രകൃത്യാതീതമായ പിശാചുക്കൾ, ഏകദേശം രണ്ടായിരം വർഷങ്ങൾ, അതിനുശേഷം, സ്റ്റാലിനിലും, ഹിട്ലറിലും, കൂടെ യഹൂദരുടെ മേൽ അഴിച്ചു വിടുന്നു. നിങ്ങൾ പറഞ്ഞേക്കാം, "അതെ, അത് റോമല്ല." അത് അതേ ആത്മാവ് തന്നെയാണ്. മുമ്പുണ്ടായിരുന്ന റോമൻ സാമ്രാജ്യത്തിന്റെ സമയത്തും, അവർ ക്രിസ്ത്യാനികളോടും അതു തന്നെയാണ് ചെയ്തത്. നാം അതിനെ രണ്ടിനേയും ഇവിടെ വേർതിരിക്കുമ്പോൾ, പ്രകൃതി സംബന്ധമായ യിസ്രായേലിനേയും, ആ ആത്മീയ സഭയേയും ശ്രദ്ധിക്കു. യഹൂദരുടെ മേൽ അഴിച്ചു വിട്ടു.

162 ദൈവ വചനം പ്രകാരം, ആറാം മുദ്രയുടെ കീഴിൽ, എങ്ങനെയാണ് ആ ഓരോ രക്തസാക്ഷിയും, നിലയങ്കികൾ കൈപ്പറ്റിയതെന്ന്, നിങ്ങൾ ഓർക്കുക. അത് അവർക്ക് കൃപയാലാണ് നൽകിയത്, അവർ തങ്ങൾക്കുള്ള സുവിശേഷത്തെ കാണാനാകാത്തവിധം, അതായത്—അതായത്, ഈ ജാതികളായ ജനം മണവാട്ടിയായി വിളിക്കപ്പെടാൻ വേണ്ടി, അവർ അന്ധരാക്കപ്പെട്ടുകയായിരുന്നു. ആ കാഹളത്തിൻ കീഴിൽ, അവർക്ക് നിലയങ്കി കൊടുക്കപ്പെട്ടു, എന്ന് ബൈബിൾ പറയുന്നു. ആ യഹൂദർ, സംശയരഹിതമാം വണ്ണം ക്രിസ്തുവിനും മറ്റെല്ലാറ്റിനും വിരുദ്ധരായിരുന്നു; അവർ അങ്ങനെ ആയിരുന്നതിനു കാരണം, അവർ നിങ്ങൾക്കുവേണ്ടി അന്ധരാക്കപ്പെട്ടുകയായിരുന്നു, എന്നു ബൈബിൾ പറയുന്നു.

163 അവിടെയാണ് ആ റോമാ സാമ്രാജ്യം, (എന്തിനാൽ) കെട്ടപ്പെട്ടിരിക്കുന്നു, ക്രിസ്ത്യൻ പൗരോഹിത്യ ശക്തികളാൽ. അതേ

അത്, റോം, ലോകത്തിലെ മറ്റ പ്രധാന മതങ്ങളെക്കാൾ ഒരു വ്യക്തി മതപരമായ വിശ്വാസത്തെ പിടിച്ചുകൊണ്ടിരുന്നതിൽ നിന്ന്, പോപ്പിന്റെ റോം ആക്കിതീർത്തു, മാത്രമല്ല അതിന്റേതായ ക്രിസ്തീയ പാരമ്പര്യങ്ങളാൽ അത് കെട്ടപ്പെട്ടു. ക്രിസ്ത്യാനിയുടെ ഏതു ഭാഗമാണ്, മാത്രമല്ല—മാത്രമല്ല അന്ധവിശ്വാസങ്ങൾ; സ്ത്രീകളെ ആരാധിക്കുക, ക്രിസ്തുമസ്സ് ദിവസം, വിശുദ്ധ ദിവസം, വിശ്രമ ദിവസം, മറ്റും കാര്യങ്ങളും, ഈ വേണ്ടാത്ത എല്ലാവിധ സാമഗ്രികളും, റോം ഒരുമിച്ച് കൂട്ടിച്ചേർത്തു. അത് ആ വിധത്തിലെ പാരമ്പര്യങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുകയും, അതിനെ വെവ്വേറെയാക്കാൻ കഴിയുന്നതുമല്ല, എന്തെന്നാൽ അത് ക്രിസ്ത്യാനിയുടെ നിബന്ധനകൾക്ക് വിരുദ്ധമായിരിക്കുന്നു. ഇന്നു അതേ ദൈവീകമല്ലാത്ത, ലോകത്തിലെ മറ്റ പ്രധാന മതങ്ങളെക്കാൾ ഒരു വ്യക്തി മതപരമായ വിശ്വാസത്തെ പിടിച്ചുകൊണ്ടുനിൽക്കുന്ന ആത്മാവ്! യെഹെസ്കേലിന്റെയും മറ്റും പ്രവചനങ്ങൾ പ്രകാരം, ആ ആത്മാവ് ലോകത്തിലെ രാജ്യങ്ങളെ അതിലേയ്ക്ക് പിടിച്ചു വെച്ചിരിക്കുന്നു.

164 ആത്മാവിനെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാത്ത, യഹൂദരുടെ മേൽ അവയെ അഴിച്ചു വിടുന്നു. അവിടെ ആ മുദ്രയുടെ കീഴിൽ മൂടപ്പെട്ടിരിക്കുന്ന നിങ്ങളുടെ രക്തസാക്ഷികൾ അവിടെയാണ്. കാണുന്നോ? അത് ശ്രദ്ധിക്കു. നാം അതിലൂടെ കടന്നതാണ്. ഇവിടുള്ള ഈ അവസാന കാഹളത്തിൽ, എന്താണ് സംഭവിക്കുന്നതെന്ന്, ഞാൻ ഇവിടെ കാഹളത്തിൽ കാണിച്ചു തരാം. അവിടെയാണ് അവർ. ഈ കാഹളങ്ങൾ യഹൂദരുടെ മേൽ അഴിച്ചു വിടുന്നു, ജാതികളുടെ മേലല്ല, (നിങ്ങൾ അത് കാണുന്നില്ലേ?) ജാതികൾ, ആ മുദ്രകളെ പൊട്ടിക്കുമ്പോൾ, മുദ്രയിടപ്പെടുന്നു; സമയം അവസാനിച്ചു കഴിഞ്ഞു; സഭ വിളിക്കപ്പെട്ടു കഴിഞ്ഞു.

165 കഴിഞ്ഞ ദിവസത്തെ ദർശനം നിങ്ങൾ ഓർക്കുന്നോ? അതിന്റെ പൂർവ്വദർശനം ഓർക്കു...ഓർക്കുന്നോ? കഴിഞ്ഞ ഞായറാഴ്ചയ്ക്കു മുമ്പുള്ള ആഴ്ചയിലേത്, എത്രപേർ ഓർക്കുന്നു? എപ്രകാരമാണ് അവിടെ അത് കൃത്യമായും കടന്നു വന്നത്. അശ്ലീലതയുടെ അങ്ങേയറ്റമായി, സഭയെന്നു വിളിക്കപ്പെടുന്ന, മലിനമായ വസ്തു, കാഴ്ചയ്ക്കു വൃത്തികെട്ടത്, നാം കണ്ടതുപോലെ തന്നെ കൃത്യമായി കടന്നു വരുന്നു. അതിനുശേഷം, എല്ലാ രാജ്യത്തു നിന്നും, കുറച്ചു മണവാട്ടി, അവരിൽ ഓരോരുത്തരും അവരുടെ രാജ്യത്തിന്റേതുപോലോയുള്ള വേഷം ധരിച്ചിരുന്നു, തികച്ചും പരിശുദ്ധയായി കർത്താവിന്റെ മുമ്പിലൂടെ നടക്കുന്നു.

166 നിങ്ങൾ ശ്രദ്ധിച്ചാൽ, ഒരു സമയം വരും, അവർ ഇങ്ങനെ പറയും, "അതെ, സഭ പീഡനകാലത്തിന് മുമ്പ് പോകേണ്ടതായിരുന്നു

എന്നാണ് ഞാൻ ചിന്തിച്ചിരുന്നത്. മേഘങ്ങളിലേയ്ക്കുള്ള ഒരു എടുക്കപ്പെടൽ ഉണ്ടാകും എന്നാണ് ഞാൻ വിചാരിച്ചിരുന്നത്."

"അതു മുമ്പേ തന്നെ കഴിഞ്ഞിരിക്കുന്നു, നിങ്ങൾ അതു അറിഞ്ഞതുമില്ല."

അപ്രകാരമാണ് അവൻ യോഹന്നാനെക്കുറിച്ച് ഒരിക്കൽ പറഞ്ഞതെന്ന്, നിങ്ങൾക്കറിയാവുന്നതാണ്.

167 പറഞ്ഞു, "എങ്ങനെ, പ്രവാചകന്മാർ...ഏലീയാവ് ആദ്യം വരേണ്ടതുണ്ട് എന്ന് ശാസ്ത്രിമാർ പറയുന്നത് എന്തുകൊണ്ടാണ്?"

168 അവൻ പറഞ്ഞു, "അവൻ മുമ്പേ വന്നു കഴിഞ്ഞു." ശിഷ്യന്മാർ പോലും അത് അറിഞ്ഞിരുന്നില്ല. "അവനെക്കുറിച്ച് എഴുതിയിരുന്നതുപോലെ അവർ അവനോട് ചെയ്തു."

169 മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടലും അതേ വിധം തന്നെയാകും. ഒരു മണിക്കൂറിനകം...അവൻ അത് ചെയ്യുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. ഏലീയാവിനെ അങ്ങനെയാണ് കാണിക്കുന്നതെന്നു അവൻ വാഗ്ദത്തം ചെയ്തിരുന്നില്ല, എന്നാൽ അവൻ മണവാട്ടിയെ അങ്ങനെ ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. "നിങ്ങൾ നിനച്ചിരിക്കാത്ത നാഴികയിൽ," കണ്ണു ചിമ്മുന്ന ഒരു നിമിഷത്തിൽ, ഒരു മാറ്റപ്പെടൽ, അവൻ എടുത്തുകൊണ്ടു പോകും. അതിനുശേഷം നിങ്ങൾ ശേഷിക്കും, അതിനുശേഷമുള്ള ആ സമയം!

170 റോമൻ സഭയ്ക്ക്, റോമിലുള്ള ജനങ്ങളിലൂടെ, റോമിലെ സഭയിലൂടെ ഈ ആത്മാവിനെ, രണ്ടായിരം വർഷങ്ങൾ, ചലിപ്പിക്കാനായില്ല. എന്നാൽ ആദ്യം അതേ ആത്മാവ് തന്നെയാണ്, ഏകാധിപതിയായ മുസ്സോളിനിയിലൂടെ റോമിലേയ്ക്ക് കടന്നു വന്നത്. നിങ്ങൾക്ക് ആ അഞ്ച്...അറിയാം.

171 ഏഴു കാര്യങ്ങൾ സംഭവിക്കേണ്ടതുണ്ട് എന്ന് അവൻ എനിക്ക് 33'-ൽ കാണിച്ചു തന്നു. അതിൽ അഞ്ചെണ്ണവും നടന്നു കഴിഞ്ഞു. അവിടെ ഇപ്പോൾ ഡോക്ടർ ലീ വൈൽ അതിനെക്കുറിച്ചുള്ള ഒരു പുസ്തകം എഴുതിക്കൊണ്ടിരിക്കുകയാണ്. അഞ്ചു കാര്യങ്ങൾ, കൃത്യമായും, വെറും രണ്ടു കാര്യങ്ങൾ മാത്രമേ സംഭവിക്കാനുള്ളൂ. പറഞ്ഞു, "അത് അവന്റെ വരവിന്റെ തൊട്ടു മുമ്പ് സംഭവിക്കും." ഇവിടെ നാം ശരിയ്ക്കും അവസാനത്ത് എത്തിയിരിക്കുകയാണ്, ആറാമത്തെ കാര്യം മുമ്പിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. കാണുന്നോ? സമ്പൂർണ്ണമായും, കൃത്യമായും ശരിയായിരിക്കുന്നു, അതിന് ഒരു തവണ പോലും പിഴയ്ക്കില്ല.

172 സ്വന്തക്കാരെ, ശ്രദ്ധിയ്ക്കു, നാം ഓരോ മണിക്കൂറിലും വിവരപ്പട്ടിക എടുക്കേണ്ടതുണ്ട്. നാം എവിടെയാണ് നിന്നുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാനാകില്ലെന്നു വരാം. വളരെ ശ്രദ്ധയോടെ!

173 ഇപ്പോൾ, ഇപ്പോൾ, അവൻ, ഈ ഇരുന്നൂറായിരം ആത്മീയരായ പിശാചുക്കളെ, ആറാം മുദ്രയുടെ കീഴിലാണ് അഴിച്ചുവിടുന്നത്, റോമിൽ ആരംഭിച്ചു, ജർമനി, ഹിട്ലർ. ബൈബിളിൽ അവർ എവിടെ വെച്ചാണ് അത് സ്വീകരിക്കുന്നതെന്ന് നേക്കു...അവർക്ക് രാജാക്കാന്മാരെപ്പോലെ അധികാരമുണ്ടായിരിക്കും, എന്നാൽ കിരീടം ധരിക്കില്ല. ഒരു ഏകാധിപതി എന്നാൽ കിരീടധാരിയായ ഒരു രാജാവല്ല; എന്നാൽ ഒരു രാജാവിനെപ്പോലെ അധികാരം എടുക്കും.

174 ഓ, ഇപ്പോൾ ദൈവത്തിന്റെ ആത്മാവ് എന്നിലൂടെ ഇളകിയിട്ട്, എന്തോ പറഞ്ഞുകൊണ്ടിരിക്കുന്നു, നിങ്ങൾക്കറിയാം. അത് എങ്ങനെയാണ് പറയേണ്ടതെന്ന് എനിക്കറിയില്ല, എന്താണ് പറയേണ്ടത്, എന്നും എനിക്കറിയില്ല, പിന്നെ ഒരു പക്ഷേ ഞാൻ അതിലധികം ചെയ്തുകൂടാ.

175 ശ്രദ്ധിക്കൂ, ഇരുന്നൂറായിരം...ആയിരം ആ യഹൂദരുടെ മേൽ, അവർ അവരെ ചുട്ടെരിച്ചപ്പോഴും, അവർ അവരെ ക്രൂശിലേറ്റിയപ്പോഴും, അവരുടെ മേൽ അഴിച്ചു വിട്ടു. അവർ അവരുടെ നാടികളിലൂടെ നീർപോളകൾ കടത്തിവിട്ടു. അവർ അവരെ കൊന്നു, അവരെ കൊല്ലുവാനായി അവരുടെ പക്കൽ ഗ്യാസ് തീരുവോളം അവർ അവരെ കൊന്നുമുടിച്ചു. അവരുടെ പക്കൽ അവരെ കൊല്ലുവാനായി ഒരു വെടിയുണ്ടപോലും ശേഷിക്കാതാകും വരെ അവർ അവരെ കൊന്നു. അവർ—അവരാൽ കഴിയുന്നതെല്ലാം അവർ ചെയ്തു. അവർ അവരുടെ ശവശരീരത്തെയും, മറ്റും ദഹിപ്പിച്ചു; നിഷ്കളങ്കരായ മനുഷ്യരെ, കുഞ്ഞുങ്ങളെ എല്ലാം അവർ വേലികളിൽ തൂക്കിയിട്ടു. എന്തുകൊണ്ടെന്നാൽ അവർ യഹൂദരായിരുന്നു, അവർ അവരോട് ആ വിധത്തിൽ പെരുമാറി. അവർക്ക് അതിനുള്ള യോഗ്യതയില്ലായിരുന്നിട്ടും, ദൈവം അവർക്ക് നിലയങ്കി കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തിരുന്നു; എന്തുകൊണ്ടെന്നാൽ നാം കാണേണ്ടതിന് അവന്റെ കൃപ അവരെ അന്ധരാക്കി.

176 ആ ഏഴാം മുദ്ര ഇതുവരെ തുറന്നിട്ടില്ലെന്നത്, നിങ്ങൾക്കറിയാം. അത് അവന്റെ വരവാണ്.

177 അതേസമയം അവർ അതിന്റെ കീഴിൽ ഇപ്പോഴും ആയിരിക്കുന്നു, എന്നാൽ, യോഹന്നാനെ, അവൻ മുകളിലേയ്ക്ക് എടുത്തതുപോലെ. അവൻ ഇവിടെ നമുക്ക് അതിനെ ഒരു പൂർവ്വദർശനപ്രകാരം കാണിച്ചു തരികയാണ്.

178 ഒരിക്കൽ, കടല്ക്കരയിൽ നടക്കുമ്പോൾ; അവൻ ചോദിച്ചു, "നിന്റെ മാറിൽ ചാരിക്കിടക്കുന്നിരുന്ന ഈ മനുഷ്യനെക്കുറിച്ച് എന്താണ്?"

179 അവൻ ചോദിച്ചു, "ഞാൻ വരുന്നതുവരെ അവൻ ഇവിടെത്തന്നെ ആയിരിക്കുന്നെങ്കിൽ നിനക്കെന്താണ്?" നോക്കു, അവൻ ഇവിടെ ആയിരുന്നില്ല, അവൻ വരുന്നതുവരെ, എന്തെല്ലാമാണ് സംഭവിക്കേണ്ടതുണ്ട് എന്ന് അവൻ അവനെ മുകളിലേയ്ക്ക് എടുത്തുകൊണ്ടുപോയി കാണിച്ചു, കാണിച്ചുകൊടുക്കുക മാത്രം ചെയ്തു, യോഹന്നാന് മുഴുവൻ പദ്ധതിയേയും അവലോകനം ചെയ്തു കൊടുത്തു.

180 ശ്രദ്ധിക്കു, ഒരു പ്രകൃതി സംബന്ധമായ രാജ്യത്തിന്, പ്രകൃതി സംബന്ധമായ ശക്തിയുടെ കീഴിൽ പ്രാകൃതമായ രീതിയിൽ നാം കണ്ടു, യിസ്രായേൽ, അവിടെ ശിഥിലമാക്കപ്പെടുന്നു. അത് എന്തു ചെയ്തു? അതു മുന്നോട്ട് ചെന്ന്, യുദ്ധത്തെ ഉളവാക്കി, അത് എങ്ങനെയാണ് കൊല്ലപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തത്.

ഇപ്പോൾ, അതിന്റെ ക്രിസ്ത്യൻ പൗരോഹിത്യരീതി!...ഞാൻ... നിങ്ങൾ...

181 ഇപ്പോൾ ഇതിലേയ്ക്ക് ദൈവം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഇവിടെയായിരിക്കുന്ന സഭയോടു മാത്രമല്ല സംസാരിക്കുന്നതെന്ന് ഞാൻ തിരിച്ചറിയുന്നു. ഈ ടേപ്പുകൾ ലോകമെമ്പാടും പോകും. ആരുടെയും വികാരങ്ങളെ മുറിപ്പെടുത്തണമെന്ന് ഞാൻ അർത്ഥമാക്കുന്നില്ല, എന്നാൽ സത്യം മാത്രം പറയുകയാണ്.

182 ലോകത്തുള്ള മറ്റു പ്രധാന മതങ്ങളേക്കാൾ പ്രാധാന്യമേറിയ പദവി കൈകാര്യം ചെയ്യുന്ന ഒരാൾ എന്ന പഴയ പ്രകൃതി സംബന്ധമായ റോമിൽ നിന്ന്, ഇപ്പോൾ സഭാസംബന്ധിയായ രാജാധികാരം ആരംഭിച്ചിരിക്കുകയാണ്, അത് എല്ലായിപ്പോഴും അവരുടെ ശത്രുവായിരുന്ന, ആ യഹൂദരുടെമേൽ പോയ്ക്കഴിഞ്ഞിരിക്കുന്നു. സിംഹം, പല്ലും മറ്റെല്ലാമായും, അത് നശിപ്പിച്ച് ജനങ്ങളെ മുടിച്ചു കളഞ്ഞു. റോം, എപ്പോഴും ദൈവത്തിന്റെ ശത്രു! ലോകത്തിലെ ഏകാധിപതികളാൽ, അതേ ആത്മാവിനെ തന്നെയാണ് അഴിച്ചുവിട്ടത്, എന്തെന്നാൽ മതപരമായ രീതി അപ്പോഴും മുറുകെപ്പിടിച്ചിരുന്നു. ഇപ്പോൾ അത് അയവുള്ളതായിരിക്കുന്നു.

183 അത് എന്താണ് ചെയ്തത്? അവൻ പറഞ്ഞതുപോലെ, "ഉപായത്താൽ," അവൻ മുഖസ്തുതി പറയുന്നവനെപ്പോലെ കടന്നു വന്നു. പിന്നെ അവൻ എന്താണ് ചെയ്തത്? അവൻ പ്രൊട്ടെസ്റ്റന്റുകളുടെ വേൾഡ് ചർച്ച് ഇക്യുമ്യുനിക്കൽ കൗൺസിലിനെ,

അവരിൽ രണ്ടുപേരിലും എതിർക്രിസ്തുവിന്റെ ആത്മാവാണ്, അവർ മറ്റുള്ളവരോട് ചെയ്തതുപോലെ, മണവാട്ടിയെ വിളിക്കാനുള്ള സമയത്ത്, അവരെ സംഹരിക്കാനായി കൊണ്ടുവരുന്നു, കൂട്ടിക്കൊണ്ടുവരുന്നു. എങ്ങനെയാണ്? സഭാസംബന്ധിയായ സഭയുടെ ആത്മാവിനാൽ അയച്ചുവിടുന്നു. എന്തിന്മേലാണ് അഴിച്ചു വിടുന്നത്? വിഭാഗീയ സഭയുടെ മേൽ അല്ല; മണവാട്ടിയുടെ മേൽ! എന്നാൽ, മണവാട്ടി ആ സമയത്തിലൂടെ കടന്നു പോകയില്ലെന്ന്, നിങ്ങൾക്ക് ഇവിടെ ലഭിക്കുന്നു. ബൈബിൾ അങ്ങനെ പറയുന്നില്ല. സഭ അതിലൂടെ കടക്കും, എന്നാൽ മണവാട്ടി ഉണ്ടാകില്ല. നിങ്ങൾക്ക് കാണാനാകുന്നില്ലേ? ദൈവവേലക്കാരേ, നിങ്ങൾക്ക് അത് കാണാനാകുന്നില്ലേ, സഹോദരന്മാരേ?

184 നിങ്ങൾ പറയും, "സഭയ്ക്കു പീഡനത്തിലൂടെ കടക്കേണ്ടതുണ്ട്, എന്തിനായി, എന്തിനായിട്ടാണ്, അതിനെ പരിശുദ്ധമാക്കാൻ." യേശുക്രിസ്തുവിന്റെ രക്തം മണവാട്ടിയെ പരിശുദ്ധമാക്കുന്നു.

185 ഭാര്യയെ തെരഞ്ഞെടുക്കുന്ന ഒരു മനുഷ്യൻ അവളെ അനേക ശിക്ഷകളിലൂടെ കടത്തിനോക്കില്ല; അവന് അവളുമായിട്ടും, അവളിലും മുമ്പേ തന്നെ കൃപ തോന്നുന്നു, അവൾ അവനിലെ കൃപ കണ്ടെത്തുന്നു. അവൻ—അവൻ അവളെ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു. മാത്രമല്ല, എന്തെങ്കിലും ഉണ്ടെന്നു വന്നാലോ, അവൻ അവളുടെ കൈ ആ ഓരോ ഇടത്തും നിന്നും അവളെ തിരിച്ചുകൊണ്ട് അവൻ സൂക്ഷിക്കും. അവന്റെ കൃപ അവരുടെ മേൽ അത്രയും അധികമായിരിക്കുന്നു.

186 അന്നു മണവാട്ടിയുടെ മേൽ ഉണ്ടായിരുന്നു, അങ്ങനെ തന്നെ മണവാട്ടിയുടെ മേൽ ഇനിയും സംഭവിക്കട്ടെ. നാം നരക യോഗ്യരും, ഉപയോഗശൂന്യരുമായ ജീവികളുമായിരുന്നു, എന്നാൽ അവന്റെ കൃപ അതിലൂടെ നമ്മെ നിലനിർത്തിപ്പോന്നു. എത്രപേരാണ് അന്ധരും നഷ്ടപ്പെട്ടുമിരിക്കുന്നത്! എത്രമാത്രം, ഞാൻ രക്ഷിക്കപ്പെട്ട മണിക്കൂറിൽ എത്രമാത്രം പാപികളാണ് ലോകത്തിലുണ്ടായിരുന്നത്! ദൈവം എന്നെ ഒരു ഉദ്ദേശത്തിനായാണ് രക്ഷിച്ചത്; ആ ഉദ്ദേശം, അവന്റെ ഇഷ്ടപ്രകാരം, നിറവേറ്റാനായി, ഞാൻ തീരുമാനം എടുത്തുറച്ചിരിക്കുന്നു. മറ്റാരെങ്കിലും എവിടേയ്ക്കാണ് പോകുന്നത് എന്നെനിക്ക് പ്രശ്നമല്ല; ഞാൻ അതു ചെയ്യാൻ ആഗ്രഹിക്കുന്നു.

187 ഞാൻ ഈ മണി നേരത്തെ സഭകളിലേയ്ക്ക്, അവരുടെ മഹത്തായ ആകർഷകത്വത്തെ നോക്കുമ്പോൾ, "ധനവാൻ, ഒന്നിനും മുട്ടില്ല," എന്ന് അവർ പറയുകയാണ്; അരിഷ്ടരും, കുരുടരും, നഗ്നരുമായി, കാണുന്നു; അതിനുശേഷം, നിങ്ങളും അവരുമായി ഉൾപ്പെട്ടിരിക്കാൻ നിങ്ങളുടെ മുതുകത്ത് തലോടുന്നു. ഞാൻ ജനിച്ചത്

ഒരു ഉദ്ദേശത്തിനായിട്ടാണ്, അത് അതിനെ കുറ്റം വിധിക്കാൻ മാത്രമല്ല പുറത്തേയ്ക്ക് വിളിക്കാനുമായിട്ടാണ്. ഞാൻ അത് ചെയ്യും.

188 ഓർക്കുക, യേശു ഭൂമിയിലേക്ക് വന്നപ്പോൾ, അവൻ ഇവിടെ ആയിരിക്കുന്നു എന്ന കാര്യം അറിയുന്നവരായി ഭൂമിയിലെ നൂറിൽ ഒരാൾ പോലും ഉണ്ടായിരുന്നില്ല. അവൻ തിരഞ്ഞെടുത്ത ഒരു കൂട്ടർക്കായാണ് വന്നത്. പറഞ്ഞു, "എന്റെ പിതാവ് ആകർഷിക്കാതെ ആർക്കും എന്റെ അടുക്കൽ വരാൻ കഴയുന്നതല്ല. പിതാവ് തന്നതെല്ലാം," ഭൂതകാലം, "തന്നതെല്ലാം, എന്റെ അടുക്കൽ വരും. അവർ അത് അറിയും. അവർ അത് കേൾക്കും."

189 സഭാസംബന്ധിയായ ആത്മാവിനെ അഴിച്ചുവിടുന്നത് ശ്രദ്ധിക്കു. ഇപ്പോൾ ഇരുപത് വർഷങ്ങൾക്കൊടുവിൽ, ആ യുദ്ധത്തിനു ശേഷം, സഭാസംബന്ധിയായ ആത്മാവിനെ അഴിച്ചു വിടുന്നതായി നാം കാണുന്നു. എന്തിന്റെ കീഴിൽ? ഏഴാം മുദ്ര; യഹൂദരുടെ ഏഴാം കാഹളത്തിൽ.

190 ചന്ദ്രൻ ഇരുണ്ടുത് ശ്രദ്ധിക്കു. എന്തിന്റെ കീഴിലാണ്? അതു പുറത്തേയ്ക്ക് എടുക്കുന്നതു നോക്കു, സഭയിൽ നിന്ന് ആ മനുഷ്യപുത്രനെ പുറത്താക്കിക്കളയുന്നു.

191 അതെന്താണ്? സഭാസംബന്ധിയായ കൂട്ടരുമായി യോജിപ്പിക്കുന്നതാണ്. ആ—എക്യൂമിനിക്കൽ സമതിയും, വേൾഡ് ചർച്ച് കൗൺസിലും ചേർന്ന്, സകല മനുഷ്യരെയും...ആ വസ്തു എന്തിനുവേണ്ടി നിലനിൽക്കാൻ പോകുന്നു? എന്താണ്, നിങ്ങളുടെ എല്ലാവിധമായ സുവിശേഷ ഉപദേശങ്ങളും മറ്റും നിങ്ങൾ അടിയറവ് വെയ്ക്കാൻ പോകുന്നതാണ്. "യോജിച്ചിട്ടല്ലാതെ എങ്ങനെ രണ്ടുപേർ ഒരുമിച്ച് നടക്കും?" അവർക്ക് കഴിയില്ല. അവർക്ക് കഴിയില്ലെന്നു യേശു പറഞ്ഞിരിക്കുന്നു. ഒരു സഭയ്ക്ക് എങ്ങനെയാണ്, മെഥോഡിസ്റ്റിനും, ബാപ്റ്റിസ്റ്റിനും ഒരുമിച്ച് നടക്കാനാകുക? ചർച്ച് ഓഫ് ക്രൈസ്റ്റിന് എങ്ങനെയാണ് ബാപ്റ്റിസ്റ്റുമായി നടക്കാനാകുക? പ്രൊട്ടസ്റ്റന്റുമായി ചേർന്ന് എങ്ങനെ കത്തോലിക്ക നടക്കും? പ്രൊട്ടസ്റ്റന്റിന് പ്രൊട്ടസ്റ്റന്റുമായി എങ്ങനെയാണ് നടക്കാനാകും?

192 എന്നാൽ മണവാട്ടിയ്ക്ക് വചനവുമായി നടക്കാനാകും, അത് ക്രിസ്തുവാകുന്നു. അത് തികച്ചും യോജിപ്പിലായിരിക്കണം. സഭാസംബന്ധിയായ ഏർപ്പാടുമായിട്ടല്ല; എന്നാൽ വചനുമായിട്ട്. വചനുമായി ചേർന്ന് നടക്കാൻ; നിങ്ങൾക്ക് വചനുമായി യോജിച്ചു വരേണ്ടതുണ്ട്. യേശു അങ്ങനെ പറഞ്ഞിരിക്കുന്നു. അത് അതിനെ ശരിയാക്കുന്നു.

193 ശ്രദ്ധിക്കു, അവൾ ഇപ്പോൾ അവിടെയാണ്. ഇന്നേ വരെ വിവരിക്കപ്പെടാത്ത ചെറിയ കാര്യങ്ങളുടെ വിവരണത്തിൽ നിന്നും, അവൾ അയച്ചു വിടപ്പെട്ടിരിക്കുന്നു, "ഓ, അതെ, അത് എങ്ങനെയായാലും യാതൊരു വ്യത്യാസവും വരുത്തില്ല."

194 അതു തന്നെയാണ് സാത്താൻ ഹവ്വയോടും ചെയ്തതും. "ഒരു വ്യത്യാസവും വരുത്തില്ല. അത് ശരിയാണ്. നിസ്സംശയം, ദൈവം ഒരു നല്ല ദൈവമാണ്. അവൻ നമ്മെ എല്ലാവരേയും, എന്തൊക്കെയായാലും, സ്നേഹിക്കുന്നു." അവൻ അങ്ങനെ ചെയ്യില്ല.

195 അത് ഒരു നല്ല ദൈവമാണെന്ന് നിങ്ങൾ വളരെ കൂടുതലായി കേട്ടിരിക്കുന്നു. അവൻ ഒരു നല്ല ദൈവമാണ്, എന്നാൽ, നല്ലവനായിരിക്കുമ്പോൾ തന്നെ, അവൻ നീതിമാനുമാണ്. നീതിയില്ലാതിരുന്നാൽ ഒരു നന്മയും ഇല്ല. ശിക്ഷയില്ലാതെ, പിഴയില്ലാതെ, അവിടെ യാതൊരു നീതിയുമില്ല. മുകളിൽ പറഞ്ഞതു പ്രകാരം, നാം ആ മണിക്കൂറിലാണ് ജീവിക്കുന്നത്.

196 ഇപ്പോൾ പെട്ടെന്ന്, ഈ അലൗകീകമായ പിശാചുക്കളെ, ശ്രദ്ധിക്കു. അതിനു ശേഷം, ഐക്യരക്ഷാ സമിതിയുടെ പരിപാലനത്തിൻ കീഴിൽ, കിഴക്കും പടിഞ്ഞാറുമുള്ള, കൂട്ടർ ഒരുമിച്ച് കൂടി വന്നു.

197 ദാനീയേൽ കണ്ട ദർശനത്തിലെ ബിംബത്തിന്റെ ഇടത്തും വലത്തുമുള്ള പാദങ്ങളെപ്പോലെ, അവർ ഒന്ന് മറ്റൊന്നുമായി നന്നായി യോജിച്ചിരിക്കുന്നു. ആ സമയത്ത്, ലോകം ഐസൻഹോവർ... *ഐസൻഹോവർ* എന്നാൽ "ഇരുമ്പ്," *ക്രൂഷ്ച്ചേവ്* എന്നാൽ "കളിമണ്ണ്." അയാൾ തന്റെ ഷൂസ് വലിച്ചൂരി, ഐക്യരാഷ്ട്ര സഭയിൽ, രാജ്യത്തലവന്മാർ ഇരിക്കുമ്പോൾ, അവിടുണ്ടായിരുന്ന മേശമേൽ അടിച്ചു, [ബ്രദർ ബ്രൺഹാം പുൾപ്പിറ്റിൽ മുട്ടുന്നു—Ed.] ക്രൂഷ്ച്ചേവ് പൊടി തട്ടിക്കളയുകയായിരുന്നു...ഓ, എന്റെ! നാം ഏതു സമയത്താണ് ജീവിക്കുന്നത്! സഭയും അതിന്റെ അവസ്ഥയും!

198 എന്നാൽ, ആ ചെറിയ മണവാട്ടി തന്നെത്താൻ ഒരുങ്ങുന്നതിനാൽ, ദൈവത്തിന് നന്ദി. അത് അധികം നീളില്ല. കാത്തിരിക്കു. അത് അധിക നാൾ നീണ്ടുപോകില്ല. അത് എത്ര കാലമാണെന്ന് എനിക്കറിയില്ല, എപ്പോഴാണെന്ന് ആർക്കുമറിയില്ല; അത് ആർക്കുമറിയില്ല. എന്നാൽ അത് വളരെ അടുത്ത് തന്നെ അവസാനിക്കാൻ പോകുന്നു എന്നു നാം അറിയുന്നു.

199 ക്രിസ്തീയ പുരോഹിതരെ ശ്രദ്ധിക്കു. അതിനെ ശ്രദ്ധിക്കു, പ്രകൃതി സംബന്ധമായ, ആ യഹൂദരോട് അത് എന്താണ്

ചെയ്തത്? അത് ദൈവത്തിന്റെ ന്യായപ്രമാണത്തെ പിടിച്ചുകൊണ്ടിരുന്ന ജനങ്ങളായിരുന്നു. എത്രമാത്രം സഭകൾ രൂപംകൊണ്ടാലും, മറ്റെന്തായാലും, അവർ ക്രിസ്തുവിനെക്കുറിച്ച് അന്ധരായി, ന്യായപ്രമാണം മുറുകെപ്പിടിച്ചിരുന്നു. പിന്നിട് ദൈവം അവർക്ക് നിലയങ്കി കൊടുക്കുന്നു, അവരിൽ ഓരോരുത്തർക്കും, എന്തുകൊണ്ടെന്നാൽ അവർ രക്തസാക്ഷിത്വത്തിന്റെ കീഴിൽ പോയി. കാണുന്നോ? അവർ—അവരായിരുന്ന...അവർ നമുക്കായി അന്ധരാക്കപ്പെട്ടു.

200 ഇവിടെ ഇപ്പോൾ, സഭ, അതിന് ബൈബിളിനെപ്പറ്റി യാതൊന്നും തന്നെ അറിയില്ല. വിഭാഗീയ സഭയെപ്പറ്റിയും, ക്രിസ്തീയ പൗരോഹിത്യത്തെകുറിച്ചുമല്ലാതെ, അവർക്ക് അതിനെക്കുറിച്ച് യാതൊന്നും അറിയില്ല. അത് എല്ലാം അവർക്ക് വിദേശീയമാണ്. അവർക്ക് അവനെ അറിയാം, അവനെ മാത്രമേ അറിയാവൂ.

201 ഇന്ന് ജനം ഏകദേശം, പത്രൊസും മറ്റും അവിടെ മറുരൂപമലയുടെ മുകളിൽ ആയിരുന്നതുപോലെയുള്ള അവസ്ഥയിലാണ്. ആ അലൗകീകമായത് ചെയ്തത് അവർ കണ്ടപ്പോൾ എല്ലാവരും ആവേശഭരിതരായി, "അതെ, പ്രവാചകന്മാരുടെ ഒരു ആലയം, ഒരെണ്ണം മോശെയ്ക്കും വേണ്ടിയും പണിയാമോ," എന്നു ഒരുവൻ ചോദിച്ചു.

202 ആ വിധത്തിലാണ് ജനങ്ങൾ, പെന്തെക്കോസ്തു ജനങ്ങൾ ചെയ്തത്. അവർ പറഞ്ഞു, "ഞങ്ങൾ ഒന്നുണ്ടാക്കും, അസംബ്ലീസ് ഓഫ് ഗോഡ്; മറ്റൊന്ന്, ചർച്ച് ഓഫ് ഗോഡ്; ഒന്ന്, ഒൺനസ്സ്, ടൂനസ്സ്," അങ്ങനെയും മറ്റുമാണ്.

203 എന്നാൽ അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, യഹോവ വിളിച്ചു പറഞ്ഞു, "ഇത് എന്റെ പ്രീയ പുത്രൻ," അവൻ വചനമാണ്, "അവനെ കേൾപ്പിൻ!" കാണുന്നോ? അവൻ വചനമാകുന്നു.

204 നാം ജീവിക്കുന്ന ഈ മണിക്കൂർ, അപകീർത്തിപ്പെടുത്തലും, സഭാസംബന്ധിയായും, അവരെ എല്ലാവരേയും ഈ ഒരു വലിയ കശാപ്പ് ചെയ്യുന്നിടത്തേയ്ക്ക്, ആത്മാക്കൾ ഇപ്പോൾ ഒരുമിച്ച് കൂട്ടിച്ചേർക്കുന്നു. ഇത് മുമ്പെ തന്നെ ഇവിടെ എഴുതപ്പെട്ടിരിക്കുന്നു, ഇപ്പോൾ തന്നെ ഈ രാജ്യത്തിൽ, നിങ്ങൾ വിഭാഗീയ സഭകളുമായി ചേർന്നില്ലെങ്കിൽ ഈ സഭകളെ അടയ്ക്കാൻ പോകുകയാണ്. അത് ഒരു ഐക്യം, മൃഗത്തിന്റെ മുദ്രയുടേത് പോലുള്ള, അത് ഒരു ബഹിഷ്കരിക്കൽ.

205 ആ മൃഗം എന്താണെന്ന് നിങ്ങൾ ഇപ്പോൾ കാണുന്നില്ലേ, നിങ്ങൾ കാണുന്നില്ലേ? അത് ഒരു അധികാരമാണ്. ഒരു അധികാരം മാത്രമല്ല, സഭാസംബന്ധിയായ അധികാരം, യേശു പറഞ്ഞു, "അത് യഥാർത്ഥമായതിനെപ്പോലെ സാമ്യമുള്ളതായിട്ട്, കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കാൻ ശ്രമിക്കും." എന്നാൽ ആ ദിവസം നാം അതിന്റെ ചതിയിൽ പെട്ടുപോകാതിരിക്കാൻ ഇവിടെ നമുക്കായി അവൻ ചിലത് തരാമെന്ന് വാഗ്ദത്തം ചെയ്തിരുന്നു, അത് വചനമാണ്, ക്രിസ്തു നമുക്ക് അതിനെ സ്പഷ്ടമാക്കി തന്നു. അവ കണ്ണുകൊണ്ട് കാണാൻ കഴിയാത്ത അലൗകീകമായ പിശാചുക്കളാണ്, എന്നാൽ അവർ എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾക്ക് കാണാൻ കഴിയുന്നു. കാണുന്നോ?

206 ആ കൂട്ടർ സവാരി ചെയ്ത്, അവരുമായി രമ്യപ്പെടാത്ത സകലത്തെയും അവർ സ്വയം കഠിനമായും ശബ്ദത്തോടും കൂടെ അവസാനിപ്പിക്കാൻ ശ്രമിക്കുമ്പോൾ, അല്പം കഴിയുമ്പോൾ, വെളിപ്പാട് 19-ൽ, അവിടെ മറ്റൊരു കൂട്ടർ തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ്. അടുത്ത തവണ ആ സഭ കേൾക്കുന്നു, അവളും വരുന്നു, അവർക്കുള്ളതുപോലെയുള്ള കുതിരകളിന്മേലല്ല, എന്നാൽ ബൈബിൾ പറയുന്നു, "അവൻ ഒരു വെള്ള കുതിരമേൽ ആയിരുന്നു, സ്വർഗ്ഗത്തിലെ സൈന്യം അവന്റെ പിന്നിലായി വെള്ളക്കുതിരകളിൽ വരുന്നു." അത് ശരിയല്ലേ?

207 യൂഫ്രത്തോസ് നദീതീരത്ത് ബന്ധിച്ചിരുന്ന രണ്ടായിരംപേർ ഈ കൂട്ടർക്ക് ഇവിടെ ഉണ്ടായിരിക്കുമ്പോൾ, അവരെ രണ്ടായിരം കൊല്ലമായി ബന്ധിച്ചുമിരുന്നു, അവിടെ പിന്നിലായി രക്തസാക്ഷികളുടെ കീഴിലും, സഭാ കാലങ്ങളിലുമായി, ഏകദേശം രണ്ടായിരം കൊല്ലമായി സഭയും പരിശുദ്ധാത്മാവിനാൽ കെട്ടപ്പെട്ടതായി കാണുന്നു. അതും കെട്ടപ്പെട്ടതായി കാണുന്നു, യൂഫ്രത്തോസിന്റെ കരയിലല്ല, എന്നാൽ മതപരമായ വിശ്വാസപ്രമാണങ്ങളുടെ വാതിലുകളിലെ, സിദ്ധാന്തങ്ങളാലും, മനുഷ്യ നിർമ്മിതമായ വ്യവസ്ഥകളാലും പരിശുദ്ധാത്മാവിന് പ്രവർത്തിക്കാൻ കഴിയുന്നില്ല. എന്നാൽ അവൾ മോചിപ്പിക്കപ്പെടാൻ പോകുകയാണ്, അവൾ തിരികെ വരുന്നു, അതാണ് ബൈബിളിൽ പറയപ്പെട്ടിരിക്കുന്നത്. അവർ രണ്ടാളും യുദ്ധക്കളത്തിൽ നേരിടാൻ പോകുന്നു, ആരംഭത്തിലേതു പോലെ, വീണ്ടും ലൂസിഫറും മിഖായേലും. ഏകദേശം, ഏകദേശം രണ്ടായിരം കൊല്ലത്തോളമായി അവരെ ബന്ധിച്ചിരിക്കുകയാണ്.

208 തികച്ചും രണ്ടായിരമല്ല, എന്തെന്നാൽ റോമക്കാർ അതു ചെയ്തുകൊണ്ടേയിരുന്നു, എ.ഡി. 96-ൽ തീത്തോസും, മറ്റുള്ളവരും, യഹൂദരെ കൊന്നു. റോമക്കാർ! ആ യഹൂദരെ കൊന്നത് ആരായിരുന്നു? തീത്തോസ് ആരായിരുന്നു? ഒരു റോമക്കാരനായ ജനറൽ. ഓ അവരെ, കുട്ടികളെ, സ്ത്രീകളെ, എല്ലാറ്റിനേയും, കശാപ്പ് ചെയ്തിട്ട്, അവിടെ അവരുടെ പ്രവേശന കവാടം വരെ രക്തം ഒഴുകി. അവർ അതു ചെയ്യുമെന്ന് യെഹെസ്കേൽ 9-ൽ പറയപ്പെട്ടന്നില്ലേ? “പട്ടണത്തിന്റെ നടുവിലേയ്ക്ക് ചെന്ന് നെടുവീർപ്പിടുകയും, കരയുകയും ചെയ്യുന്നവരുടെമേൽ ഒരു അടയാളം വെയ്ക്കുക,” പരിശുദ്ധാത്മാവ്. മറ്റുള്ളവർക്ക്, “ആ കശാപ്പുകാരൻ വരുന്നു,” അത് ബന്ധനത്തിലായിരുന്നു; അവരെ നിലനിർത്തുക, അവിടെ ഉണ്ടായിരുന്ന സകലത്തേയും കശാപ്പു ചെയ്തു തീരും വരെ, അവരെ നിലനിർത്തുക. ചെറുപ്പക്കാരി സ്ത്രീകൾ, പ്രായമേറിയ സ്ത്രീകൾ, കൊച്ചു കുട്ടികൾ, കൈക്കുഞ്ഞുങ്ങൾ, മറ്റെല്ലാറ്റിനേയും, അവരെല്ലാം കശാപ്പു ചെയ്യപ്പെട്ടു. കൃത്യമാണ്.

209 ഇവിടെ അത് വീണ്ടും, സ്വയം ആവർത്തിക്കുന്നു. ഇവിടെ, ദൈവത്തിന്റേത് എന്നു വിളിക്കുന്ന എല്ലാറ്റിനേയും, ശ്വാസം കിട്ടാതെ കൊന്നു പുറത്താക്കിക്കൊണ്ട്, ചവുട്ടിത്തേച്ചു പുറത്താക്കിക്കൊണ്ട്, ഇതാ ആ സഭാസംബന്ധിയായ രീതി ശരിയ്ക്കും തിരികെ വരുന്നു ഓ, അവർക്ക് അവരുടേതായ വ്യവസ്ഥകളെ, വിഭാഗീയ സഭകളെ, സംഘടനകളെ, കിട്ടിയിരിക്കുന്നു, എന്നാൽ അതിന് ബൈബിളുമായി യാതൊന്നും ചെയ്യാനില്ല. അവർ അതിൽപ്പോലും വിശ്വസിക്കുന്നില്ലെന്നു വളരെ പെട്ടെന്നു തന്നെ നിങ്ങളോട് പറയും. അതെ, സർ, “സഭ പറയുന്നതു മാത്രം പറയുക.”

210 ഇതാണ് ദൈവം പറയുന്നത്! അത് വചനമാണ്. മണവാട്ടികൾ വചനത്തോടൊപ്പം നിൽക്കും; അവർ ഒന്നാണ്. അവയ്ക്ക് ഒന്നാകാനാകുന്നത് എങ്ങനെയാണ്? ആ വചനം, അവിടെ എഴുതിയിരിക്കുന്നത്, നിങ്ങളിലായി, നിങ്ങളെയും വചനത്തെയും ഒന്നാക്കി തീർക്കുമ്പോഴാണ്. അതാണ് അവൻ കൃത്യമായും വാഗ്ദത്തം ചെയ്തിരിക്കുന്നത്.

211 അതിനുശേഷം, അത് വ്യഖ്യാനിക്കുന്നു. ദൈവത്തിന് ഒരു വ്യാഖ്യാതാവിന്റെ ആവശ്യമില്ല. അവർ പറയും, “അതെ, അതിനെ ഞങ്ങൾ *ഇങ്ങനെയാണ്* വ്യാഖ്യാനിക്കുക.” നിങ്ങൾക്ക് ഒന്നിനേയും വ്യാഖ്യാനിക്കാനുള്ള അധികാരമില്ല. ദൈവം സ്വയം തന്റെ വ്യാഖ്യാനം നടത്തുന്നു. ദൈവം പറഞ്ഞു, “വെളിച്ചം ഉണ്ടാകട്ടെ,” അവിടെ വെളിച്ചമുണ്ടായി. അത് ആരാണ് വ്യാഖ്യനിച്ചത്? അവൻ പറഞ്ഞു,

"ഒരു കന്യക ഗർഭിണിയാകും," അവൾക്ക് അതു സംഭവിച്ചു. അതിന് ഒരു വ്യാഖ്യാതാവിന്റെയും ആവശ്യമില്ലായിരുന്നു, അത് മുമ്പേ തന്നെ വ്യാഖ്യനിക്കപ്പെട്ടിരിക്കുന്നു. ഇന്നു ഈ ദിവസങ്ങളിൽ ഇതു സംഭവിക്കുമെന്നു ദൈവം പറഞ്ഞിരിക്കുന്നു, ഇതു ഇവിടെ ആയിരിക്കുന്നു. അതിന് ഒരു വ്യാഖ്യാതാവിന്റെയും ആവശ്യമില്ല. അത് സ്വയം വ്യാഖ്യാനിക്കുന്നു. ഓ, എന്റെ!

212 വെളിപ്പാട് 9:1, അഞ്ചാം കാഹളത്തിൻ കീഴിൽ, അവരുടെ രാജാവ്...ഇപ്പോൾ, വെളിപ്പാട് 9:1-ലെ ഇരുന്നൂറായിരം കുതിരക്കൂട്ടങ്ങളുടെ രാജാവിനെ, ശ്രദ്ധിക്കുക. അവരുടെ മേൽ അവർക്ക് ഒരു രാജാവുള്ളതായി, നാം ശ്രദ്ധിച്ചാൽ കാണാനാകും, അത് ഒരു വീണുപോയ നക്ഷത്രമാണ്. "ഓ ലൂസിഫറേ, നീ ആകാശത്തു നിന്നും വീണതെങ്ങനെ?" ഓ, ഡോക്ടർ സ്മിത്ത് അവിടെ വളരെ മനസ്സാക്ഷിക്കുത്തുള്ളവനായി ഇരിക്കുന്നതെങ്ങനെയാണ്, എന്നാൽ, അത് കുഴപ്പമില്ല, നോക്കു, അവന്റെ സമയത്തിൽ അല്ലായിരുന്നോ. കാണുന്നോ? ശരി. "അഗാധകൂപം ആയിരുന്നില്ലേ; അവരുടെ രാജാവ് ആഗാധകൂപത്തിന്റെ രാജാവല്ലേ?"

213 വെളിപ്പാട് 17:8. ഞാൻ ഇവിടെ ചിലത് എഴുതിക്കൊണ്ടുവന്നിട്ടുണ്ട്. ഞാൻ അതിനെ അങ്ങനെ വായിക്കുന്നു. നിങ്ങൾ ഇവിടെയ്ക്ക് നോക്കു, വെളിപ്പാട് 17:8. ഇവിടെ എന്താണ് പറയുന്നതെന്ന് കാണാൻ ഞാൻ ആഗ്രഹിക്കുകയാണ്, എന്തെന്നാൽ ഈ അടുത്തു വരുന്നതിനെ ഞാൻ എങ്ങനെ പ്രഹരിക്കണമെന്ന് എനിക്കറിയില്ല, 17:8.

> *നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽ നിന്നു കയറി നാശത്തിലേക്ക് പോകുവാൻ ഇരിക്കുന്നതും ആകുന്നു; ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ട് അതിശയിക്കും.*

214 നോക്കു, "ഉണ്ടായിരുന്നതും," ഒരു പോപ്പ് മരിക്കുമ്പോൾ, മറ്റൊരുവൻ വരുന്നു. "മൃഗമോ ഉണ്ടായിരുന്നതും, ഇപ്പോൾ ഇല്ലാത്തതും, ഉണ്ടായിരിക്കുന്നതും, ഇപ്പോൾ ഇല്ലാത്തതും, ഉണ്ടായിരിക്കുന്നതും." അതിന്റെ ക്രമം മാറുന്നില്ല; അത് പോപ്പാകുന്നു, എല്ലാ നേരത്തും, ഓരോന്നും. സകലതും അതേ ക്രമത്തിൽ തന്നെ പോകേണ്ടതുണ്ട്.

215 അത് എവിടെനിന്നാണ് വരുന്നത്? "അഗാധകൂപങ്ങളിൽ നിന്ന്." ബൈബിൾ ഇവിടെ പറയുന്നു, അതിനെ, "അവരുടെ നായകൻ വരുന്നത് അഗാധകൂപത്തിൽ നിന്നാണ്, അത് അവരുടെ

രാജാവാണ്," പിന്നെ അവൻ ഒരു മൂന്നുമടങ്ങായ കിരീടവും വെച്ചിരിക്കുന്നു, പ്രൊട്ടെസ്റ്റൻറുകളുമായി അവരെ യോജിപ്പിക്കുന്നു.

216 കഴിഞ്ഞ ദിവസം ഒരു ലൂഥറിൻ സഭയിലെ പുരോഹിതൻ ഇപ്രകാരം പറഞ്ഞു കേട്ടു, അതല്ല. ഒരു ലൂഥറിൻ സഭയിലെ പ്രാസംഗികനാണ്, പറഞ്ഞത്, "അതെ, ഞാൻ ഒരു—ഒരു കോളർ ധരിക്കുന്നത് എന്തുകൊണ്ടാണ്? എന്നു ജനങ്ങൾ എന്നോട് ചോദിക്കുന്നു. അവർക്ക് എന്നോട് അത് എവിടെ നിന്നാണ്... പറയാനായെങ്കിൽ," നിങ്ങൾ അവിടെ ഉണ്ടായിരുന്നോ [ഒരു സഹോദരൻ പറയുന്നു, "അതെ,"—Ed.] അതെ. പിന്നെ, അത്, അത് കളിയാക്കാനായിരുന്നില്ലേ? ഞാൻ—എനിക്ക് ഏകദേശം ശർദ്ദിക്കണം എന്നപോലെ തോന്നി, ഞാൻ പ്രസംഗവേദിവിട്ട് പുറത്തു പോയി. അവർ പറഞ്ഞു, "എന്തെന്നാൽ, അവർ പറയുന്നത് മറ്റുള്ളവരിൽ നിന്നും യാതൊരു വ്യത്യാസവുമുണ്ടാകാൻ പാടില്ല."

217 ലൂഥർ, മാർട്ടിൻ ലൂഥർ, അത് കേട്ടിരുന്നെങ്കിൽ, അവൻ തന്റെ മുഖം കല്ലറയിൽ നിന്നും മറുവശത്തേക്ക് തിരിച്ചുകൊണ്ട്, പറയും, "നീ കപടഭക്തിക്കാരാ, നീ എന്റെ കൂട്ടത്തിലുള്ളവനല്ല." ഊഹ്-ഹാ. കാണുന്നോ?

എന്നാൽ അത് എവിടെ നിന്നാണ് കിട്ടിയതെന്ന് നിങ്ങൾക്കറിയാമോ? "അവിടെ ഒരു വ്യത്യാസവുമില്ല."

218 അവിടെ ഒരു വ്യത്യാസമുണ്ട്. വ്യക്തികളിൽപ്പോലും വ്യത്യാസമുണ്ട്. ദൈവം പറയുന്നു, "പൌലൊസിനേയും ബർന്നാബാസിനെയും, എനിക്കായി വേർതിരിക്കുക," അത് ശരിയാണ്, "ജോലിക്കായി." വേർതിരിക്ക! ദൈവം ഒരു വേർതിരിപ്പുകാരനാണ്, കലർത്തുന്നവനല്ല. ഒരു വേർതിരിക്കുന്ന... സഭയെ ഇന്ന് അവരെ കുളിവസ്ത്രങ്ങൾ ഉപയോഗിക്കാൻ അനുവദിക്കുന്ന, നീളം കുറഞ്ഞ വസ്ത്രങ്ങൾ, മാത്രമല്ല, മറ്റെല്ലാം ചെയ്യാനും അനുവദിക്കുന്ന, ഒരു നല്ല കൂട്ടിക്കലർത്തുവനെയാണ് ആവശ്യം. എന്നാൽ ദൈവം പറയുന്നു, "എനിക്കായി വേർതിരിക്കുക!" സ്വയം നിങ്ങളെ ലോകത്തിൽ നിന്നും വേർതിരിക്കുക!

219 വെളിപ്പാടിൽ, നാം ഇവിടെ കാണുന്നത് എന്തെന്നാൽ, അത്, "അഗാധകൂപത്തിൽ നിന്നുള്ളവനായിരുന്നു അവരുടെ രാജാവ്," അതെ അവൻ തന്നെ "നാശത്തിലേയ്ക്ക് പോകുന്നു," അകത്തും പുറത്തും, അകത്തും പുറത്തും, പിന്നെ പുറത്തേയ്ക്ക് പോകുന്നു.

220 ലേവ്യപുസ്തകം, 23-ആം അദ്ധ്യായം ശ്രദ്ധിച്ചാൽ, വചനത്തിന്റെ ക്രമീകരണവുമായി, ഇപ്പോൾ ഞങ്ങൾ തരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന

വചനത്തിന്റെ വ്യാഖ്യാനം, ക്രമത്തിലായാണ് പോകുന്നത്. അതിന്റെ ക്രമീകരണത്തെ, ഇപ്പോൾ ഇത് ശ്രദ്ധിക്കു. ഇപ്പോൾ നാം പരിശോധിച്ചു. നമുക്ക് ഒരു നിമിഷത്തേയ്ക്ക് അവിടേയ്ക്ക് തിരിച്ച് അത് വായിക്കാം. സഭാപ്രസംഗി...സഭാപ്രസംഗികളിൽ അല്ല, ലേവ്യരിലാണ്. ലേവ്യപുസ്തകം 23, ഇപ്പോൾ ഇവിടെ ഇത് ശ്രദ്ധിക്കു, ലേവ്യപുസ്തകം 23-ആം അദ്ധ്യായം, നാം ഇപ്പോൾ ഇത് ഒരിക്കലും വിട്ടുകളയാൻ ആഗ്രഹിക്കുന്നില്ല, ഇപ്പോൾ, അതിനാൽ നമുക്കായി കർത്താവ് ഇവിടെ എപ്രകാരമാണോ എഴുതിയിരിക്കുന്നത് അപ്രകാരം തന്നെ നാം ഇതിനെ എടുക്കാൻ ആഗ്രഹിക്കുന്നു. എനിക്ക് ഒരിക്കലും ലേവ്യപുസ്തകത്തെ പുറപ്പാടിൽ എടുക്കാനാകില്ല, എനിക്കു കഴിയുമോ? ശരി, ഇപ്പോൾ ലേവ്യപുസ്തകം. "കർത്താവ്..." 23- ആം വാക്യം.

*യഹോവ പിന്നെയും മോശെയോട് അരുളി ചെയ്തതു;*

*...യഹോവ പിന്നെയും മോശെയോട് അരുളിചെയ്തു;നീ യിസ്രായേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ; ഏഴാം മാസം ഒന്നാം തീയതി നിങ്ങൾക്ക് കാഹളധ്വനിയുടെ ജ്ഞാപകവും വിശുദ്ധ സഭായോഗമുള്ള സ്വസ്ഥദിവസവും ആയിരിക്കേണം. കണ്ടോ?*

*അന്ന് സാമാന്യ വേല യാതൊന്നും ചെയ്യാതെ യഹോവക്ക് ദഹനയാഗം അർപ്പിക്കേണം.*

*...സാമാന്യ വേല യാതൊന്നും ചെയ്യാതെ യഹോവക്ക് ദഹനയാഗം അർപ്പിക്കേണം.*

221 ഇപ്പോൾ നോക്കിക്കൊണ്ടിരിക്കു. ഇപ്പോൾ ശ്രദ്ധിക്കു.

*കർത്താവ് അരുളിചെയ്തെന്നു...മോശെ പറയുകയാണ്,*

*ഏഴാം മാസം പത്താം തീയതി പാപപരിഹാരദിവസം ആകുന്നു;...*

222 നോക്കു, പ്രായശ്ചിത്തം കഴിഞ്ഞയുടനെ...ഇപ്പോൾ ശ്രദ്ധിക്കു. കാഹളശബ്ദം കഴിഞ്ഞയുടൻ പ്രായശ്ചിത്തം വരുന്നു. കാണുന്നോ? എത്ര മനോഹരം! കാണുന്നോ? കാഹളം കഴിയുന്ന മുറയ്ക്ക് പ്രായശ്ചിത്ത ദിവസം വരുന്നു.

223 ഇപ്പോൾ—ഇപ്പോൾ, നമുക്കായിട്ടായിരുന്നു ആ അമ്പതു ദിവസത്തെ കാഹളങ്ങൾ, പെന്തെക്കോസ്തിൽ കാഹളം ധ്വനിച്ചതാണ്, ദൃഷ്ടാന്തമാക്കുന്നത്, അത് അമ്പതു നാളുകളായിരുന്നു. ഇപ്പോൾ—ഇപ്പോൾ—ഇപ്പോൾ, അതു സംഭവിച്ചപ്പോൾ, യഹൂദർ അതിനെ തള്ളിക്കളഞ്ഞു.

224 ഇപ്പോൾ കാഹളങ്ങൾ അവരെ തിരികെ പ്രായശ്ചിത്തത്തിലേക്ക് വിളിക്കുന്നതാണ്, നോക്കൂ, ആ പ്രായശ്ചിത്തം അവർ നിരസിച്ചിരുന്നു. അവർ അത് നിരസിച്ചതിനാൽ നമ്മുടെ കണ്ണുകൾ തുറക്കപ്പെട്ടു; അവരുടെത് അടഞ്ഞുമിരുന്നു. ഈ കാലയളവിലാണ്, ഈ മുദ്രകൾ തുറക്കപ്പെടുകയും, ആ—ആ—ആ കാഹളങ്ങൾ ധ്വനിക്കപ്പെടുകയും ചെയ്യുന്നത്. ഇപ്പോൾ, മിശിഹാ വരുന്നതിനു തൊട്ടു മുമ്പായിട്ടാണ്, ഈ കാഹളങ്ങൾ ധ്വനിക്കപ്പെടുന്നത്, എന്തെന്നാൽ അവർ അവർ പാലസ്തീനിൽ എത്തിയിരിക്കുന്നു. അവരെ മിസ്രായീമിൽ നിന്നും ഓടിച്ചുകളയാൻ ദൈവം ഫറവോന്റെ ഹൃദയം കഠിനമാക്കിയത് നിങ്ങൾ ഓർത്തിരിക്കണം; മാത്രമല്ല അവരെ വാഗ്ദത്ത നാട്ടിലേക്ക് തിരികെ കൊണ്ടുവരാനായി, അവിടൊണ് ആ നൂറ്റിനാല്പത്തിലാനാലയിരം പേർ ഉണ്ടാകേണ്ടതെന്ന് സങ്കല്പിക്കുന്നു, അവൻ സ്റ്റാലിനെയും, മുസ്സോളിനിയെയും, മറ്റെല്ലാവരെയും, കഠിനരാക്കി.

225 ഇപ്പോൾ, ആയിരമായിരം വർഷങ്ങൾക്കു ശേഷം ആദ്യമായി, രണ്ടായിരത്തിയഞ്ഞൂറ് വർഷങ്ങളായിട്ട്, യിസ്രായേലിന് ഉണ്ടായിരുന്ന ഒരു പതാക, സ്വന്ത പട്ടാളവും, മറ്റെല്ലാമായിട്ട്, ഐക്യരാഷ്ട്ര സഭ അംഗീകരിക്കുന്ന ഒരു രാജ്യവുമായിരിക്കുന്നു. അതായിരിക്കുന്നത് ആദ്യമായിട്ടാണ്. ഏറ്റവും പ്രാചീനമായ പതാക ഭൂമിയിൽ ആരെങ്കിലും പാറിച്ചിച്ചുണ്ടെങ്കിൽ, ഈ സമയം, അത് വീണ്ടും പാറിക്കൊണ്ടിരിക്കുന്നു, ആ അഞ്ച്...ദാവീദിന്റെ ആറ് അഗ്രങ്ങളുള്ള നക്ഷത്രം. അവസാനനാളുകളിൽ, അവൾ തിരികെ വരുമ്പോൾ, അവൻ ഒരു കൊടി ഉയർത്തും എന്ന് പറഞ്ഞിരുന്നു. നാം അവസാനത്ത് എത്തിയിരിക്കുന്നു. അതിനെപ്പറ്റി യാതൊരു സംശയുവുമില്ല. നാം ഇവിടെയായിരിക്കുന്നു.

226 ഇപ്പോൾ ശ്രദ്ധിക്കു, വളരെ വേഗം, വെളിപ്പാട് 9, ഏഴാം കാഹളത്തിൻ കീഴിൽ, "അവരുടെ രാജാവ് അഗാധകൂപങ്ങളിൽ നിന്നുമാണ്."

227 ലേവ്യപുസ്തകത്തിൽ, ഇപ്പോൾ, അത് ഇവിടെ വചനവുമായി അതിന്റെ വ്യാഖ്യാനം എത്ര കൃത്യമായും ഒത്തുപോകുന്നു! എന്തുകൊണ്ടെന്നാൽ, നോക്കു, തൽക്ഷണത്തിൽ കടന്നുവരുന്നു, ഒരു പ്രായശ്ചിത്ത ദിവസം കഴിഞ്ഞയുടൻ തന്നെ പെന്തെക്കോസ്ത് ജൂബിലിയും വരുന്നു; ഉത്സവ സമയത്തിന്റെ ക്രമീകരണമാണ്. പ്രായശ്ചിത്തത്തിനും പെന്തെക്കോസ്തുത്സവത്തിനും ഇടയിൽ, പ്രായശ്ചിത്തത്തിനായുള്ള കാഹളധ്വനി മുഴക്കുന്ന, പെന്തെക്കോസ്ത് ഉത്സവമായിരുന്നു, ആ വളരെ ദൈർഘ്യമേറിയ കാലയളവ്.

നോക്കൂ, കാഹളങ്ങളുടെ വിളിയും...കാഹളങ്ങൾ ധ്വനിപ്പിക്കുന്നതിനും പെന്തെക്കോസ്തുത്സവത്തിനും മദ്ധ്യേ ഒരു വലിയ വിടവുണ്ട്, ആ—ആ കാഹളങ്ങൾ മുഴക്കപ്പെടുന്ന; ഒരു വലിയ കാലയളവ്. തുറന്നു പറഞ്ഞാൽ, മുതൽ—മുതൽ—പെന്തെക്കോസ്തുത്സവം മുതൽ പ്രായശ്ചിത്തത്തിനുള്ള ഉത്സവം വരെ, അത് അമ്പതു ദിവസങ്ങൾ, അമ്പതു ദിവസങ്ങളായിരുന്നു. ഇപ്പോൾ അമ്പതു ദിവസങ്ങളെന്നാൽ തികച്ചും ഏഴു ശബ്ബത്തുകളാണ്.

228 ഏഴ് ശബ്ബത്തുകൾ ഏഴു സഭ കാലങ്ങളാണ്, സഭാ കാലങ്ങൾ. അത് കിട്ടിയോ? കാണുന്നോ? കാണുന്നോ? ഇപ്പോൾ, പെന്തെക്കോസ്തിന്റെ ആദ്യഫലം സഭയുടെ മേൽ ചൊരിയപ്പെടുന്നതുവരെ, ഈ മുഴുവൻ കാലയളവും, ഈ ദിവസങ്ങളിലെല്ലാം യഹൂദർ അന്ധരാക്കപ്പെട്ട്, കാത്തുകൊണ്ടിരിക്കുന്നു. നാം രക്തസാക്ഷികളുടെ കാലത്തിലൂടെ കടന്ന്, മതപരിഷ്കർത്താക്കളുടെ കാലത്തിലൂടെ കടന്ന്, ഇപ്പോൾ വിളിച്ചു പുറത്താക്കുന്ന സമയത്തെത്തിയിരിക്കുന്നു; മൂന്ന് വിഭാഗങ്ങൾ, പിതാവിനെയും, പുത്രനെയും, പരിശുദ്ധാത്മാവിനെയും പോലെ, ഒരേ ആത്മാവ്; അതേ വ്യക്തി തന്നെ. കാണുന്നോ? എന്നാൽ, ഏഴു സഭാ കാലങ്ങൾ, ഏഴു ശബ്ബത്തുകളായിരിക്കെ.

229 പെന്തെക്കോസ്ത് ജൂബിലി കാഹളം മുതൽ—മുതൽ കൃത്യമായും ഏഴു ശബ്ബത്തുകൾ...ഒരു പെന്തെക്കോസ്ത് ജൂബിലി ഉത്സവം, വരെ... കറ്റകളെ വീശിക്കാണിച്ചു കഴിഞ്ഞ് പെന്തെക്കോസ്തു ജൂബിലി കടന്നു വരുന്നു. ആ ജൂബിലി തുടങ്ങി പ്രായശ്ചിത്തം വരെ ഏഴ് ശബ്ബത്തുകൾ, അമ്പതു ദിവസം, അമ്പതു ദിവസം കഴിയുമ്പോൾ ആ—ആ പ്രായശ്ചിത്തം അർപ്പിക്കേണ്ടതുണ്ട്. നിങ്ങൾക്ക് അത് മനസ്സിലായോ? ഇപ്പോൾ, ഇത് സഭയ്ക്ക് ഒരു മാതൃക...

230 അവൻ, സ്വയം, ദൈവപുത്രനായി, വെളിപ്പെട്ടപ്പോൾ, പെന്തെക്കോസ്തു കാലയളവിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്താലാണ് സഭാ കാലങ്ങളിലൂടെ, സഭയ്ക്കു വെളിപ്പെട്ടുകൊണ്ടിരുന്നത്, കാണുന്നോ. വളരെ അടുത്ത്, ലൂഥറിന്റെ കീഴിൽ നീതീകരണവും, വെസ്ലിയുടെ കീഴിൽ വിശുദ്ധീകരണവും, പരിശുദ്ധാത്മാവിന്റെ അഭിഷേകവും, അധികമധികമായി, ലഭിച്ചുകൊണ്ടിരുന്നു.

231 ഇപ്പോൾ ഇവിടെ പുറത്തേയ്ക്ക് വിളിക്കുന്ന സമയമാണ്. ആറാം മുദ്രയിൽ, അത്—അത് തുറന്നപ്പോൾ, അക്ഷരീയമായ വിധത്തിൽ പീഡനം യഹൂദരിൽ അടിക്കുന്നു, മറ്റൊരു വിധത്തിലെ കാഴ്ചപ്പാടിൽ; സഭാസംബന്ധിയായ കാഴ്ചപ്പാടിൽ, സഭയുടെ മേലും പീഡനം

വരുന്നു; എന്തുകൊണ്ടെന്നാൽ മണവാട്ടികൾ പുറത്തേയ്ക്ക് വിളിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ശബ്ബത്തുകൾ തീർന്നു കഴിഞ്ഞിരിക്കുന്നു, യഹൂദരെ വിളിക്കാൻ തയ്യാറായിരിക്കുന്നു. എവിടെയ്ക്ക്? പ്രായശ്ചിത്ത ഉത്സവത്തിലേയ്ക്ക്. ഓ, സഭയേ, നിങ്ങൾ അത് കാണുന്നില്ലേ? പ്രായശ്ചിത്തോത്സവത്തിലേയ്ക്ക് വിളിക്കുന്നു, (എന്താണ്?) പ്രായശ്ചിത്തത്തെ തിരിച്ചറിയാൻ; വീണ്ടും കോഴിക്കുഞ്ഞും അരയന്നവുമല്ല, അവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. "ദൈവത്തിന്റെ കുഞ്ഞാട് ലോകസ്ഥാപനത്തിന് മുമ്പേ അറുക്കപ്പെട്ടിരിക്കുന്നു," യിസ്രായേൽ അത് അറിയാൻ പോകുന്നു.

232 ശ്രദ്ധിക്കൂ, ഇവിടെ ഒരു ശ്രദ്ധേയമായ കാര്യമുണ്ട്. നോക്കൂ! ഓ, എന്റെ! രണ്ടായിരം വർഷത്തോളമായി, പരിശുദ്ധാത്മാവ് ഈ വിഭാഗീയ സഭകളാൽ കെട്ടപ്പെട്ടു കിടക്കുകയാണ്. അങ്ങനെ ആയിരുന്നത്, നാം കണ്ടു. നാം ശബ്ബത്തുകളെ, ഏഴു ശബ്ബത്തുകളെ, ശ്രദ്ധിച്ചിരുന്നു, അവർക്ക് അത് മുഴുവനിലും പുറത്തുവരാനായില്ല. "ഒരു ദിവസം വരും, തിരികെ കൊണ്ടുവരാനായി, അവിടെയാണ് ആ നൂറ്റിനാൽപ്പത്തിനാലായിരം പേർ ഉണ്ടാകേണ്ടതെന്ന് സങ്കൽപ്പിക്കുന്നു, അവൻ സ്റ്റാലിനെയും, മുസ്സോളിനിയേയും, മറ്റെല്ലാവരേയും, കഠിനരാക്കി. അത് രാത്രിയോ പകലോ ആയിരിക്കില്ല," എന്ന് ബൈബിളിൽ പറയപ്പെട്ടിരിക്കുന്നു.

233 "സകല വചനവും, തികച്ചും പൂർത്തിയാകേണ്ടതുണ്ട്," യേശു പറഞ്ഞു, അത് ശരിയല്ലേ? "അമേൻ" പറയൂ. [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.]

234 പ്രവാചകൻ പറയുന്നു, "രാത്രിയെന്നോ പകലെന്നോ പറയാനാകാത്ത ഒരു ദിവസം വരും, എന്നാൽ സന്ധ്യാ സമയത്തോ വെളിച്ചമാകും."

235 അത് എന്തായിരുന്നു? കിഴക്കു പ്രകാശിച്ച അതേ സൂര്യൻ തന്നെയാണ് പടിഞ്ഞാറും പ്രകാശിക്കുന്നത്.

236 ഓരോ സമയവും സൂര്യൻ ഉദിച്ചു വരുന്നു, കുറകെ പോയശേഷം അസ്തമിക്കുന്നു, അർത്ഥമാക്കുന്നത് നിങ്ങളുടെ ജീവിതമാണ്. ഒരു പ്രഭാതവേളയിൽ, ഒരു ചെറിയ കുട്ടി, ജനിക്കുന്നു. ഏകദേശം എട്ടു മണിയാകുമ്പോൾ, അത് സ്കൂളിൽ പോകുന്നു. പതിനൊന്നരയ്ക്ക്, അത് സ്കൂളിൽ നിന്നും പുറത്തു വരുന്നു, അത് ദിവസത്തിന്റെ ചൂടുള്ള സമയമാണ്. അതിനുശേഷം അമ്പതോ, അറുപതോ, എഴുപതോ, എൺപതോ, തൊണ്ണൂറോ വയസ്സാകുമ്പോൾ, അസ്തമിക്കാൻ തുടങ്ങുന്നു. അവൾ അവിടെ വിദൂരതയിൽ അസ്തമിച്ച് മരിച്ചാലേ;

അടുത്ത ദിവസം തിരികെ വരാനാകു, പിന്നെ പറയുന്നു, "ഒരു ജീവനും, മരണവും, പിന്നെ ഒരു പുനരുത്ഥാനവും അവിടെ ഉണ്ട്."

237 ശ്രദ്ധിക്കു, നാഗരികത്വവും സൂര്യനുമായി ഒത്തുപോകുന്നു. ലോകത്തിലെ ഏറ്റവും പുരാതനമായ നാഗരികത ചൈനയിലാകുന്നു. അത് എല്ലാവർക്കുമറിയാം.

238 എവിടെയാണ് പരിശുദ്ധാത്മാവ് പതിച്ചത്? കിഴക്കുള്ള ജനങ്ങളുടെമേൽ, ആ കിഴക്കൻ രാജ്യത്ത്. സുവിശേഷം സൂര്യനുമായി ചേർന്ന് സഞ്ചരിച്ചുകൊണ്ടിരുന്നു. അത് എവിടെ നിന്നാണ് വന്നത്? കിഴക്ക് നിന്ന്, ജർമ്മനിയിലേയ്ക്ക്, ജർമ്മനിയിൽ നിന്നും ഇംഗ്ലണ്ടിലേയ്ക്ക്...കനാൽ മൂന്നു വട്ടം മുറിച്ചു കടന്ന്, മെഡിറ്ററേനിയനിലൂടെ ജർമ്മനിയിലേയ്ക്ക്, ജർമനിയിൽ നിന്ന്... മെഡിറ്ററേനിയനിൽ, മെഡിറ്ററേനിയനിലൂടെ, കിഴക്കു നിന്ന് ജർമ്മനിയിലേയ്ക്ക്; ജർമ്മനിയിൽ നിന്ന്, ഇംഗ്ലീഷ് കനാൽ കടന്ന്, ഇംഗ്ലണ്ടിലേയ്ക്ക്; ഇംഗ്ലീഷ് കനാലിൽ നിന്ന്, പെസഫിക് കടന്ന്... അല്ലെങ്കിൽ, അമേരിക്കൻ ഐക്യനാടുകളിലേയ്ക്ക് വന്നു.

239 ഇപ്പോൾ അവൾ പടിഞ്ഞാറേ തീരത്തായിരിക്കുന്നു. അവൾ രാജ്യങ്ങളിലൂടെ മുറിച്ചു കടന്ന് അത് നാഗരീകതയുള്ളതാക്കി തീർത്തു, അതിനെ മുറിച്ച് കടന്നു, മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നു. നാഗരീകത യാത്രചെയ്യുകയാണ്; സുവിശേഷം അതുമായി യാത്രയിലാണ്. സകലവിധമായ മ്ലേച്ഛതയും പടിഞ്ഞാറേ തീരത്തായിരിക്കുന്നു, അവിടെ സകലതും, കടലിലെ കൂറ്റൻ തിരമാലകളുടെ ഓളം വരുന്നതുപോലെ, അതിനെ എല്ലാറ്റിനേയും മുകളിലേയ്ക്ക് എടുക്കും.

240 എന്നാൽ പ്രവാചകൻ പറയുന്നു, "സൂര്യൻ ഈ ദിവസത്തിലുടനീളം പ്രകാശിക്കില്ല; അത് മങ്ങിക്കിടക്കുന്ന ഒരു ദിവസം പോലെയാകും." അവർക്ക് നന്നേ പ്രകാശമുള്ള, ഒരു ശരിയ്ക്കും മഴയുള്ള ദിവസം പോലെ സമയമുണ്ടായിരുന്നു, അവർ കർത്താവിൽ വിശ്വസിച്ചു, ചെന്ന് സഭകളിൽ ചേരുകയും, അങ്ങനെയുള്ള കാര്യങ്ങളും മറ്റുമുണ്ടായിരുന്നു. എന്നാൽ അവൻ പറയുന്നു, "സന്ധ്യാ സമയമാകുമ്പോൾ, ആ മേഘങ്ങൾ നീങ്ങിപ്പോകും, വിഭാഗീയ സഭകളുടെ തിളക്കം മങ്ങും." അതേ സുവിശേഷം, അവൻ ലൂക്കൊസ് 17:33-ൽ പറഞ്ഞിരിക്കുന്ന അതേ വചനം ജഡമായിതീരും. അതേ സുവിശേഷം, നിഴലുകൾ താഴേയ്ക്ക് പതിക്കുമ്പോൾ, അതേ കാര്യവുമായി, സന്ധ്യാ സമയത്ത് ഉളവായിവരും. അതേ സുവിശേഷം, മുമ്പ് തുടങ്ങിയപ്പോൾ, കിഴക്കുള്ള ജനങ്ങളുടെ മേൽ ജീവിച്ചിരുന്ന അതേ ക്രിസ്തു, അവസാനകാലത്തിൽ, തിരികെ പടിഞ്ഞാറുള്ള ജനങ്ങളുടെ ജഡത്തിൽ വീണ്ടും ജീവിക്കും. "സന്ധ്യാ സമയത്തോ വെളിച്ചമാകും."

241 "എല്ലാ വചനങ്ങളും പ്രേരണയാലാണ് നൽകപ്പെട്ടിരിക്കുന്നത്," അത് ഖണ്ഡിച്ചുകൂടാ.

242 ആ വലിയ അമ്പതു ദിവസങ്ങൾ കടന്നുപോയി. ആ പെന്തെക്കോസ്തുത്സവം കഴിഞ്ഞു, ഏഴു ശബ്ബത്തുകൾ; കാഹളങ്ങൾ വരെ, ഏഴ് സഭാ കാലങ്ങൾക്ക് ഒരു മാതൃക. ഓർക്കേ, ഓർക്കു, ആ... ആറാം കാഹളത്തിൻ കീഴിൽ, ആ യഹൂദർ...നിങ്ങൾ കേൾക്കുന്നോ? [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.] ആറാം കാഹളത്തിൻ കീഴിൽ ആ—ആ പെന്തെക്കോസ്തുകൾ ബൈബിൾ നിരസിക്കുന്നു; ആ—ആ ശീതോഷ്ണവാൻ, പെന്തെക്കോസ്തുകൾ മാത്രമല്ല, മറ്റെല്ലാവരും. സഭാ ലോകം ക്രിസ്തുവിനെ നിരസിക്കുന്നു അവനെ പുറത്തേയ്ക്ക് എറിയുന്നു. അതേ കാഹളത്തിൽ തന്നെ...അഥവാ അതേ മുദ്രയിൻ കീഴിൽ, അത് തുറന്നപ്പോൾ, തിരികെ കടക്കാൻ ശ്രമിച്ചുകൊണ്ട്, ക്രിസ്തു പുറത്തായിരിക്കുന്നത് കാണാനാകുന്നു; അതേ സമയം, ആ കാഹളം യഹൂദർക്കായി മുഴക്കപ്പെടുകയും, യഹൂദർ പ്രായശ്ചിത്തം തിരിച്ചറിയുകയും ചെയ്യുന്നു. മഹത്വം! ഹല്ലേലൂയാ! ഓ, എന്റെ!

243 ഏകദേശം രണ്ടായിരം വർഷങ്ങളായി, പരിശുദ്ധാത്മാവ് ഈ വിഭാഗീയ സഭകളുടെ നദീ തീരങ്ങളിൽ കെട്ടപ്പെട്ടിരിക്കുകയാണ്, എന്നാൽ അതിനെ സന്ധ്യാസമയത്ത്, സന്ധ്യാസമയ സന്ദേശത്താൽ, അഴിച്ചു വിടേണ്ടതുണ്ട്. പരിശുദ്ധാത്മാവ് വീണ്ടും സഭയിലേയ്ക്ക് തിരികെ വരും; സന്ധ്യാസമയം, സ്വയം ക്രിസ്തു, മനുഷ്യ ശരീരത്തിൽ പ്രകടമാക്കപ്പെടും. അവൻ പറഞ്ഞിരുന്നു. അവൻ വാഗ്ദത്തം ചെയ്തിരുന്നു.

244 ഞാൻ പറഞ്ഞതുപോലെ, അതിന് മൂന്ന് ഘട്ടങ്ങളാണുള്ളത്. രക്തസാക്ഷികൾ, അതിനുവേണ്ടി, രക്തസാക്ഷികളുടെ കാലം; അതിനു ശേഷം പരിഷ്കർത്താക്കളുടെ ദിനങ്ങൾ; ഇപ്പോൾ പുറത്തേയ്ക്ക് വിളിക്കുന്ന സമയം.

245 വെളിപ്പാട് 10-ൻ പ്രകാരം, ലവോദിക്ക്യാ കാലം, അവസാനിക്കുമ്പോൾ, ബൈബിളിലെ എല്ലാ രഹസ്യങ്ങളും മണവാട്ടിയെ അറിയിക്കും. അത് ശരിയല്ലേ? [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.] വെളിപ്പാട് 10. ഇപ്പോൾ ശ്രദ്ധിച്ചു കേൾക്കു. ഊഹ്-ഹാ. മണവാട്ടിയെ വചനത്താൽ പുറത്തേയ്ക്ക് വിളിക്കുന്നു; സ്വയം ക്രിസ്തു തന്നെ മണവാട്ടിയെ പുറത്തേയ്ക്ക് വിളിക്കുന്നു, അത് എബ്രായർ 13:8 അർത്ഥവത്താക്കുന്നു, അത് അവനാണ്, "ഇന്നലെയും, ഇന്നും, എന്നെയ്ക്കും അനന്യനായവൻ," അതു തന്നെ ചെയ്യുന്നില്ലേ, അതു തന്നെയാണ്. "എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്യുന്ന അതേ പ്രവർത്തികൾ അവനും ചെയ്യും." കാണുന്നോ? ലൂക്കൊസ് 22...

അതല്ല ലൂക്കൊസ് 17:30, മലാഖി 4, എബ്രായർ 4:12, അതായത് വദത്തം ചെയ്യപ്പെട്ടിരിക്കുന്ന സകല വചനവും, ഇത് ആറാം മുദ്രയ്ക്കും ഏഴാം മുദ്രയ്ക്കും, ആറും ഏഴും കാഹളങ്ങൾക്കും ഇടയിൽ സംഭവിക്കണം.

246 പെന്തെക്കോസ്തുത്സവം ഏഴാം കാഹളത്തിന്റെ കാലയളവിൽ അവസാനിക്കുന്നു, എന്തെന്നാൽ അടുത്തത് വരവിന്റെ...ഏഴാം മുദ്ര, എന്തെന്നാൽ അടുത്തത് ക്രിസ്തുവിന്റെ വരവിന്റെ രഹസ്യവും, ഇതും കൂടെ, യഹൂദർക്കുവേണ്ടി കാഹളം മുഴക്കപ്പെടുകയും ചെയ്യുന്നു. അവരുടെ ആറാം കാഹളം മുഴക്കപ്പെടുന്നു, പിന്നെ, അത് ചെയ്യുമ്പോൾ, അത് അവർക്ക് പ്രകടമാക്കപ്പെട്ട ദൈവപുത്രനെ പ്രസിദ്ധമാക്കുന്ന; ഒന്നരക്കൊല്ലത്തെ കാലയളവാകുന്നു. ഓർക്കുക, എല്ലാ കാഹളങ്ങളും മുഴക്കപ്പെടുന്നത് ആറാം മുദ്രയിലാണ്. ആറാം മുദ്രയുടെ കീഴിൽ, ഏഴാമത്തേത് തുറക്കുന്നതിന് തൊട്ടു മുമ്പ്, ആറാം മുദ്രയുടെ കീഴിൽ സകല രഹസ്യങ്ങളും അവസാനിക്കുന്നു.

247 ഇവിടെ ലേവ്യപുസ്തകം 23:26, ശ്രദ്ധിക്കു. തിരുവചനം എത്ര ക്രമത്തിലായിരുന്നു! പെന്തെക്കോസ്തിന്റെ ആ ദീർഘമേറിയ കാലയളവിനു ശേഷം, അത് അവിടെ പിന്നിലായി യിസ്രായേൽ നിരസിച്ചുകളയുന്നു; മാത്രമല്ല അവൻ ജാതീയ സഭയെ, പെന്തെക്കോസ്തുത്സവത്തിലൂടെ പുറത്തേയ്ക്ക് വിളിക്കുകയും ചെയ്തു. ആ പെന്തെക്കോസ്തുത്സവം എന്തായിരുന്നെന്ന് എത്രപേർക്ക് മനസ്സിലായി? അത് വിളവെടുപ്പിന്റെ...പെന്തെക്കോസ്തുത്സവത്തിൽ, വിളവെടുപ്പിന്റെ ആദ്യ ഫലമാണോ, പുനരുത്ഥാനത്തിന്റെ ആദ്യ ഫലം.

ജനങ്ങളെ ഇത്, വിട്ടുകളയരുത്! ടേപ്പ് കേൾക്കുന്നവരായ നിങ്ങളും, ശ്രദ്ധയോടെ കേൾപ്പിൻ!

248 ഇത് പെന്തെക്കോസ്തുത്സവകാലത്തിന്റെ സമയമായിരുന്നു. യഹൂദർ നിശ്ശബ്ദരായി കിടന്നിരുന്നു; അവർ അതിനെ നിരസിച്ചിരുന്നു. ഇപ്പോൾ അവരെ തിരികെ പ്രായശ്ചിത്തത്തിലേയ്ക്ക് വിളിക്കേണ്ടതുണ്ട്. ആ പ്രായശ്ചിത്തം ആരായിരുന്നു എന്ന് നാം അറിയുന്നു; അവർക്ക് അറിയില്ല. മാത്രമല്ല കാഹള ധ്വനി, പെന്തെക്കോസ്ത് ജൂബിലി കഴിഞ്ഞ്, യഹൂദരെ ഒരുമിച്ച് വിളിക്കുന്നു. ഹിട്ലറുടെയും മറ്റുള്ളവരുടെയും കീഴിലെ പീഢനത്തിൽ, എങ്ങനെയായിരുന്നു ആ കാഹള ശബ്ദം പൊട്ടിയതെന്ന് നിങ്ങൾക്ക് കാണാനാകുന്നില്ലേ? തിരുവചനം നിറവേറാനായി, ആ യഹൂദരെ ഒരുമിച്ചുവരാൻ നിർബന്ധിക്കുന്നു.

249 ഇപ്പോൾ നിങ്ങൾക്ക് കിട്ടിയോ? കിട്ടിയ എല്ലാവരും, "ആമേൻ," പറയൂ, [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.] നല്ലത്. ശരി.

250 ഇവിടെ ലേവ്യപുസ്തകത്തിൽ ശ്രദ്ധിക്കു, ഇപ്പോൾ 26, വചനത്തിന്റെ ക്രമീകരണം. പെന്തെക്കോസ്തിന്റെ നീണ്ട ഒരു കാലയളവിനുശേഷം, അത് അവസാനിക്കുന്നത് മണവാട്ടിയെ പുറത്തു വിളിക്കുന്നതിലൂടെയാണ്, മണവാട്ടിയെ പുറത്തു വിളിക്കുന്നത് ഒരു ദാസനിലൂടെയാണ്. ആ തള്ളിക്കളയപ്പെട്ട, അടുത്ത്, പ്രായശ്ചിത്തത്തിന്റെ ഉത്സവത്തെ, യിസ്രായേലിനെയും അറിയിക്കേണ്ടതുണ്ട്. ശ്രദ്ധിക്കു, ഇവിടെ ലേവ്യപുസ്തകത്തിൽ 16-ആം അദ്ധ്യായത്തിൽ അതുണ്ട്, അവൻ പെന്തെക്കോസ്തുത്സവത്തെ ക്രമീകരിക്കുമ്പോൾ...അതല്ല പ്രായശ്ചിത്തത്തിന്റെ ഉത്സവം, എന്നാൽ ഈ സ്ഥലത്ത് അവരെ വിളിക്കുകയാണ്...

251 ഓ, എത്ര പൂർണ്ണത! അത് കിട്ടിയോ, പ്രാസംഗികരേ. നോക്കു? ദൈവ വേലക്കാരെ, ഇത് വിട്ടുപോകരുത്.

252 ഈ പെന്തെക്കോസ്തുത്സവത്തിൽ, അത് പ്രതിപാദിച്ചിരിക്കുന്നത് ലേവ്യപുസ്തകം 23:26-ലാണ്, 23-ഉം 24-ഉം, ഒരു കൊല്ലുന്ന് ഉത്സവമല്ല, സങ്കടപ്പെടുന്ന ഒരു ഉത്സവമാണ്. ആ ഉത്സവം കൊന്നുകഴിഞ്ഞു... പ്രായശ്ചിത്തം കൊല്ലപ്പെട്ടു. പ്രായശ്ചിത്തം കൊല്ലപ്പെട്ടു കഴിഞ്ഞു. ലേവ്യപുസ്തകം 16, അത് തികച്ചും അതിന് സദൃശമായിരിക്കുന്നു. ഈ സ്ഥാനത്തു മാത്രം, അത് അവരുടെ പാപങ്ങളുടെ സങ്കടപ്പെടലിനായി യിസ്രായേലിനെ വിളിച്ചതാണ്. ഇന്ന്, അത് എത്രമാത്രം പൂർണ്ണമാണ്! അത് അതിനെ വീണ്ടും കൊല്ലുന്നതിനല്ല; എന്തായാലും, പാറയെ രണ്ടാം പ്രാവശ്യം അടിച്ചതുകൊണ്ട്; അത് പ്രവർത്തികമായില്ല, മോശെ അതിനെ പ്രതീകമാക്കിയിരിക്കുന്നു. ഒരു ഉത്സവത്തിനുവേണ്ടി, ഒരു കൊലപ്പെടുത്തലല്ല; എന്നാൽ, പ്രായശ്ചിത്തം നിരസിച്ചതിന്റെ, ഒരു സങ്കടപ്പെടൽ. ഓ, എന്റെ! ഇതായിരിക്കും ആ കാഹളം; തള്ളിക്കളയപ്പെട്ട, ആ ഉത്സവം, അതിനുശേഷം അവരുടെ മിശിഹാ അവർക്കു പ്രസിദ്ധപ്പെടുത്തും.

253 ശ്രദ്ധിക്കു, അവർ അവനെ കാണുമ്പോൾ, അവർ എല്ലാവരും അവരുടെ മിശിഹായ തിരിച്ചറിയും. ഈ സമയം, അവനെയാണ് അവർ നോക്കിക്കൊണ്ടിരുന്നത്, അവൻ അധികാരത്തിലായിരിക്കും വരിക. അവൻ ജാതീയ മണവാട്ടിക്കായിട്ടാണ്, അധികാരത്തിൽ വരുന്നത്, അപ്പോൾ യഹൂദർ അവനെ തിരിച്ചറിയാൻ പോകുന്നു. ബൈബിൾ പറയുന്നത്...നാം അതിനെ അല്പ മുമ്പ്, പ്രസംഗിച്ചു കഴിഞ്ഞതാണ്, ഏകദേശം ആറു മാസമോ അതിൽ കൂടുതലായിരിക്കാം. ബൈബിൾ പറയുന്നു, അപ്പോൾ അവർ ചോദിക്കും, "നിനക്ക് ഈ മുറിവുകളുണ്ടായത് എങ്ങനെയാണ്?" ആ സന്ദേശം ഓർക്കുന്ന എത്രപേരുണ്ട്? നിങ്ങളുടെ കൈ ഉയർത്തു.

തീർച്ചയായും, നിങ്ങൾ...കാണുന്നോ? “എവിടെ വെച്ചാണ് നിനക്ക് ഈ മുറിവുകളുണ്ടായത്?”

അവൻ പറയും, “എന്റെ കൂട്ടുകാരുടെ വീട്ടിൽ വെച്ചാണ്.”

254 പദാർത്ഥങ്ങളും മറ്റും, ഭക്ഷണ സാധനങ്ങളും കൊണ്ടുവരാനായി യാക്കോബ് തന്റെ മക്കളെ അവിടെ യിസ്രായേലിൽ നിന്ന് അയക്കുന്നതിനെക്കുറിച്ച് ഞാൻ പ്രസംഗിച്ചത് ഓർക്കുന്നോ, അപ്പോൾ യോസേഫ് അവരെ അറിയാത്ത വിധം അഭിനയിച്ചു; ആ കാര്യങ്ങളെല്ലാം അവിടെ നടന്നത്; അതിനുശേഷം അവർക്ക് അവനെ പ്രസിദ്ധമാക്കുന്നില്ലേ? നിങ്ങൾ ഓർക്കുന്നോ? അവർ അത്രയേറെ പേടിച്ചിട്ട്, കരഞ്ഞുകൊണ്ടിരുന്നു. യാക്കോബിന്റെ കഷ്ടത പോലെ തന്നെ.

255 ഇവിടെ നാം യഹൂദർ പീഡനത്തിലാകുന്നത് കാണുന്നു; ഇപ്പോൾ അവർ എവിടെയാണ് നിൽക്കുന്നതെന്ന് അറിയാതിരിക്കുന്നു, എന്നാൽ അവർ തിരികെ വരികയാണ്.

256 പ്രായശ്ചിത്തം കാഴ്ചയിൽ വരുന്നത് അവർ കാണുമ്പോൾ, ബൈബിൾ പറയുന്നു, “എപ്പോഴാണ് അവർ...?...അവർ പറയുന്നു അവർ ഒരു വീട്ടിൽ നിന്നും മറ്റൊന്നിലേയ്ക്ക് മാറിപ്പോകും, ഇങ്ങനെ—ഇങ്ങനെ ഒരു വീട്ടിലെ തന്റെ ഏക ജാതനായ മകനെ നഷ്ടമായതുപോലെ, ദിവസങ്ങളോളം വിലാപിക്കും, ‘നിനക്കു എവിടെ വെച്ചാണ് ഈ മുറിവുകൾ ഉണ്ടായത്?’”

അവൻ പറഞ്ഞു, “എന്റെ കൂട്ടുകാരുടെ വീട്ടിൽ വെച്ചാണ്.” കാണുന്നോ?

257 ഓർക്കു, ഇപ്പോൾ, മണവാട്ടി ആദ്യം തന്നെ സ്വർഗ്ഗത്തിലാണ്; യോസേഫിന്റെ ഭാര്യ കൊട്ടാരത്തിലായിരുന്നു. യോസേഫ് അവന്റെ ചുറ്റുമുള്ള എല്ലാവരോടും മാറിപ്പോകുവാൻ കാല്പിക്കും, പിന്നെ അവൻ തന്റെ സഹോദരന്മാർക്ക് അവനെ പ്രസിദ്ധമാക്കും; നിങ്ങൾ കാണുന്നോ, യഹൂദർക്ക് അവനെ പ്രസിദ്ധമാക്കാനായി അവൻ തിരികെ വരുന്ന വേളയിൽ അവന്റെ ഭാര്യയും കുട്ടികളും കൊട്ടാരത്തിലായിരിക്കും. അവിടെയാണ് ആ പ്രായശ്ചിത്തം. അവിടെയാണ് നിങ്ങളുടെ കാഹള ശബ്ദം. അവിടെയാണ് അവർ ചോദിക്കുന്നത്, “ഓ!” അത് എന്താണ്? അവിടെയാണ് ആ പ്രായശ്ചിത്തം. “എവിടെ നിന്നാണ് ആ മുറിവുകൾ വന്നത്?” അവിടെയാകുന്നു അത്.

“എന്റെ കൂട്ടുകാരുടെ വീട്ടിൽ വെച്ചാണ്.”

258 യോസേഫിന്റെ സഹോദരന്മാരോട് എന്താണ് പറഞ്ഞതെന്ന് ഓർക്കുന്നോ? എന്താ അവർ ചോദിച്ചു, "ഇപ്പോൾ നാം കൊല്ലപ്പെട്ടും, വളരെ തീർച്ചയാണ്, നാം അതു ചെയ്തു. നാം അങ്ങനെയുള്ള ഒരു തിന്മ പ്രവർത്തിച്ചിരിക്കുന്നു."

259 അവൻ പറഞ്ഞു, "ഇല്ല, ജീവരക്ഷക്കായിട്ട് ദൈവമാണ് അത് ചെയ്തത്." ഉല്പത്തിയിലെ ആ കഥ നിങ്ങൾ ഓർക്കുന്നോ? കാണുന്നോ? കാണുന്നോ? അതുകൊണ്ടാണ് അവൻ അതിനെ ഈ വിധത്തിൽ ചെയ്തത്, ജാതികളുടെ, മണവാട്ടിയുടെ ജീവനെ രക്ഷിക്കാൻ, പറഞ്ഞു, "അത് എന്റെ കൂട്ടുകാരുടെ വീട്ടിൽ വെച്ചാണ് എനിക്ക് കിട്ടിയത്; എന്നാൽ വിഷമിക്കാതിരിക്കു, നോക്കു, നിങ്ങൾ പേടിക്കാതിരിക്കു."

260 അവർ പറയും, "ഓ, എന്റെ! നമുക്ക് വാസ്തവമായും അവനെ കാണാനായില്ലേ? അതായിരുന്നോ ആ പ്രായശ്ചിത്തം, നാം അതിനെ വിട്ടുകളഞ്ഞോ? ഓ ദൈവമേ!" മാത്രമല്ല അവർ പറയും, "അവർ അപ്പോൾ തന്നെ വേർപിരിഞ്ഞിട്ട്, ദിവസങ്ങളോളം വിലപിച്ചുകൊണ്ടിരിക്കും." അത് എന്താണ്? ആ പ്രായശ്ചിത്തം; വിലാപം. ഈ സമയം, കടന്നുവന്ന്, പ്രസിദ്ധമാക്കുന്ന പ്രായശ്ചിത്തമാണ്, അവരുടെ പാപങ്ങൾക്കുവേണ്ടി, സാധാരണയുണ്ടാകാറുള്ള ലേവ്യർ 16-ലെയും ലേവ്യർ 23-ലെയും കൊല്ലുന്ന വിധത്തിലെ പ്രായശ്ചിത്തമായിരിക്കില്ല. അവർ അതിനെ നിരസിച്ചതായിരുന്നു, അവരുടെ പാപം.

261 ഓ, നാം എവിടെയായിരിക്കുന്നെന്നു കാണാനാകുന്നില്ലേ? ആ കാഹളങ്ങളുമായി നമുക്ക് യാതൊന്നും ചെയ്യാനില്ലെന്ന് നിങ്ങൾക്ക് കാണാനാകുന്നില്ലേ? അവയെല്ലാം ആറാം മുദ്രയുടെ കീഴിലാണ് ധ്വനിക്കപ്പെടുന്നത്. എന്തുകൊണ്ടാണ് പരിശുദ്ധത്മാവ് എന്നെ അത് സംസാരിക്കാൻ അനുവദിക്കാത്തതെന്ന് നിങ്ങൾ കാണുന്നില്ലേ? ഞാൻ എന്റെ ബൈബിളുമായി നിൽക്കുമ്പോൾ, അത് സത്യമാണെന്ന്, സ്വർഗ്ഗത്തിലെ ദൈവം അറിയുന്നു. മിനഞ്ഞാന്ന് വരെ, ഇന്നലെവരെ ഇത് എനിക്കറിയില്ലായിരുന്നു; എന്റെ മുറിയിൽ വെച്ച്, അവിടെ വെച്ച് അവൻ എനിക്ക് വെളിപ്പെടുത്തി തന്നു, എന്റെ അടുക്കൽ വന്ന് അവൻ എന്നോട് സംസാരിച്ചു. ഞാൻ തിരികെ വന്നിട്ട്, പറഞ്ഞു, "ഭാര്യേ, എനിക്ക് ഇപ്പോൾ അത് കിട്ടി. അവൻ ഇപ്പോൾ എന്നെ അവിടെ സന്ധിച്ചു, എന്നോട് പറഞ്ഞു. അത് ഇവിടെയാണ്, ഹണീ." കാണുന്നോ? കാണുന്നോ, അവിടെയാണ് അത്, നോക്കു, പൂർണ്ണമായും പൊരുത്തപ്പെടുന്നു.

262 ഓ, അവനെ കൂടാതിരിക്കുന്ന ജനങ്ങളെ, വളരെ പെട്ടെന്ന് കടന്നുകൂടിക്കൊള്ളൂ! ഇതായിരിക്കാം അവസാന അവസരം നിങ്ങൾക്ക് മറ്റൊന്നു കിട്ടിയെന്നിരിക്കില്ല. അവൻ ഏതു സമയത്താണ് വരാൻ പോകുന്നതെന്ന് നിങ്ങൾക്കറിയാനായില്ലെന്നു വന്നേക്കാം.

263 കാഹളങ്ങളുടെ ഉത്സവം. "അവർ സ്വയം വിട്ടുപിരിഞ്ഞ്, ഒരാൾ മറ്റെയാളിനെ വിട്ടുമാറി, ഒരുവൻ തന്റെ ഏകജാതനെച്ചൊല്ലി വിലപിക്കുന്നതുപോലെ, കരയുകയും പ്രാർത്ഥിക്കയും ചെയ്യും," അങ്ങനെ ബൈബിൾ പറയുന്നു.

264 നോക്കൂ, ഞാൻ ഒരു കാര്യം കൂടെ പറയാൻ ആഗ്രഹിക്കുന്നു. വളരെ ശ്രദ്ധിച്ചിരിക്കൂ; ഇത് വിട്ടുകളയരുത്. എത്ര അസാധാരണം! വെളിപ്പാട് 10-ലെ ഏഴാം സഭാകാലത്തിന്റെ ദൂതന്റെ സന്ദേശം മുതൽ, (ഏഴാം മുദ്രയുടെ ദൂതൻ) ഏഴാം മുദ്രയായിരുന്നു, ഏഴാമത്തെ കാഹളങ്ങൾ വരെ, ഈ രണ്ടു സമയങ്ങൾക്കുമിടയിൽ...

265 ഓ ദൈവമേ, ജനങ്ങൾ ഇത് കാണേണ്ടതിനായി, നമുക്ക് ഇത് എങ്ങനെ പറയണം?

266 ആറാം കാഹളത്തിനും, ആറാം കാഹളത്തിനിടയിൽ...ആറാം കാഹളവും ആറാം മുദ്രയും ധ്വനിക്കുന്നത് ഒരേ സമയത്താണ്. ആറാം കാഹളത്തിന്റെയും ഏഴാം കാഹളത്തിന്റെയും ഇടയിൽ, മൂല പെന്തെക്കോസ്ത് ഉപദേശത്തിലേയ്ക്ക്, മടക്കിവിളിക്കാനായി, ഒരു പ്രവാചകൻ ജാതികളുടെ ഇടയിൽ പ്രത്യക്ഷമാകുന്നു; അതുകഴിഞ്ഞ് സഭ എടുത്തുകൊള്ളപ്പെട്ടു കഴിയുമ്പോൾ, വെളിപ്പാട് 11-ലെ രണ്ടു സാക്ഷികൾ, യഹൂദരെ യേശുവിലേയ്ക്ക് തിരിക്കേണ്ടതിന്, കാഴ്ചയിൽ വരും. അവർ എല്ലാവരും പ്രവാചകന്മാരായിരിക്കും! ആമേൻ! കർത്താവിന്റെ വചനം ഖണ്ഡിക്കപ്പെടാനാകില്ല. അത് ഒരു വിഭാഗീയ സഭയായിത്തീരില്ല! നിങ്ങൾ അത് കാണുന്നോ?

267 അത് ആറാം കാഹളത്തിനും ഏഴാ കഹളത്തിനും ഇടയിലായി ഇവിടെ നിങ്ങളുടെ ബുക്കിൽ കടത്തിയിരിക്കുന്നോ എന്നു നോക്കുവിൻ, ആറാമത്തെയും ഏഴാമത്തെയും ബാധകൾക്കിടയിൽ യഹൂദരെ പുറത്തേയ്ക്ക് വരാൻ അനുവദിക്കുന്നു, ആ നൂറ്റിനാല്പത്തിനാലായിരം പേരിലേയ്ക്ക് നാം ഇവിടെ വന്നപ്പോൾ കടന്നിരുന്നു (നിങ്ങൾ അത് ഓർക്കുന്നോ?) അത് എന്തിന്റെ ഇടയിലായിരുന്നു. നിങ്ങൾ അത് ഓർക്കുന്നോ? ആറാമത്തെ മുദ്രയും, അഞ്ചാമത്തേയും ആറാമത്തേയും മുദ്രകൾക്കിടയിൽ...ആറാമത്തേയും ഏഴാമത്തേയും മുദ്രകൾക്കിടയിൽ, അവിടെ നൂറ്റിനാല്പത്തിനാലായിരം പേരെ പുറത്ത് വിളിക്കുന്ന സമയമാണ്. നിങ്ങൾ അത് ഓർക്കുന്നോ? ഇപ്പോൾ അവിടെയാണ്

നിങ്ങളുടെ കാഹളങ്ങൾ നേരെ കടന്നു വരുന്നത്, നോക്കു, പീഡനം, മാത്രമല്ല ആ കുതിരകളെയും അവിടെ അഴിച്ചു വിടുന്നു.

268 അതുകഴിഞ്ഞാൽ, അതിനിടയിൽ, അതിനുശേഷം അവിടെ ഒരു ഏഴാം സഭാകാലത്തിന്റെ ദൂതന്റെ സന്ദേശമുണ്ടായിരിക്കും, അത് പെന്തെക്കോസ്തുകളെ കുറ്റം വിധിക്കുന്നതും, സുവിശേഷം ശക്തിയോടെ പ്രദർശിപ്പിക്കുന്നതുമായിരിക്കും. യേശുവിനെ പുറത്താക്കിക്കളഞ്ഞിരിക്കുന്നു; ആരുമായി യാതൊരു സഹകരണവുമില്ല, നിരസിക്കപ്പെട്ടവനായി, പുറന്തള്ളപ്പെടുന്നു. ബൈബിൾ അപ്രകാരം പറയുന്നു. എന്തെന്നാൽ, ക്രിസ്തു നമ്മുടെ ഇടയിൽ പ്രകടമാക്കപ്പെടുന്നതാണ്, യേശു നമ്മുടെ എല്ലാവരുടേയും ഇടയിൽ, തന്റെ വചനത്തിന്റെ വിശുദ്ധിയാൽ പ്രകടമാക്കപ്പെട്ടിരിക്കുന്നു, അതിനെ സകലരേയും അറിയിക്കുന്നു. പിന്നെ അത്...

269 ഇതു എന്തെങ്കിലും കൃത്രിമമായി ഉണ്ടാക്കുന്നതല്ല കൂട്ടുകാരെ. ഇത് കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതാണ്, തിരുവചനം.

270 അതേ സമയം തന്നെ...ഇപ്പോൾ, ഈ സഭ (മണവാട്ടി) ഒരുമിച്ച് കൂട്ടപ്പെട്ടു കഴിയുന്നു, അവളെ മുകളിലേയ്ക്ക് എടുക്കുന്നു; അതാണ് ഏഴാം മുദ്രയുടെ മർമ്മം, അല്ലെങ്കിൽ ഏഴാം മുദ്ര, പോകുന്നതിന്റെ മർമ്മം. യഹൂദരന്മാരെ വിളിക്കുന്നത് ഏഴാം കാഹളത്തിന്റെ മർമ്മത്താലാണ്, അത് രണ്ടു പ്രവാചകന്മാർ, ഏലീയാവും മേശെയും, തിരികെ വരുന്നു. അവിടെയാണ് എല്ലാ പെന്തെക്കോസ്തുകളും കുഴക്കപ്പെട്ടിരിക്കുന്നത്, അവർ എന്തോ സംഭവിക്കാൻ നോക്കിക്കൊണ്ടിരിക്കുകയാണ്; സഭ പോയിക്കഴിഞ്ഞിരിക്കും. അത് യഹൂദക്കുള്ളതാണ്.

271 ഇപ്പോൾ, ആരുടെയോ മനസ്സിൽ ഇങ്ങനെ തോന്നുന്നതായി എനിക്ക് അനുഭവപ്പെടുന്നു, “അത് മോശെ ആയിരിക്കില്ല.” അതെ, അതു തന്നെ. ഇപ്പോൾ, നിങ്ങളുടെ ചിന്തകളെ എനിക്ക് അവന് പറഞ്ഞു തരാനാകും എന്നത്, നിങ്ങൾ ഓർത്തിരിക്ക. ഊഹ്-ഹാ. ഊഹ്-ഹാ. അതേ അനുഭവം എനിക്ക് ഇപ്പോഴുമുണ്ടായിക്കൊണ്ടിരിക്കുന്നു...ശരി

272 അതിൽ ഞാൻ നിങ്ങളെ ഒന്നു നേരെയാക്കട്ടെ. അത് മോശെയായിരുന്നു. എന്തെന്നാൽ, ഇവിടെയാണ് നിങ്ങളുടെ ചിന്ത. നിങ്ങൾ പറയുന്നു, അത്, “മോശെ, അത് മോശെയായിരിക്കില്ല എന്നാണ്, എന്തെന്നാൽ മോശെ മരിച്ചു.” അത് ഏലീയാവ് എന്നാണ് നിങ്ങൾ വിചാരിക്കുന്നത്. അത് ഏലീയാവ് തന്നെ, എന്നത് വാസ്തവമാണ്. അത് “ഹാനോക്കാണ്,” എന്ന് നിങ്ങൾ ചിന്തിക്കുന്നത്. നിങ്ങൾ പറയുന്നു, “മോശെ മുമ്പേ

തന്നെ മരിച്ചു." എന്നാൽ, ഓർക്കുക, അവന് തിരികെ വീണ്ടും ജീവിച്ചെഴുന്നേൽക്കാൻ കഴിയും. അവൻ ചെയ്തതാണ്. എണ്ണൂറ് വർഷങ്ങൾക്കു ശേഷം, നൂറുകണക്കിനു വർഷങ്ങൾക്കു ശേഷം, അവൻ മറുരൂപ മലയിൽ പ്രത്യക്ഷനായി. നിങ്ങൾ ചോദിക്കുന്നു, "ഒരു മനുഷ്യൻ മരിച്ചതിനു ശേഷമോ?" അതെ, സർ. ലാസർ മരിച്ചിരുന്നു; വീണ്ടും എഴുന്നേറ്റു; അതിനുശേഷം വീണ്ടും മരിച്ചു. കാണുന്നോ? കാണുന്നോ? ഊഹ്-ഹാ. ദുഷ്ടന്മാർ പോലും മരിച്ചതിനുശേഷം വീണ്ടും എഴുന്നേൽക്കും, അതിനുശേഷം രണ്ടാം മരണത്തിൽ മരിക്കും. അത് ശരിയല്ലേ? അതിനാൽ അതിനെ നിങ്ങളുടെ മനസ്സിൽ നിന്നും പുറത്താക്കുക. അത് മോശെയാണ്. ഏലീയാവും മോശെയും ചെയ്തിരുന്നതുപോലെയുള്ള ഒരു ദൈവ വേലയായിരിക്കുന്നോ എന്നു നിങ്ങൾ ശ്രദ്ധിക്കുക; ആകാശങ്ങളെ അടയ്ക്കുക, അതിന്റെ മേൽ തീ വിതറുകയും മറ്റും. അവർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് നിങ്ങൾക്കറിയാം.

273 ഇതിനെക്കുറിച്ച് ചിന്തിക്കൂ! ഇത് അവസാനമാണ് കൂട്ടരെ! ഹല്ലേലൂയാ! കർത്താവിന്റെ ആ മഹത്തായ ദിവസം അടുത്തിരിക്കുന്നു. നിങ്ങളെത്തന്നെ ഒരുമിച്ചു കൂട്ടുവിൻ. മിശിഹായുടെ ഉത്സവം; അവർ അവനെ നിരസിച്ചു കളയും, അവരുടെ മിശിഹായെന്നു അവിടെയായിരുന്നു അവർ കണ്ടുപിടിക്കും. ഇതു സംഭവിക്കുന്നതുപോലെ തന്നെ ബൈബിളിൽ പറയപ്പെട്ടിരിക്കുന്ന അസാധാരണമായ കാര്യങ്ങൾ സംഭവിക്കും.

274 വെളിപ്പാട് 11, വിളിക്കുന്നു; പെന്തെക്കോസ്ത് പാരമ്പര്യങ്ങളിൽ നിന്നും മണവാട്ടിയെ ഏഴാം സഭയുടെ ദൂതൻ വിളിക്കുന്ന അതേ വിധത്തിൽ; യഹൂദരുടെ പാരമ്പര്യങ്ങളിൽ നിന്ന് യിസ്രായേലിനെ പുറത്തേയ്ക്ക് വിളിക്കുന്നു. ഓർക്കുക, മോശെയും ഏലീയാവും, മുമ്പിലുണ്ടായിരുന്ന പ്രായശ്ചിത്തങ്ങളായ, ചെമ്മരിയാട്, ആട്ടുക്കൊറ്റൻ, കോലാട്, രക്തം, ബലികഴിക്കൽ, ഇവയിൽ നിന്നെല്ലാം, ജീവനുള്ളതും വാസ്തവുമായ ബലിയിലേയ്ക്ക്, വചനത്തിലേയ്ക്ക് വിളിക്കുക, എന്നതാണ് മോശെയുടെയും ഏലീയാവിന്റെയും മിനിസ്ട്രി.

275 അതേ കാഹളത്തിൻ കീഴിലാണ്, ഏഴാമത്തെ ദൂതന്റെ സന്ദേശം, അതു സകലതും കൃത്യമായിരിക്കുന്നു, അതേ മുദ്ര, (എന്തിലേയ്ക്ക്) ജനങ്ങളെ വിളിക്കാൻ, മണവാട്ടിയെ, പെന്തെക്കോസ്തിന്റെ ലോക പാരമ്പര്യങ്ങളിൽ നിന്ന്, വാസ്തവമായ പ്രായശ്ചിത്തത്തിലേയ്ക്ക്, വചനം, ക്രിസ്തു തന്റെ വചനത്താൽ അനുകരിക്കപ്പെട്ടുകൊണ്ട്, നമ്മുടെ ഇടയിൽ ജഡമായി തീർന്നിരിക്കുന്നു. ശാസ്ത്രം ചിത്രങ്ങളാൽ,

അത് തെളിയിച്ചിരിക്കുന്നു. ലോകമെമ്പാടുമുള്ള സഭ, അത് അറിഞ്ഞിരിക്കുന്നു. നാം അത് സുനിശ്ചിതമായി അറിഞ്ഞിരിക്കുന്നു, എന്തെന്നാൽ അവൻ അസത്യമായ ഒരു കാര്യവും നമ്മോട് കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നു പറഞ്ഞിട്ടില്ല. അവിടെ നദിക്കരയിൽ വെച്ച്, "യോഹന്നാൻ സ്നാപകൻ അയക്കപ്പെട്ടതു പോലെ, അതു പോലെയായിരിക്കും നിന്റെ സന്ദേശവും..." എന്ന് അവൻ പറഞ്ഞിരുന്നില്ലേ?

276 ഞാൻ മുകളിലേയ്ക്ക് നോക്കി, അവൾ 12 മണിയായിരിക്കുന്നു. ആ അർദ്ധ രാത്രിയുടെ സമയം ഇവിടെയാകുന്നു, നമ്മുടെ മേലാകുന്നു, കൂട്ടുകാരെ. തിരുവചനം എത്ര സമ്പൂർണ്ണമായിരിക്കുന്നു എന്നു കാണുന്നോ? പൂർണ്ണമായും, അത് എങ്ങനെ...

277 അത്, നോക്കൂ, ആ യഹൂദരെ വിളിക്കാനായി ഏതെങ്കിലും ഒരു വിഭാഗീയ സഭയല്ല പോകാൻ പോകുന്നത്. അത് രണ്ടു മനുഷ്യരായിരിക്കും, മോശെയും ഏലീയാവും, അവർ രണ്ടുപേരും പ്രവാചകന്മാരാകുന്നു.

278 ഇപ്പോൾ നോക്കൂ, ജാതികളെ, മണവാട്ടിയെ പുറത്തേയ്ക്ക്, വിളിക്കാൻ, അവൻ മലാഖി 4, അതേ കാര്യം ചെയ്യുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു.

279 അവനെ, ഏഴാം സഭയുടെ കാലത്തിൽ, സഭയിൽ നിന്നും പുറന്തള്ളിയിരിക്കുന്നു എന്നു ബൈബിൾ പറയുന്നു. അവനെ സഭയിൽ നിന്നും പുറത്തു തള്ളികളഞ്ഞിരിക്കും. അത് തീർത്തും ഇരുളായിത്തീരും...അത് എവിടെയാണ് ഇരുട്ടാക്കിക്കളയുന്നത്? അത് ഈ സഭാസംബന്ധിയായ വ്യവസ്ഥയിലേയ്ക്ക്, എക്യുമിനിക്കൽ കൗൺസിലിലേയ്ക്ക്, വേൾഡ് ചർച്ച് ഓഫ് കൗൺസിലിലേയ്ക്ക് പോകും. അവൾ...അവനെ തീർത്തും പുറത്താക്കിക്കളയും, അവന്റെ വചനം, അവർ അതുമായി യോജിക്കില്ല. അവർക്ക് അതിന് കഴിയില്ലെന്നു നിങ്ങൾക്കറിയാം. അവരുടെ കൂടെയുള്ള ചെറിയ കൂട്ടരുമായിപ്പോലും അവർക്ക് യോജിക്കാനാവില്ല, അവർക്ക് അതുമായി എങ്ങനെയാണ് യോജിക്കാനാകുക? അതിനാൽ, അവർ മൃഗത്തിന്റെ മറ്റൊരു അടയാളത്തെ എടുക്കും, ആ മൃഗത്തിലേയ്ക്കുള്ള ഒരു അടയാളം. ഓർക്കുക ബൈബിൾ അതു പറയുന്നു, "മൃഗത്തിനു ഒരു പ്രതിമ ഉണ്ടായിരിക്കും."

280 ഈ അമേരിക്കൻ ഐക്യനാടുകൾ എല്ലായിപ്പോഴും അതിന്റെ സംഖ്യ പതിമൂന്നാണ്. അത് പതിമൂന്ന് സംസ്ഥാനങ്ങളാൽ തുടങ്ങി, പതിമൂന്ന് കോളനികൾ; പതിമൂന്ന് നക്ഷത്രങ്ങൾ, പതിമൂന്ന് വരകൾ; പതിമൂന്നാം നമ്പർ, എപ്പോഴും ഒരു സ്ത്രീ. അവൾ

വെളിപ്പാട് പതിമൂന്നാം അദ്ധ്യായത്തിൽ കാഴ്ചയിൽ വരുന്നു. ആദ്യം, ഒരു കുഞ്ഞാടായിരുന്നു; വിനയം, സംസാരിക്കാനുള്ള സ്വാതന്ത്ര്യം, മതത്തിനുള്ള സ്വാതന്ത്ര്യം, മറ്റുമായി; പിന്നെ അവർ അധികാരം സ്വീകരിക്കുന്നു, മഹാസർപ്പത്തിന്റെ മുമ്പിൽ സകല അധികാരത്തോടും കൂടെ നിന്ന് സംസാരിക്കുന്നു. അത് എന്താണ്? ആ മഹാസർപ്പം എന്തായിരുന്നു? റോം. ഒരു അടയാളമുള്ളത്, നോക്കൂ, മൃഗത്തിന്റെ പ്രതിമ, ദൈവത്തിന്റെ വാസ്തവമായ സഭയ്ക്കു വിരോധമായി എഴുന്നേൽക്കുന്നു. അവരുടെ വിഭാഗീയ സഭയുടെ കീഴിൽ, ഈ ബാധ കടന്നു വരും! എന്നാൽ, അവർ അത് ചെയ്യാനായി തുടങ്ങുമ്പോഴേയ്ക്കും:

കുഞ്ഞാട് തന്റെ കാന്തയെ എന്നേയ്ക്കുമായി തൻ ചാരത്തണയ്ക്കും,
സ്വർഗ്ഗീയ സേനകളെല്ലാം കൂടിവരുമവിടെ;
ഓ, അത് ഒരു മഹനീയ കാഴ്ച, സകല വിശുദ്ധരും കറയില്ലാവെണ്മയിൽ;
യേശുവുമൊത്തവർ നിത്യവിരുന്ന് കഴിക്കും. ആമേൻ!

"വന്നു ഭക്ഷിപ്പിൻ," ഗുരു വിളിക്കുന്നു, "വന്നുഭക്ഷിപ്പിൻ." ആമേൻ!

281 നാം ജീവിച്ചുകൊണ്ടിരിക്കുന്ന ദിവസം, ആ മണിക്കൂർ! ഓടൂ, ജനങ്ങളെ, നിങ്ങളുടെ ജീവനായി ഓടൂ!

282 അവസാനിപ്പിക്കുമ്പോൾ, ഇപ്പോൾ ശ്രദ്ധിക്കൂ, ഏഴാം ദൂതനെ പോലെയുള്ള മിനിസ്ട്രി. ആ രണ്ടു സാക്ഷികൾ,...?...ഏഴു കാഹളങ്ങൾ... അഥവാ, ആറാം കാഹളം, ഏഴാം കാഹളം അവസാനിക്കു...തൊട്ടു മുമ്പ്.

283 ഇപ്പോൾ, ഓർക്കൂ, ഇതിനെ തിരികെ കൊണ്ടു വരുമെന്നു നിങ്ങളോട് ഞാൻ പറഞ്ഞിരുന്നു, "മഹാ കാഹളം." അവിടെ യെശയ്യാവിൽ, അവൻ എന്തു ചെയ്യുമെന്നാണ്, പറയപ്പെട്ടിരുന്നത്? അവൻ പറഞ്ഞു, അതിൽ..."ആ മഹാ കാഹളം ധ്വനിക്കും. ആ മഹാ കാഹളം!" ഇപ്പോൾ കാഹളങ്ങളുടെ ഉത്സവം; കാഹളങ്ങളല്ല, അവ രണ്ടെണ്ണമുണ്ട്, മോശെയും ഏലീയാവും ആ കാഹളം മുഴക്കും. എന്നാൽ, "മഹാ കാഹളനാദത്തിങ്കൽ," കീഴിൽ, കർത്താവിന്റെ വരവിൽ, യോസേഫ് തിരികെ വരുന്നു എന്ന വിളിച്ചറിയിക്കലിൽ, നോക്കൂ, സകല രാജ്യങ്ങളും യെരുശലേമിൽ ഒരുമിച്ചു കൂടും. ആമേൻ. അത് യെശായ്യാവിന്റെ പുസ്തകത്തിൽ നിങ്ങൾക്ക് കാണാനാകും. അതിൽപ്പെട്ട ഒരു അദ്ധ്യായം, അല്പ മുമ്പ്, നാം വായിച്ചതുപോലെ, അത് യെശയ്യാവ് 18:1-3 ആയിരുന്നു. മാത്രമല്ല യെശയ്യാവ് 27:12-

13, അവിടെയാണ് അവൻ കാഹളമൂതുന്നത്, ദൈവം അവളോടൊപ്പം ഉണ്ടെന്നും, യിസ്രായേൽ അവളുടെ വീട്ടിലായിരിക്കുന്നു എന്നും, ലോകം മുഴുവനും അറിയും.

284 അപ്പോൾ മണവാട്ടി മണവാളനോടൊപ്പം വരും; മണവാളൻ മണവാട്ടിയോടൊപ്പം; അതിനുശേഷം, അതിനുംശേഷം, മുഴുവൻ ലോകത്തേയും പരമാണു ഉപയോഗിച്ച് നശിപ്പിക്കും, പിന്നെ ആ മഹത്തായ ആയിരമാണ്ടു വാഴ്ച. അതുകഴിഞ്ഞ് എന്നേയ്ക്കും ജീവിക്കാനായി പുതിയ ഭൂമിയും പുതിയ ആകാശവും അവിടെ ഉണ്ടാകും.

285 നോക്കു, അതിന്റെ നേരെ കീഴിൽ...ഇപ്പോൾ ശ്രദ്ധിക്കു, മോശെയുടെയും ഏലീയാവിന്റെയും മിനിസ്ട്രി ഉണ്ടാകും...ഇപ്പോൾ, എല്ലാവർക്കും അതു കിട്ടിയോ? ഞാൻ വീണ്ടും ഒരിക്കൽകൂടി പറയട്ടെ. മോശെയുടെയും ഏലീയാവിന്റെയും മിനിസ്ട്രി ആറാമത്തേയും ഏഴാമത്തേയും കാഹളത്തിന്റെ ഇടയിലായിരിക്കും, രണ്ടു പ്രാവചകന്മാരായിരിക്കും...അവർ...യിസ്രായേൽ എപ്പോഴും അവരുടെ പ്രവാചകന്മാരെ വിശ്വസിക്കുന്നു.

286 ഇപ്പോൾ, അവൻ മനുഷ്യപുത്രനാണ് എന്നു അവരെ കാണിക്കാനായി, ഞാൻ അത് അവിടെ ചെയ്യാൻ തുടങ്ങുമ്പോൾ, "ഇപ്പോഴല്ല" എന്തുകൊണ്ട് പരിശുദ്ധാത്മാവ് എന്നോട് പറഞ്ഞത്? ഏകദേശം അഞ്ചു വർഷങ്ങൾക്കു മുമ്പ്, ഞാൻ ഇൻഡ്യയിലേയ്ക്ക് പോകാനൊരുങ്ങുമ്പോൾ, ഓർക്കുന്നോ? [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.] പറഞ്ഞു, "പോകരുത്."

287 ഞാൻ പറഞ്ഞു, "അവർ പറഞ്ഞു, 'ഇതാണ് ആ മിശിഹായെങ്കിൽ, അവൻ ഒരു പ്രവാചകന്റെ അടയാളം ചെയ്തു കാണിക്കട്ടെ. ഞങ്ങൾ പ്രവാചകന്മാരെ വിശ്വസിക്കുന്നു.'"

288 സഹോദരൻ ലെവി പെത്രസും മറ്റും എനിക്ക് ആ ബൈബിളുകൾ അയച്ചു തന്നു; ആ യഹൂദർ ഇറാനിൽ നിന്നും മറ്റെല്ലായിടങ്ങളിൽ നിന്നും, തിരികെ വന്നു, ഒരുമിച്ച് കൂടി, ഒരു രാജ്യമാകുന്ന വേളയിൽ അവർക്ക് അതിൽ നിന്നും ഒരു ദശലക്ഷം അയച്ചു കൊടുത്തു.

ഞാൻ ചിന്തിച്ചു, "ഇത് എന്റെ സമയമാണ്." ഞാൻ തയ്യാറായിരുന്നു...കായിറോ, ഈജിപ്റ്റ്.

289 അവൻ പറഞ്ഞു, "ഇപ്പോൾ അത് ചെയ്യരുത്. സമയം ആയിട്ടില്ല." അപ്പോൾ ഞാൻ വീട്ടിലേയ്ക്ക് തിരികെ പോന്നു. ഊഹ്-ഹാ. ഓ, എന്റെ!

290 മോശെയും ഏലീയാവുമാണ് വിളിക്കേണ്ടത്. പെന്തെക്കോസ്ത് ജൂബിലി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ് ഈ സമയംവരേയും ഉണ്ടായിരിക്കുന്നു. കാണുന്നോ? ഇപ്പോൾ കാഹളങ്ങളുടെ ഉത്സവം

അറിയിക്കപ്പെടാനുണ്ട്. അവിടെയുള്ള ആ ഒന്നിന് ഇവിടെയുള്ള മലാഖി 4-മായി ഒരു സംബന്ധവുമില്ല; ഒരിക്കലുമില്ല, ഒരിക്കലുമില്ല. ശ്രദ്ധിക്കു, ഇവിടെ നോക്കു, ആ മിനിസ്റ്റി മോശെയുടെയും ഏലിയാവിന്റെയും ആയിരിക്കും, യഹൂദ പാരമ്പര്യങ്ങളിൽ നിന്ന് മാറ്റി, ശ്രദ്ധിക്കു, അവർ കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന യഹൂദരുടെ പാരമ്പര്യങ്ങളിൽ നിന്ന് വിളിക്കുന്നതാണ്. പ്രവാചകന്മാർ ആയിരിക്കുന്നതിനാൽ, അവർ അത് വിശ്വസിക്കും—അവർ അവനെ വിശ്വസിക്കും, അവരെ പ്രായശ്ചിത്തത്തിന്റെ ഉത്സവത്തിനായി, ക്രിസ്തു, വിളിക്കുന്നു, അവരെ അതിനെ തിരിച്ചറിയാനായി അനുവദിക്കുന്നു. അവർ പറയും, “അവൻ വരുന്നു. അവൻ ഇവിടെ ഉണ്ടാകാൻ പോകുന്നു.” ആ യഹൂദർ ഒരുമിച്ചു കൂടുന്നു, അങ്ങനെയുള്ള കാര്യങ്ങളും മറ്റുമാണ്.

അവൻ വന്നു കഴിയുമ്പോൾ, ചോദിക്കും, “ഞാൻ ഇവിടെയാണ്.” കാണുന്നോ?

“നിനക്ക് ഈ മുറിപ്പാടുകൾ ഉണ്ടായത് എവിടെവെച്ചാണ്?”

“എന്റെ കൂട്ടുകരുടെ വീട്ടിൽവെച്ച്.”

291 ഇപ്പോൾ, ആ രണ്ടു പ്രവാചകർ ചെയ്യുന്നതുപോലെ! ഓർക്കു, മണവാട്ടിക്ക്; ഏലീയാസ്, ഏലീയാവ്, എന്നു വിളിക്കപ്പെടുന്ന ഒരു പ്രവാചകൻ ഉണ്ടാകേണ്ടതുണ്ട്, അവൻ സമ്പ്രദായങ്ങളിൽ നിന്നും, മണവാട്ടിയെ, യഹൂദരെ അവരുടെ മതാചാരങ്ങളിൽ നിന്നും ഈ പ്രവാചകന്മാരാൽ പുറത്തേയ്ക്കു വിളിക്കുന്ന ക്രമത്തിൽ, മണവാട്ടിയെ ക്രിസ്തുവിലേയ്ക്ക്, പ്രായശ്ചിത്തത്തിലേയ്ക്ക്, യഹൂദന്മാരുടെ ഏക ദൈവ മതത്തിലേയ്ക്ക്, വിളിക്കാനായി ഒരു പ്രവാചകനുണ്ടാകേണ്ടതുണ്ട്. ജാതികൾ മുമ്പേ തന്നെ പ്രായശ്ചിത്തത്തെ തിരിച്ചറിഞ്ഞിരിക്കുന്നു, എന്നാൽ അതിന് മൂല പ്രായശ്ചിത്തത്തിലേയ്ക്ക് മണവാട്ടിയെ തിരികെ വിളിക്കേണ്ടതുണ്ട്, അവിടെ ഈ (അമ്പത്) ശബ്ബത്തുകളിൽ അവർ... ഈ കഴിഞ്ഞു മറിഞ്ഞുപോയ ഏഴു ശബ്ബത്തുകളിൽ അവർ അതിൽ നിന്നും ദൂരം പോയപ്പോൾ; അവസാന കാലത്തിലേയ്ക്ക് അവരെ തിരികെ വിളിക്കുക. ആ ഏഴ്...ശ്രദ്ധിക്കു! ഏഴാം സഭയുടെ ദൂതനും, ഏഴാം കാഹളത്തിന്റെ ദൂതന്മാരും, എല്ലാവരും പ്രവാചകന്മാരാണ്. ഇപ്പോൾ, അത് ശരിതന്നെ.

നൂറ്റിനാല്പത്തിനാലായിരം പേലെ, തിരുകിക്കയറ്റുന്നു.

292 വിളിക്കുക, അത് ജാതികൾക്കുവേണ്ടിയായിരുന്നു. അത് ജാതികൾക്ക് ആരിക്കേണ്ടതുണ്ട്, ജാതികൾക്കായി തുറന്നു കൊടുക്കേണ്ടതിന്, ജാതീയ സഭയെ കാണിക്കേണ്ടതിന്, മുദ്രകൾ.

അത് നമുക്ക് എല്ലാവർക്കും അറിയാം. അത് നാം എല്ലാവരും കേട്ടുകഴിഞ്ഞു; അത് മുമ്പെ തന്നെ കഴിഞ്ഞു. നാം യേശുവിനായി കാത്തിരിക്കുകയാണ്.

293 ഇപ്പോൾ നിങ്ങൾ പറയും, “ഇപ്പോൾ, ഒരു നിമിഷം നിൽക്കു, ബ്രദർ ബ്രൺഹാം, അവരാണ് *ഇത്* ചെയ്യാൻ പോകുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്.”

294 അബ്രഹാമിനുണ്ടായ അവസാന അടയാളം...നാം മണവാട്ടി; അബ്രഹാമിന്റെ രാജകീയ സന്തതിയാണ്. വാഗ്ദത്തം ചെയ്യപ്പെട്ട ആ അടയാളം കാഴ്ചയിൽ വരുന്നതിനു മുമ്പ് അബ്രഹാം കണ്ട അവസാന അടയാളം...ആ വാഗ്ദത്ത സന്തതി വരുന്നു, എന്തായിരുന്നു? മനുഷ്യരുടെ ഹൃദയ വിചാരങ്ങളെ വിവേചിക്കാനാകുമായിരുന്ന; ദൈവം ഒരു മനുഷ്യ രൂപത്തിൽ; ഒരു മനുഷ്യൻ, ഒരു ഡസനല്ല; ഒരു മനുഷ്യൻ, അനുകരിക്കുന്നവർ എത്ര വന്നാലും ശരി. അവർക്ക് ഒന്നുണ്ടായിരുന്നു, അവൻ അവിടെ ഉണ്ടായിരുന്നവരുടെ ചിന്തകളെ വിവേചിച്ചിരുന്നു. എന്താണ്? പിന്നെ, എന്താണ് സംഭവിച്ചത്. അബ്രഹാമും സാറായും തിരികെ ചെറുപ്പക്കാരനായ പുരുഷനും ചെറുപ്പക്കാരിയായ സ്ത്രീയുമായി മാറി. അത് നമുക്ക് അറിയാം.

295 ഇപ്പോൾ, അത് നിങ്ങളെ അല്പം തടയുന്നതുപോലെ തോന്നിപ്പിക്കും എന്നെനിക്കറിയാം. എന്നാൽ ഓർക്കു, നിങ്ങൾ അതു അറിയുന്നു എന്നു ഇപ്പോൾ തന്നെ തീർച്ചയാക്കിക്കൊള്ളുവിൻ...നിങ്ങൾ *ഇങ്ങനെയല്ല* ബൈബിൾ വായിക്കുക; നിങ്ങൾ വരികൾക്കിടയിലൂടെ വായിച്ച്, ആ ചിത്രം ഉരുവായി വരുന്നതു നോക്കു.

296 ശ്രദ്ധിക്കു. സാറാ ഒരു വൃദ്ധയായ സ്ത്രീയായിരുന്നു, അങ്ങനെ ബൈബിൾ പറയുന്നു. അവൾക്ക്, അവർ...“അവളുടെ ഗർഭപാത്രം ഉണങ്ങിക്കഴിഞ്ഞിരുന്നു.” അതു ശരിയല്ലേ? “അബ്രഹാമിൽ നിന്നും ഉത്ഭവിക്കാനുണ്ടായിരുന്ന, അവനിലെ സന്തതി അവനിൽ മരിച്ചുകഴിഞ്ഞിരുന്നു.” അതു ശരിയല്ലേ?

297 ഇപ്പോൾ, ഓർക്കു, അബ്രഹാമിന്റെ സന്തതി മരിച്ചുകഴിഞ്ഞിരുന്നു. നാല്പത് വർഷം കഴിഞ്ഞ് മറ്റൊരു സ്ത്രീയിലൂടെ അവന് ഏഴ് ആൺകുട്ടികൾ ജനിച്ചു. അവൻ എന്താണ് ചെയ്തത്? അവൻ അവരുടെ ശരീരങ്ങളെ രൂപമാറ്റം ചെയ്തു.

298 ശ്രദ്ധിക്കു, അവർ ഗരാർ ദേശത്തേയ്ക്കു, വൃദ്ധരായ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഒരു പ്രയാസമേറിയ ദൂരം, അവർ അവിടെ നിന്നും മുന്നൂറു മൈലുകൾക്കപ്പുറത്തു യാത്ര ചെയ്തു.

299 സാറായ്ക്കും, അവർക്ക തമ്മിൽ കുടുംബപരമായ ബന്ധങ്ങൾ ഇല്ലായിരുന്നു. അവൾ പറഞ്ഞു, എനിക്ക്..."കുടുംബപരമായ ബന്ധങ്ങൾ അവസാനിച്ചിട്ട് ഏകദേശം ഇരുപതു വർഷങ്ങൾ കഴിഞ്ഞിരുന്നു." പറഞ്ഞു, "ഞാൻ ഒരു വൃദ്ധയായ സ്ത്രീയായിരിക്കുന്നു, മാത്രമല്ല എന്റെ യജമാനനും; യൗവ്വനക്കാരെപ്പോലെ, വീണ്ടും സുഖഭോഗമുണ്ടാകുമോ?"

അവൻ പറഞ്ഞു, "ദൈവത്തിന് കഴിയാത്തതായി എന്തെങ്കിലുമുണ്ടോ?"

300 എന്താണ് സംഭവിച്ചതെന്നു നോക്കൂ. ഉടനെതന്നെ അവൾ ഒരു പ്രേമഭാജനമായ ചെറുപ്പക്കാരി സ്ത്രീയായി മാറി. ഇവിടെ ഇത് എന്താണ് ചിത്രീകരിക്കുന്നതെന്നാൽ, അവൻ എന്താണ് അബ്രഹാമിന്റെ രാജകീയ സന്തതിയോട്, പുത്രനെ സ്വീകരിക്കാനായി വാഗ്ദത്തം ചെയ്തിരിക്കുന്നു എന്നതിന്റെ മുൻകുറിയാണ്. അവൾ തിരികെ ഒരു ചെറുപ്പക്കാരിയായ...

301 നോക്കൂ, അവർ ഗരാർ ദേശത്തേയ്ക്ക ചെന്നു. അപ്പോൾ സംഭവിച്ചതെന്താണ്? രാജാവായിരുന്ന, അബീമലേക്കിന്, അവളിൽ പ്രേമം ജനിച്ചു പറഞ്ഞു, "അവൾ സുന്ദരിയും, മനോഹരിയുമായി കഴിഞ്ഞിരിക്കുന്നു," ഞാൻ അവളെ വിവാഹം കഴിക്കാൻ പോകുന്നു. അത് ശരിയല്ലേ? വൃദ്ധയായിരുന്ന അമ്മൂമ്മ; അവിടെ ഉണ്ടായിരുന്ന എല്ലാ സുന്ദരികളായ സ്ത്രീകളെക്കാളും കോമളത്വമുള്ളവൾ. മിത്തശ്ശി, "അവൾ മനോഹരിയായിരുന്നു. അവൾ കാഴ്ചയ്ക്ക സുന്ദരിയായിരുന്നു." കാണുന്നോ?

302 ദൈവം അവളുടെ ശരീരത്തെ വ്യത്യാസപ്പെടുത്തി, അവരെ തിരികെ കൊണ്ടുപോയി. അത് മനുഷ്യപുത്രനുമൂലം, ഈ ദിവസങ്ങളിൽ വെളിപ്പെട്ട ഒരു മർമ്മമാണ്, സന്ധ്യാസമയ ദൂതിനെ, കാണുന്നോ? തിരികെ കൊണ്ടുപോകുന്നു! ശരീരം മാറ്റപ്പെടുന്നതിനു മുമ്പ്, അവർ കാണുന്ന അവസാനത്തെ അടയാളം (എന്താണ്?) ഹൃദയരഹസ്യങ്ങളെ വെളിപ്പെടുത്തുന്നു.

303 നാം പുത്രനെ സ്വാഗതം ചെയ്യുന്നതിനു മുമ്പ്, എന്താണ് സംഭവിക്കാനുള്ളത്? "ദൈവത്തിന്റെ കാഹളം ധ്വനിക്കണം; ക്രിസ്തുവിൽ മരിച്ചവർ മുമ്പേ, ഒരു പുതിയ ശരീരവുമായി; ഉയിർത്തെഴുന്നേല്ക്കും, പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം, ഒരു കണ്ണിമക്കുന്നിടയിൽ രൂപാന്തരം പ്രാപിക്കും," ഹല്ലേലൂയ്യാ! "കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ ഒരുമിച്ച് എടുക്കപ്പെടും." ആ മർമ്മം വെളിപ്പെട്ടിരിക്കുന്നു; ആ മുദ്രകളും തുറന്നു.

304 കാഹളം ധ്വനിക്കുന്നത് യിസ്രായേലിനു വേണ്ടിയാണ്; ആ രണ്ടു പ്രവാചകന്മാരും കാഴ്ചയിൽ വരാൻ തയ്യാറായിരിക്കുന്നു. അത് എന്താണ്? അവർ കാഴ്ചയിൽ വരേണ്ടതിന്, ഇപ്പോൾ തന്നെ സഭ രംഗത്തു നിന്നും നീങ്ങിപ്പോകേണ്ടതുണ്ട്. അവന് ഒരേ സമയം രണ്ടുകൂട്ടരുമായി ഇടപെടാനാകില്ല; അവൻ ഒരിക്കൽപ്പോലും ചെയ്തിട്ടില്ല. കാണുന്നോ?

305 ഓ, സഹോദരാ, ശ്രദ്ധിക്കൂ! തികച്ചും ശരിയാണ്, സമ്പ്രദായങ്ങളിൽ നിന്നും വിഭാഗീയ സഭയിൽ നിന്നും, എല്ലാവരേയും പുറത്തേയ്ക്ക് വിളിക്കാൻ വേണ്ടി. ഇപ്പോൾ നാം പെന്തെക്കോസ്ത് സഭയുടെ കാലം തികയുന്നതായി കാണുന്നു.

306 മുകളിലേയ്ക്ക് പോകാൻ, മണവാട്ടി പുറത്തേയ്ക്കുള്ള വഴിയിലേക്ക് കടന്നു വരേണ്ടതുണ്ട്; എന്നാൽ മാത്രമേ ആ രണ്ടു ദാസന്മാർക്ക്, വെളിപ്പാടിലെ, ആ രണ്ടു ദൈവത്തിന്റെ ദാസന്മാർക്കും, ആ രണ്ടു പ്രവാചകന്മാർക്ക്, രംഗത്തേയ്ക്ക് വന്ന്, അവർക്കായുള്ള ഏഴാം കാഹളത്തെ, അവർക്കു ക്രിസ്തുവിനെ വെളിപ്പെടുത്തിക്കൊടുക്കുന്ന, കാഹളം ധ്വനിപ്പിക്കാനാകൂ.

307 ഏഴാം ദൂതൻ, സന്ദേശവാഹകൻ, പറയുന്നു, "ഇതാ ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" അതല്ലാതെ, "ഇതാ എന്റെ മെഥോഡിസ്റ്റ്, എന്റെ ബാപ്റ്റിസ്റ്റ്, എന്റെ പെന്തെക്കോസ്ത്." എന്നല്ല, "വചനം, മനുഷ്യപുത്രൻ, ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്," എന്തുകൊണ്ടെന്നാൽ അവിടെ വേറൊരു അടിസ്ഥാനവുമില്ല! നിങ്ങൾ കാണുന്നോ?

308 നമുക്ക് എത്ര സമയം കൂടെ അവശേഷിച്ചിരിക്കുന്നു? യഹൂദർ അവരുടെ ദേശത്തായിരിക്കുന്നു. മണവാട്ടി വിളിക്കപ്പെട്ടു. അവൻ വാഗ്ദത്തം ചെയ്തിരുന്നത് എന്തെല്ലാമാണോ അത് സകലതും ആത്മീയമായി കൃത്യമായിരിക്കുന്നു. നാം തയ്യാറായിരിക്കുന്നു. ആ മണിക്കൂർ വന്നെത്തിയിരിക്കുന്നു.

രാജ്യങ്ങൾ തകരുന്നു, യിസ്രായേൽ ഉണരുന്നു,
ബൈബിളിൽ മുൻചൊന്ന അടയാളങ്ങൾ;
ജാതികളുടെ ദിനങ്ങൾ, പ്രയാസവും ബുദ്ധിമുട്ടുമായി, എണ്ണപ്പെട്ടിരിക്കുന്നു;
ഓ, ചിതറിപ്പോയവരെ, നിങ്ങളുടെ സ്വന്തത്തിലേയ്ക്ക് തിരികെ വരൂ,

വീണ്ടെടുപ്പിൻ നാൾ അടിത്തിരിക്കുന്നു,
മനുഷ്യ ഹൃദയങ്ങൾ ഭയത്താൽ സ്തംഭിക്കുന്നു;
ദൈവത്തിന്റെ ആത്മാവിൽ നിറയുവിൻ, നിങ്ങളുടെ വിളക്കുകളെ ശുദ്ധീകരിച്ചും എരിയിച്ചുകൊണ്ടുമിരിപ്പിൻ
ഉയരത്തിലേയ്ക്കു നോക്കു, നിങ്ങളുടെ വീണ്ടെടുപ്പ് അടുത്താണ്!

കള്ളപ്രവാചകന്മാർ കളവ് പറയുന്നു, ദൈവത്തിന്റെ സത്യത്തെ അവർ നിരാകരിക്കുന്നു
അതായത് യേശു ക്രിസ്തു നമ്മുടെ ദൈവമാണ്; (അത് ശരി)
എന്തെന്നാൽ നാം അപ്പോസ്തലന്മാർ തെളിച്ച പാതകളിൽ നടക്കുന്നു.

എന്തെന്നാൽ വീണ്ടെടുപ്പിൻ നാൾ അടുത്തിരിക്കുന്നു,
മനുഷ്യ ഹൃദയങ്ങൾ ഭയത്താൽ സ്തംഭിക്കുന്നു;
ദൈവത്തിന്റെ ആത്മാവാൽ നിറയുവിൻ, നിങ്ങളുടെ വിളക്കുകളെ ശുദ്ധീകരിച്ചും എരിയിച്ചുകൊണ്ടുമിരിപ്പിൻ (ഒരു പരീക്ഷണത്തിനു തയ്യാറാകരുത്)
ഉയരത്തിലേയ്ക്കു നോക്കു, നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തു!

309 പ്രവാചകൻ പറഞ്ഞിരിക്കുന്നു, "സന്ധ്യാസയമത്തോ പ്രകാശമാകും."

സന്ധ്യാ സമയത്തോ വെളിച്ചമുണ്ടാകും,
മഹത്വത്തിലേയ്ക്കുള്ള വഴി, നിങ്ങൾ കണ്ടുപിടിക്കും, തീർച്ച
ജലപാതയിലാണ്, ഇന്നത്തെ വെളിച്ചം,
യേശു എന്ന വിലയേറിയ നാമത്തിൽ അടക്കം ചെയ്തിരിക്കുന്നു
ചെറുപ്പക്കാരും വയസ്സുചെന്നവരുമേ, നിങ്ങളുടെ സകല പാപങ്ങളിൽ നിന്നും മനന്തിരിയുവിൻ
പരിശുദ്ധാത്മാവാ അകത്തേയ്ക്കു കടന്നു വരും എന്നു തീർച്ച,
ആ സന്ധ്യാസമയത്തെ പ്രകാശം വന്നിരിക്കുന്നു
വാസ്തവത്തിൽ ക്രിസ്തുവും ദൈവവും ഒന്നാകുന്നു.

310 നാം ഇവിടെയാകുന്നു! നാം അവസാനത്തെത്തിയിരിക്കുന്നു. ഇത് വെറും ഒരു നിസ്സാര മനുഷ്യന്റെ എന്തെങ്കിലുമല്ല. അത് കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതാണ്.

നമുക്ക് നമ്മുടെ തലകളെ വണക്കാം.

311 കൃപാലുവായ ദൈവമെ, യഹോവേ, സീനായ് മലയിൽ ഇടിമുഴക്കിയ സർവ്വശക്തനേ; അപ്പോൾ ജനങ്ങൾ നിലവിളിച്ചു, "ഞങ്ങൾ മരിക്കാതിരിക്കേണ്ടതിന്, ദൈവം സംസാരിക്കരിതെ, മോശെ സംസാരിക്കട്ടെ." മഹാനായ യഹോവെ, നീ പറഞ്ഞു, "ഞാൻ അവർക്കു വേണ്ടി ഒരു പ്രവാചകനെ കൊണ്ടുവരും. ഞാൻ ഇങ്ങനെ ഇനി ഒരുക്കലും അവരോടു സംസാരിക്കില്ല." എന്നാൽ നീ എന്തു ചെയ്യാൻ പോകുന്നു എന്നു വാഗ്ദത്തം ചെയ്തിരുന്നു, നീ അതു ചെയ്യുകയും ചെയ്തു; അതിനായി നീ കർത്താവായ യേശുവിനെ കൊണ്ടുവന്നു. അവൻ വചനമാകുന്നു. അവൻ അതായിരിക്കുമെന്നു നീ പറഞ്ഞിരുന്നു. "ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു. ആ വചനം ജഡമായിത്തീർന്നു, ഞങ്ങളുടെ ഇടയിൽ പാർത്തു."

312 അവൻ ഇവിടെ വാഗ്ദത്തം ചെയ്തിരുന്ന കാര്യങ്ങൾ, തന്റെ പ്രവാചകനായ, യോഹന്നാൻ, പത്മോസ് ദ്വീപിലായിരുന്ന നേരത്തിലൂടെ, നാം കാണുന്നു. അത് അക്ഷരീകമായി, നിറവേറുന്നതു നാം കാണുന്നു. ഇവിടെ ഭൂമിമേൽ പരിശുദ്ധാത്മാവ് നമ്മുടെ ഇടയിൽ പ്രത്യക്ഷമാക്കുന്നത് നാം കാണുന്നു, വിഭാഗീയസഭകൾ അവനെ; വചനത്തെ സഭയിൽ നിന്നും പുറന്തള്ളിക്കളയുന്നതു നാം കാണുന്നു. അവർക്കു ജനങ്ങളുമായി ഒന്നും ചെയ്യാനില്ല; അവർ വെറുക്കുന്നതു വചനത്തെയാണ്. അത് അവരുടെ സമ്പ്രദായങ്ങൾക്കു വിരുദ്ധമാണ്. നീ ഇവിടെ ഭൂമിയിലായിരുന്ന നേരത്ത്, നീ വചനമായിരുന്നു, നീ അവരുടെ സംമ്പ്രദായങ്ങൾക്കു വിരുദ്ധമായിരുന്നു, അതിനാൽ അവർ നിന്നെ അവരുടെ പള്ളികളിൽ, ഓരോന്നിൽ നിന്നും പുറത്താക്കിക്കളഞ്ഞിരുന്നു.

313 ഇപ്പോൾ, കർത്താവെ, ഒരിടത്തും, ഒരു സഹകരണവുമില്ല. സൗത്ത് ആഫ്രിക്കയിലേയ്ക്കു കടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു, അവിടെ ചില ആത്മാക്കൾ ഇപ്പോഴും കാത്തുകൊണ്ടിരിക്കുന്നു എന്നു ഞാൻ അറിയുന്നു. സകലയിടത്തും, അവർ എന്നെ നിരാകരിച്ചതുപോലെ കാണപ്പെടുന്നു, കർത്താവെ. ഞാനായതു കൊണ്ടല്ല, കർത്താവെ, അത് ഈ സന്ദേശം എന്നതിനാലാണ്. എന്നാൽ, അത് ഈ വിധത്തിൽ തന്നെയായിരിക്കും എന്നും നീ പറഞ്ഞിരുന്നു, ഞങ്ങൾ നിരാശപ്പെടാതിരിക്കാനായി നീ ഞങ്ങളെ ഇപ്രകാരം അറിയിച്ചിരിക്കുന്നു. ഞങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്ന മണിനേരത്തെ ഞങ്ങളറിയുന്നു.

314 ദൈവമേ, ഈ രാവിലെ നേരം ചൂടുകൊണ്ടു പൊള്ളുന്ന ഈ മുറിയിൽ ജനങ്ങളിരിക്കുന്നു. അവർ വളരെ നന്നായി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. അവർ ഇപ്പോൾ അതു കാണുന്നു, എന്ന് എനിക്ക് തീർച്ചയാണ്. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ, ആ കാഹളങ്ങളെ എടുക്കാനായി നീ എന്നെ അനുവദിക്കാത്തതെന്തുകൊണ്ട്, എന്നവർക്കു വെളിപ്പെടുത്തണമെ. അതിനു ഞങ്ങളുമായി യാതൊന്നും ചെയ്യാനില്ല എന്നു ഞാൻ കാണുന്നു. ആറാം കാഹളത്തിങ്കലാണ്, അവയെല്ലാം സംഭവിക്കുന്നത്, ആറാം മുദ്ര തുറന്നപ്പോൾ സംഭവിക്കുന്നതെല്ലാം ഞങ്ങൾ കണ്ടു കഴിഞ്ഞു. മണവാട്ടിയുടെയും സഭയുടേയും പൂർവ്വദർശനം രണ്ടാഴ്ചക്കു മുമ്പു ദർശനത്തിൽ ഞങ്ങൾ കണ്ടതിനെ, ഞാൻ ഇവിടെ പറഞ്ഞു. കർത്താവേ എനിക്കു നീ കാണിച്ചു തന്നതുപോലെ, ഞാൻ അതു പറഞ്ഞു. ഞങ്ങൾ ഇവിടെവരെ എത്തിയിരിക്കുന്നു. അതു ഞങ്ങൾ വിചാരിക്കുന്നതിലും മുമ്പായിരിക്കാം.

315 ഓ, പിതാവെ, ദൈവ വചനത്തിനു വിരുദ്ധമായ മതവേദതത്വ ചിന്തകന്മാരുടെ വാക്കുകളെയോ മതവേദതത്ത്വശാസ്ത്രമോ അന്ധവിശ്വാസങ്ങളോ വെച്ചുപുലർത്തുന്ന ആരെങ്കിലും ഒരാൾ ഇന്നു രാവിലെ നേരം ഇവിടെയുണ്ടെങ്കിൽ! അവർ വാസ്തവമായും ക്രിസ്തുവിനെ, വാസ്തമായ പരിശുദ്ധാത്മാവിനെ അറിയുന്നില്ല. അവർക്കു ഇന്നുവരെയും, വചനം, ഇന്നത്തെ ദിവസത്തിൽ വചനം എപ്രകാരം ആയിരിക്കും എന്ന കാര്യം വെളിപ്പെട്ടിട്ടില്ല. അവർ വെറും ഒരു പാരമ്പര്യോപദേശം മാത്രമാണ് കണ്ടിട്ടുള്ളത്. അവർ അന്ധമാക്കുന്ന ഒരു പ്രകാശത്തിലാണ് ഇന്നും ജീവിച്ചുകൊണ്ടിരിക്കുന്നത്. ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ കവർച്ച ഇംഗ്ലണ്ടിൽ, അത് ഒരു വ്യാജ വെളിച്ചത്തിൻ കീഴിലാണ് നടത്തപ്പെട്ടത്. നിന്റെ സഭയിലെ ഏറ്റവും വലിയ കവർച്ച എന്നത് അവർ യഥാർത്ഥമായ ബൈബിൾ വെളിച്ചത്തെ, ക്രിസ്തുവിനെ നിരാകരിച്ച് വിഭാഗീയ സഭയുടെ വെളിച്ചത്തെ എടുത്തു എന്നതാണ്.

316 ഓ ദൈവമെ, കരുണയുണ്ടാകണമെ! നഷ്ടമായവരെ രക്ഷിക്കേണമെ, കർത്താവെ. ദയവുചെയ്തു, യേശുവെ, ഞാൻ അല്പ നേരം മുമ്പ് അതു ചോദിച്ചിരുന്നു. ഞങ്ങൾ സ്നേഹിക്കുന്നവർ അതിലുണ്ട്. ആ പർവ്വതത്തിൽ നിന്നും ആ മഹത്തായ കല്ല് മുറിച്ചു മാറ്റാൻ അല്പം കൂടെ കാത്തിരിക്കേണമെ. കർത്താവെ, അനുവദിക്കേണമെ, നിന്നെക്കൂടാതെ ആരെങ്കിലും ഇന്നു രാവിലെ

നേരം ഇവിടെ ഉണ്ടെങ്കിൽ, മാധുര്യതയോടെ, നിന്നെ സ്വീകരിക്കാൻ, അവർ ഇപ്പോൾ തന്നെ കടന്നു വരാൻ ഇടവരട്ടെ.

317 നാം നമ്മുടെ തലകൾ കുമ്പിട്ടു നിൽക്കുമ്പോൾ, നിങ്ങൾ നിങ്ങളുടെ കൈകളെ ഉയർത്തി, "സഹോദരൻ ബ്രൺഹാം, എന്നെയും ഓർക്കേണം," എന്നു പറയുകയാണെങ്കിൽ. ഞങ്ങൾക്കു ഒരുവിധ...അൾത്താരയും മറ്റും നിറഞ്ഞിരിക്കുകയാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇത്രയും മാത്രം പറയൂ, "എന്നെയും ഓർക്കേണം." ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. വെറുതെ ഒന്നു എണ്ണുകയാണെങ്കിൽ, നൂറു കണക്കിനു കൈകൾ!

318 പിതാവാം, ദൈവമേ, എവിടെയോ ഒരു ചെറിയ നിഴലുണ്ട്. അതിനെ ദൂരത്താക്കേണം, കർത്താവെ. അവർ ഇവിടെ ഈ മുറിയിൽ ഇരിക്കുകയാണ്. അനുവദിക്കരുതെ...കഴിഞ്ഞ കാലങ്ങളിലൂടനീളം സാത്താൻ അവരുടെ കണ്ണിനെ കുരുടാക്കിയിരുന്നു, അനേക ദിവസങ്ങൾക്കു മുമ്പു അങ്ങ് ഞങ്ങളോടു ചെയ്തതുപോലെ ഒന്നു കണ്ണു ചിമ്മുന്നതുപോലെ അതിലേയ്ക്കു നോക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്നാൽ ഇപ്പോഴോ ഞങ്ങൾ എല്ലാവരും കാണേണ്ടതിന്നു നീ കാഴ്ചയിലേയ്ക്കു വിളിച്ചിരിക്കുന്നു...അവർ അന്ധരായിരുന്നു എന്നു ബൈബിൾ പറയുന്നു. അവർക്കു അതു അറിയില്ലായിരുന്നു. "നീ എന്നോട് കണ്ണിലെഴുതുന്ന ലേപനം വിലക്കു വാങ്ങാൻ ഞാൻ നിന്നോട് പറയുന്നു," ദൈവമേ, അവർ ഇന്നു രാവിലെ നേരം കാണാനാകുന്നതിനായി ആ ലേപനം അവരുടെ കണ്ണുകളിൽ പുരട്ടണമെ. അത് എളിമയിലായിരുന്നാലും ശരി, ഒരു ചെറിയ കൂട്ടം എളിയവരായ ജനങ്ങളുടെ മേൽ, എളിയവരും, വിദ്യാഭ്യാസം ഇല്ലാത്തവരുമായും, മറ്റുമായിട്ടുള്ള, എന്നിരുന്നിട്ടും, ആദി മുതൽക്കേ അതായിരുന്നല്ലോ അതിന്റെ രീതി. ഇത് അനുവദിച്ചു തരേണമെ, കർത്താവെ, അവർ ഇപ്പോൾ തന്നെ അതിനെ സ്വീകരിക്കാനായി, ഞാൻ അവരെ, അങ്ങയുടെ പുത്രനായ, യേശുവിന്റെ നാമത്തിൽ, തരുന്നു.

319 "എന്റെ വചനം കേൾക്കുന്നവൻ," എന്നു നീ പറഞ്ഞിരിക്കുന്നു കർത്താവെ. കർത്താവെ, എന്റെ അറിവിൽ അവർ ഏറ്റവും നന്നായി വചനം കേട്ടിരിക്കുന്നു. "ഞാൻ അയച്ചവനിൽ വിശ്വസിക്കുന്നവന്," വിശ്വസിക്കുന്നു എന്നു നടിക്കുന്നവനല്ല, എന്നാലോ വാസ്തവമായും വിശ്വസിക്കുന്നവന്, വചനം എന്താണോ പറയുന്നത് അത് വിശ്വസിക്കുന്നവൻ, "ന്യായവിധിയിൽ കടക്കാതെ, നിത്യജീവങ്കലേക്ക് കടന്നിരിക്കുന്നു." യോഹന്നാൻ 5:24

320 ഈ മണിനേരം മുതൽ, അവർ അങ്ങയുടേതാകുന്നു, കർത്താവെ, അനുവദിക്കേണമെ. അവരുടെ മനസ്സിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ, അതിനെ എടുത്തുമാറ്റേണമെ. ഒരു രോഗിയായ വ്യക്തി ഞങ്ങളുടെ ഇടയിൽ ഉണ്ടെങ്കിൽ, ആ മഹാൻ പരിശുദ്ധാത്മാവ്, കർത്താവെ...അത് ഇവിടെ തന്നെയാണെന്നു ഞാൻ അറിയുന്നു, മാത്രമല്ല ഹൃദയവിചാരങ്ങളെ വെളിപ്പെടുത്തി, ഈ പ്രസംഗവേദിയിൽ നിന്നുകൊണ്ടിരിക്കുന്നു. അവർക്ക് അതിനെക്കുറിച്ച് അറിയാവുന്നതാണ്. നീ അവരെ സൗഖ്യമാക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവെ, സകല ചോദ്യങ്ങളും അവസാനിപ്പിക്കേണമെ.

321 മണവാളന്റെ നാമം സ്വീകരിക്കാൻ വേണ്ടി, യേശുക്രിസ്തുവിന്റെ നാമത്തിൽ ഇതിനു മുമ്പ് ഒരിക്കൽ സ്നാനം എടുക്കാതിരിക്കുന്നവർക്ക്, സ്നാനക്കുളം തുറന്നിരിക്കുന്നു. അവർക്കു ഒരു വിഭാഗീയ സഭയുടെ, സഭാസംബന്ധിയായ ഒരെണ്ണം സ്വീകരിച്ചിരിക്കുന്നെങ്കിലോ; "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്," എന്ന സ്ഥാന നാമങ്ങളിൽ ആരും ഒരുനാളും സ്നാനമേറ്റിട്ടില്ല, അതല്ല തളിയ്ക്കപ്പെട്ടതോ; സഭാസംബന്ധിയായി, ഈ കാലത്തിലെ എതിർക്രിസ്തുവിന്റെ, മൃഗത്തിന്റെ സാദൃശ്യത്തിലെ, പ്രവർത്തന രീതിയിൽപ്പെട്ടതാണ്. കത്തോലിക്കാ സഭാ നിലവിൽ വരുന്നതുവരെ ആരും "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്," എന്നു പറഞ്ഞുകൊണ്ട് സ്നാനമേറ്റിരുന്നില്ല. മുഴുവൻ ബൈബിളിലും, ചരിത്രത്തിലുടനീളവും, അതുളവാകുന്നതിനു മുമ്പ്, അവർ യേശുക്രിസ്തുവിന്റെ നാമത്തിലാണ് സ്നാനമേറ്റിരുന്നത്.

322 ഗലാത്യർ 8:1-ൽ, പൗലൊസ് ഇങ്ങനെ പറയുന്നു, "സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതൻപോലും ഇറങ്ങി വന്ന് മറ്റൊരു സുവിശേഷം അറിയിച്ചാൽ, അവൻ ശപിക്കപ്പെട്ടവനാണ്." അപ്പോ. പ്രവൃത്തി 19-ൽ യേശുവിനെ സ്നാനം കഴിപ്പിച്ച യോഹന്നാൻ സ്നാപകനാൽ സ്നാനമേറ്റവരെ തിരികെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തിയതായി കാണുന്നു. മാത്രമല്ല പറയുന്നു, "മറ്റെന്തെങ്കിലും നിങ്ങളോടു പറയാനായി ഒരു ദൂതനെപ്പോലും അനുവദിക്കരുത്."

323 ആദി പിതാക്കന്മാരിലേയ്ക്ക് തിരികെ കൊണ്ടുപോകാൻ, ജനങ്ങളെ ആദ്യ ഫലത്തിലേയ്ക്ക് തിരികെ നയിക്കാൻ, ഈ അവസാന ദിനസങ്ങളിൽ ഒരു സന്ദേശവാഹകൻ വരുമെന്നു പറഞ്ഞിരുന്നു. ഇത് അനുവദിച്ചു തരേണമെ കർത്താവെ, ആ ആ മഹാനായ സന്ദേശവാഹകൻ, മഹാൻ ക്രിസ്തു, ഉജ്ജ്വലനായ പരിശുദ്ധാത്മാവ് ഉളവായി, മനസ്സിലാക്കി തരികയും, വചനത്തെ നമുക്ക് തുറന്നുതന്നു, അവൻ അവരെ ആദ്യ പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് തിരികെ

കൊണ്ടുപോകാൻ ഇടവരട്ടെ. പെന്തെക്കോസ്ത് നാളിൽ പത്രൊസ് പറഞ്ഞതു പോലെ, "മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി, ഓരോരുത്തൻ, യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ." അത് കത്തോലിക്കാ സഭ നിഖ്യായിൽ നിലവിൽ വരുന്നതുവരെ, ഒരോ വ്യക്തിയും അപ്രകാരമായിരുന്നു സ്നാനം ഏറ്റിരുന്നത്.

324 ദൈവമേ, ഇപ്പോൾ കൃപയരുളും. കുളം തയ്യാറായിരിക്കുന്നു; ഹൃദയങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു, കർത്താവായ യേശുവേ, കടന്നു വന്നാലും. ഞങ്ങൾ അവസാന മണിക്കൂറിൽ ആയിരിക്കുന്നു. ഒരു സാദ്ധ്യത ഉണ്ടെങ്കിൽ കർത്താവെ, ഈ അവസാന മണിക്കൂറിൽ അവർ കടന്നു വരാൻ ഇടവരട്ടെ, അത് അങ്ങനെ സംഭവിക്കുമെന്നു ഞാൻ പ്രതീക്ഷിക്കയും ആശിക്കയും ചെയ്യുന്നു. മാത്രമല്ല അകത്തായിരിക്കുന്ന ഞങ്ങൾ, ഞങ്ങളെതന്നെ ഇപ്പോൾ ശോധന ചെയ്യാൻ ഇടവരട്ടെ, കർത്താവെ, ഞങ്ങൾ കാണുകയും, തന്റെ വചനത്തിലൂടെ അവൻ സംസാരിക്കുന്നത് കേൾക്കയും ചെയ്തിരിക്കുന്നു, ഞങ്ങൾ ജീവിക്കുന്ന മണിക്കൂർ ഞങ്ങൾ അറിയുന്നു. ഇതു അനുവദിക്കേണമെ, പിതാവെ. ഞങ്ങൾ അവരെ അങ്ങയുടെ പുത്രനായി യേശുവിന്റെ നാമത്തിൽ സമർപ്പിക്കുന്നു.

325 ഇപ്പോൾ നമ്മുടെ തലകളെ വണക്കി നിൽക്കുമ്പോൾ.

മന്ദമായും അരുമയോടും കൂടെ യേശു വിളിക്കുന്നു,
യേശു നിങ്ങളെ വിളിക്കുന്നു...

***കാഹളങ്ങളുടെ ഉത്സവം*** MAL64-0719M

(The Feast Of The Trumpets)

അമേരിക്കയിലെ ജെഫേർസൺവില്ലെയിലെ ബ്രൺഹാം കൂടാരത്തിൽ വെച്ച് 1964 ജൂലായ് മാസം 19-ആം തീയതി, ഞായറാഴ്ച രാവിലെ, ബ്രദർ വില്യം മാരിയൺ ബ്രൺഹാം ചെയ്ത പ്രസംഗം, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയതിനെ, മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനു വേണ്ടി എല്ലാവിധ പ്രയത്നങ്ങളും ചെയ്ത് Voice Of God Recordings നിന്നും വിശ്വാസികളുടെ സംഭാവന മൂലം ഈ പുസ്തകം സൗജന്യമായി വിതരണം ചെയ്യുന്നു.

MALAYALAM

©2017 VGR, ALL RIGHTS RESERVED

Voice Of God Recordings, India Office
19 (New No: 28) Shenoy Road, Nungambakkam
Chennai 600 034, India
india@vgroffice.org

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.


For more information or for other available material, please contact:


Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org